
# സമ്രാട്ട് അശോകൻ



സന്ന്യാസിയായ അശോകൻ

എം. കെ. കോരൻ.

P L No 38

# സമ്രാട്ട് അശോകൻ

GOVERNMENT TRAINING SCHOOL
T. C. STATE.
KOTTAYAM

ഗ്രന്ഥകർത്താ:

എം. കെ. കോരൻ.

പ്രസാധകന്മാർ:

പി. കെ. ബ്രദേർസ്, കോഴിക്കോട്.

NATIONAL BOOK STALL
KOTTAYAM.
KALLUKULAM BAZAAR

1953] [വില 1—4—0

ഒന്നാം പതിപ്പ് കോപ്പി 1000.

(പകർപ്പവകാശം പ്രസാധകന്മാൎക്കുള്ളതാകുന്നു.)

PRINTED AT
THE PRAKASAKAUMUDI PRINTING WORKS, CALICUT.

# പ്രസ്താവന

ഭാരതത്തിൻെറ ചരിത്രത്തിൽ മൌൎയ്യകാലചരിതം തങ്കലിപികൊണ്ടു കുറിക്കത്തക്കവണ്ണം അത്രയും മഹത്ത്വമേറിയതാകുന്നു. ആ മഹിമയേറിയ കാലത്തിലെ ചരിത്രാവശേഷങ്ങളെ ഗവേഷണം ചെയ്യുമ്പോൾ കണ്ടുകിട്ടിയ കൌടില്യൻെറ അൎത്ഥശാസ്ത്രം ഏററവും പ്രശംസനീയമായ അന്നത്തെ ഭരണവ്യവസ്ഥയെ ലോകത്തിൻെറ മുമ്പാകെ കാഴ്ചവെച്ചു. അതുകണ്ടു് പാശ്ചാത്യർ അത്ഭുതപരതന്ത്രരായിച്ചമഞ്ഞു. നാഗരികതയില്ലാതെ വിദ്യാവിഹീനരായി ജീവിച്ചുപോന്നവരാണു് ഭാരതീയർ എന്നു വിശ്വസിച്ചുപോന്ന പാശ്ചാത്യലോകം ഒന്നു് അമ്പരന്നുപോയി. ഭാരതത്തിനു് ഒരു പ്രാചീനചരിത്രമുണ്ടെന്നു് അപ്പോഴാണു് അവൎക്കു് ബോധപ്പെട്ടതു്.

അനന്തരം ചരിത്രാന്വേഷികളായ പാശ്ചാത്യർ പല പ്രാചീനഗ്രന്ഥങ്ങൾ തേടിയും ചരിത്രവസ്തുക്കൾ പരിശോധിച്ചും വിദേശികളുടെ യാത്രക്കുറിപ്പുകൾ സംഗ്രഹിച്ചും പ്രാചീനഭാരതത്തെപ്പററി പഠിക്കുവാൻ പലവഴിക്കും പരിശ്രമിച്ചുതുടങ്ങി. അവൎക്കു് ഏതുരാജ്യത്തിലേയും ചരിത്രമറിയുന്നതിന്നും അതിൽനിന്നു സാരമായ പാഠങ്ങൾ പഠിക്കുന്നതിന്നും അത്രത്തോളം ശ്രദ്ധയുണ്ടു്. എന്നാൽ നമ്മുടെയിടയിൽ നമ്മുടെ പൂൎവ്വചരിത്രത്തെപ്പററി അറിയണമെന്നു് ആഗ്രഹമുള്ളവർ എത്രപേരുണ്ടു്! പാശ്ചാത്യരുടെ നാനാവിധമായ അഭിവൃദ്ധിക്കും നമ്മുടെ ദൈനംദിനമായ അധഃപതനത്തിന്നും ഒരു പ്രധാനകാരണം ഇത്തരം വിഷയങ്ങളിൽ നമുക്കുള്ള അശ്രദ്ധയായിരിക്കയില്ലേ!

അങ്ങിനെ സമ്രാട്ടശോകൻെറയും ചന്ദ്രഗുപ്തചക്രവൎത്തിയുടേയും കാലത്തിലെ സ്ഥിതിഗതികൾ ഇപ്പോൾ

കുറച്ചൊക്കെ വെളിപ്പെട്ടുതുടങ്ങി. അശോകനെപ്പോലെ മഹാനായ മററൊരുസാർവ്വഭൌമൻ വിശാലമായ ഈ ഭൂമണ്ഡലത്തിൽ ഇതേവരെ ഉദയംചെയ്തിട്ടില്ലെന്ന് അറിയപ്പെട്ടേടത്തോളം സംഗതികൾകൊണ്ട് നിർമ്മത്സരബുദ്ധികളായ സുപ്രസിദ്ധചരിത്രകാരന്മാർ ഇപ്പോൾ സമ്മതിച്ചുകഴിഞ്ഞിട്ടുണ്ട്. ഭാരതത്തിൻെറ പ്രാചീനചരിത്രത്തിൽ പല ചക്രവർത്തിമാരുടെയും കഥ നമുക്കു കാണാം. പക്ഷെ അവരാരുംതന്നെ ഇത്രയും വിസ്തീർണ്ണമായ ഒരു സാമ്രാജ്യത്തിൻെറ ആധിപത്യം വഹിച്ചതായി ചരിത്രംകൊണ്ടറിയുന്നില്ല. മാത്രമല്ല ശാന്തിയുടെ മഹാസന്ദേശം വഹിച്ചുകൊണ്ട് പരിശുദ്ധസന്ന്യാസിയായി അഹിംസാവ്രതനിഷ്ഠയോടെ വിശ്വോത്തരങ്ങളായ മോഹനധർമ്മതത്വങ്ങളെ നാനാരാജ്യങ്ങളിലും സ്വസാമ്രാജ്യത്തിലും വിശിഷ്യ വിദൂരസ്ഥലങ്ങളായ വിദേശ ദേശങ്ങളിലും പ്രചരിപ്പിച്ച മഹാനുഭാവനായ ഒരു ചക്രവർത്തിയെ നാം ഒരിടത്തും കാണുന്നില്ല. ഇത്രയും സമുന്നതസ്ഥാനത്തിൽ പരിലസിക്കുന്ന വിശ്വസമ്രാട്ടായ അശോകൻെറ പാവനചരിതത്തെ സ്പർശിച്ചുകൊണ്ട് ഈ ഗ്രന്ഥനിർമ്മിതി ചെയ്യുന്നതിൽ ഞാൻ അഭിമാനം കൊള്ളുന്നു. ഈ പരിശ്രമത്തിൽ ഹിന്ദിയിലും ഇംഗ്ലീഷിലുമുള്ള പല പ്രാചീനചരിത്രഗ്രന്ഥങ്ങൾ എനിക്കു സഹായകമായിത്തീർന്നിട്ടുണ്ട്. അവ വീശിയ വെളിച്ചത്തിലാണ് എൻെറ തൂലിക ചലിച്ചിട്ടുള്ളത്. എൻെറ ഈ പരിശ്രമംമൂലം കേരളീയജനവിഭാഗത്തിൽ ചുരുക്കംപേർക്കെങ്കിലും വല്ലതും ഗ്രഹിക്കുവാൻ സംഗതിയാകുമെങ്കിൽ ഞാൻ അതീവ കൃതാർത്ഥനാകും. കേരളഭാഷാപ്രണയികൾക്ക് എൻെറ വിനീതമായ കൂപ്പുകൈ!

കോഴിക്കോട്
31-3-53

ഗ്രന്ഥകർത്താവ്.

# വിഷയസൂചി


| അദ്ധ്യായം | വിഷയവിവരം | ഭാഗം |
|---|---|---|
| 1. | പ്രാരംഭം | 1 |
| 2. | കലിംഗയുദ്ധവും അശോകന്റെ പശ്ചാത്താപവും | 5 |
| 3. | ബുദ്ധധർമ്മഗ്രഹണവും ധർമ്മപ്രചാരണവും | 11 |
| 4. | അശോകസാമ്രാജ്യം | 25 |
| 5. | മൌര്യകാല ഭരണപദ്ധതി | 31 |
| 6. | അന്നത്തെ നാഗരികത | 53 |
| 7. | സാമുദായികസ്ഥിതിയും ജീവിതരീതിയും | 58 |
| 8. | പ്രാചീന ശില്പകല | 70 |
| 9. | അശോകന്റെ ധർമ്മലേഖകൾ | 89 |
| 10. | ഉപസംഹാരം | 110 |

# സമ്രാട്ട് അശോകൻ

## ഒന്നാം അദ്ധ്യായം

### പ്രാരംഭം

വിശ്വവിജയിയായ അലക്സാണ്ടർ ഭാരതത്തെ ആക്രമിച്ചതിൻെറ ഫലമായി (ബി. സി. 327ൽ) തക്ഷശില ഉൾപ്പെടെയുള്ള പശ്ചിമോത്തരഭാരതം യവനന്മാരുടെ അധീനതയിൽപെട്ടുപോയിരുന്നുവല്ലോ. ആ ദേശവിഭാഗത്തെ യവനന്മാരിൽനിന്ന് വീണ്ടെടുത്തു ഭാരതത്തിൻെറ അതിർത്തി ഹിന്ദുക്കുശ് പർവ്വതനിരകളോളം നീട്ടിയ അത്ഭുതപരാക്രമിയും മൌര്യസാമ്രാജ്യസ്ഥാപകനുമായ ചന്ദ്രഗുപ്തൻ ആയിരുന്നു സമ്രാട്ട് അശോകൻെറ പിതാമഹൻ. മഗധാധിപനായ ആ രാജാവ് തൻെറ ഭരണനൈപുണിയാൽ അചിരേണ ഭാരതചക്രവർത്തിയായി പേരും പെരുമയും ആർജ്ജിച്ചു.

പ്രാചീനകാലത്തിൽ മാതാവിൻെറയോ അഥവാ മാതൃഗോത്രത്തിൻെറയോ പേരോടുകൂടി പുത്രനെ വിളിക്കുന്ന സമ്പ്രദായം നിലവിലുണ്ടായിരുന്നുവെന്ന് പല പുരാണങ്ങൾവഴി നമുക്കറിയാം. പാണ്ഡവന്മാരെ കൌന്തേയരെന്നും കുന്തീപുത്രരെന്നും വിളിക്കുന്നതു് ഇതിന്നൊരു ഉത്തമദൃഷ്ടാന്തവുമാണല്ലോ. മഗധയുടെ ആധിപത്യംവഹിച്ച നന്ദവംശത്തിലെ അന്തിമരാജാവായ ധീനനന്ദനു് മുരാ എന്ന രാജ്ഞി (ദാസി) യിൽ ജനിച്ച ചന്ദ്രഗുപ്തനാൽ സ്ഥാപിതമായ രാജവംശം മാതൃനാമേന മൌര്യവംശമായിപ്പരിണമിച്ചു.

ആ മൌൎയ്യവംശത്തിലെ ദ്വിതീയചക്രവൎത്തി ചന്ദ്രഗുപ്തൻെറ പുത്രനായ ബിന്ദുസാരൻ ആയിരുന്നു. തൻെറ പിതാവിൻെറ സാമ്രാജ്യത്തെ പ്രബലപ്പെടുത്തുന്നതിലും അദ്ദേഹത്തിൻെറ സൽക്കീൎത്തിയെ പുലൎത്തുന്നതിലും ബിന്ദുസാരൻ തികച്ചും വിജയിച്ചിട്ടുണ്ട്. എന്നാൽ മൌൎയ്യസാമ്രാജ്യനഭോമണ്ഡലത്തിലെ ഭദ്രദീപമായി പ്രശോഭിക്കുന്നതു ബിന്ദുസാരൻെറ പുത്രനായ അശോകൻ (അശോകവൎദ്ധനൻ) ആണെന്നുള്ളതു് നിസ്തൎക്കമായ വാസ്തവമാകുന്നു.

ബിന്ദുസാരൻെറ വാഴ്ച്ചക്കാലത്തിൽ തൻെറ സീമന്തപുത്രനായ അശോകൻ ആദ്യം പശ്ചിമോത്തരഭാരതത്തിലും പിന്നെ മദ്ധ്യഭാരതത്തിലും രാജപ്രതിനിധി (വൈസ്രോയി) ആയി പ്രശസ്തമായ രീതിയിൽ ഭരണം നടത്തീട്ടുണ്ട്. പശ്ചിമോത്തരഭാരതത്തിലെ രാജധാനി തക്ഷശിലയിലും മദ്ധ്യഭാരതത്തിലേതു് ഉജ്ജയിനിയിലുമാണു് സ്ഥിതിചെയ്തതു്. പുരാണപ്രസിദ്ധിപൂണ്ട ഈ നഗരങ്ങളിലെ വാസം കാരണമായി യുവാവായ അശോകനു രാജനീതിപരമായും സാംസ്കാരികമായും പലപല സംഗതികൾ പഠിക്കുന്നതിന്നു സാധിച്ചിരിക്കണം.

അശോകൻ ഉജ്ജയിനിയിലെ ഉപരാജാവായ കാലത്തിലാണു് (ബി. സി. 273ൽ) ബിന്ദുസാരചക്രവൎത്തിയുടെ ദേഹവിയോഗം സംഭവിച്ചതു്. തുടൎന്നു് അശോകൻ ഭാരതചക്രവൎത്തിയായി വാണിരിക്കാം. പക്ഷെ പട്ടാഭിഷേകമഹോത്സവം നടന്നതു് നാലുകൊല്ലം കഴിഞ്ഞിട്ട് (ബി. സി. 269ൽ) ആകയാൽ ഈ വിളംബത്തിന്നുള്ള കാരണങ്ങൾ പലതും പറഞ്ഞുവരുന്നുണ്ട്.

അശോകന്നു് സുസീമൻ (സുമനൻ) എന്നു പേരായി ഒരു പിതൃവ്യജ്യേഷ്ഠസഹോദരൻ ഉണ്ടായിരുന്നതായും

ബിന്ദുസാരൻെറ മരണാനന്തരം സിംഹാസനം കരസ്ഥമാക്കുവാൻ സുമനൻ ഉദ്യമിച്ചതായും ഒരു കഥയിൽ പറയുന്നു. ഈ കയ്യേററത്തെ തടയുവാൻ അശോകനു യുദ്ധം ചെയ്യേണ്ടതായി വന്നുവെന്നും സുമനനെ കീഴടക്കി തൻെറ രാജ്യത്തിലെ സ്ഥിതിഗതികൾ ശാന്തമായതിൻെറ ശേഷമാണ് അഭിഷേകമഹോത്സവം കൊണ്ടാടിയതെന്നും ആ കഥയിൽ കാണുന്നു. പ്രാചീനകാലത്തിൽ ഇത്തരം സംഭവങ്ങൾ അപൂർവ്വങ്ങളല്ലായിരുന്നതുകൊണ്ട് ഇക്കഥ ഒരു പക്ഷെ വാസ്തവമായെന്നു വരാം. സഞ്ചാരസൌകര്യങ്ങൾ വളരെ കുറവായ അക്കാലത്ത് വിദൂരയാത്രയ്ക്ക് അധികകാലം വേണ്ടതായി വരികയാലും അഭിഷേകമഹോത്സവത്തിൽ സംബന്ധിക്കാൻ അധീനസ്ഥരാജ്യങ്ങളിൽനിന്നും വിദൂരസ്ഥിതങ്ങളായ വിദേശങ്ങളിൽനിന്നും രാജപ്രതിനിധികൾ എത്തിയിരുന്നതുകൊണ്ടും അഭിഷേകത്തിനു കാലവിളംബം നേരിട്ടുവെന്നും വരാമല്ലൊ.

ബുദ്ധമതത്തിൽ വിശ്വസിക്കുന്നതിനുമുമ്പ് അശോകൻ മഹാനിഷ്ഠുരനും ദുരാചാരിയും രാക്ഷസസദൃശനും ആയിരുന്നുവെന്ന് ബൌദ്ധരുടെ മഹാവംശചരിത്രത്തിലും മററുചില കഥകളിലും കാണാം. ബിന്ദുസാരന്ന് തൻെറ 16 രാജ്ഞിമാരിൽ ആകെ 101 പുത്രന്മാർ ഉണ്ടായിരുന്നതായും അവരിൽ ഏററവും എളയവനായ തിഷ്യനെമാത്രം ഒഴിവാക്കി മററു 99 സഹോദരന്മാരേയും അശോകൻ വധിച്ചതായും ഈ കഥകളിൽ പറയുന്നു. ഇങ്ങിനെ നിണപ്പുഴ ഒഴുക്കീട്ടാണുപോൽ അശോകൻ സിംഹാസനത്തിലേറിയത്. ഇത്രയും ക്രൂരനായ അശോകൻ ബുദ്ധധർമ്മത്തിൻെറ അലൌകികപ്രഭാവത്താൽ മാനസാന്തരപ്പെട്ട് സദാചാരിയും അഹിംസാനിഷ്ഠനും അത്ഭുതശാന്തിപ്രിയനും ആയിത്തീർന്നുവെന്നു ചിത്രീകരിക്കുകയാണ് ആ കഥകളിൽ ചെയ്തിട്ടുള്ളത്.

പ്രാമാണികരായ ചരിത്രകാരന്മാരൊന്നും ഈ കഥയെ സ്വീകരിച്ചിട്ടില്ല. മനുഷ്യസ്വഭാവത്തിനു മാററം വരുന്നതു സാധാരണമാകുന്നു. പക്ഷെ തികഞ്ഞ പൈശാചികവൃത്തിയിൽ ആസക്തനായ ഒരാറം പെട്ടെന്നു സദ്വൃത്തനായി മാറുന്നത് സ്വാഭാവികമല്ല. ഈ മാററം ക്രമേണ സംഭവിച്ചെന്നു വരാം. എന്നാൽ അതിന്നും ഒരതിർത്തിയുണ്ട്. അശോകൻെറ വാഴ്ച്ക്കാലത്തിൻെറ മദ്ധ്യദശയിലും അദ്ദേഹത്തിൻെറ സഹോദരീസഹോദരന്മാർ ജീവിച്ചിരുന്നതായി ശിലാലേഖകളിൽനിന്നും മററും വേണ്ടത്ര തെളിവുകറം കിട്ടിയിരിക്കുന്നു. ചക്രവർത്തി തൻെറ രാജ്യാഭിഷേകം കഴിഞ്ഞ 13-ാമത്തെ വർഷത്തിൽ പ്രസിദ്ധപ്പെടുത്തിയ പഞ്ചമശിലാലേഖയിൽ അദ്ദേഹത്തിൻെറ സഹോദരന്മാരുടേയും സഹോദരികളുടേയും ഹിതത്തിന്നും സുഖത്തിന്നും അവരുടെ ധർമ്മയുക്തമായ രക്ഷക്കുംവേണ്ടി, അവർ പാർത്തുവരുന്ന അന്തഃപുരങ്ങളിൽ ധർമ്മമഹാമാത്രന്മാരെ നിയമിച്ചതായി പറയുന്ന സ്ഥിതിക്കും അവരെയെല്ലാം ആദ്യംതന്നെ സംഹരിച്ചുകളഞ്ഞു എന്നു കാണുന്ന കഥ എങ്ങിനെ വിശ്വസിക്കാം.

(ഏ. ഡി) അഞ്ചാം നൂററാണ്ടിൻെറ തുടക്കത്തിൽ ഇവിടെ പര്യടനം ചെയ്ത ഫാഹിയാനും. ഏഴാം നൂററാണ്ടിൽ ഭാരതത്തിൽ സർവ്വത്ര സഞ്ചരിച്ച ഹ്യയെൻസാങ്ങും അവരുടെ സഞ്ചാരക്കുറിപ്പുകളിൽ അശോകൻെറ സഹോദരനായ മഹിന്ദ (മഹേന്ദ്ര) നേപ്പററി പറയുന്നുണ്ട്. ബുദ്ധമതകേന്ദ്രമായ പാടലിപുത്രത്തിലും കാഞ്ചിപുരത്തും ഇന്ത്യയിൽ മററു പലേടത്തും പ്രചരിച്ചിരുന്ന പല കഥകളും മഹിന്ദനെ അശോകസഹോദരനായിത്തന്നെ വർണ്ണിക്കുന്നു. ഒരു ബുദ്ധസന്യാസിയായി തൻെറ ജീവി

തത്തെ ലോകസേവനത്തിന്നായി സമപ്പിച്ച ഈ സഹോദരനെയാണ് അശോകൻ ധമ്മപ്രചരണാത്ഥം ലങ്കയിലേക്കയച്ചതും. എന്നാൽ ബൌദ്ധരുടെ മഹാവംശചരിത്രത്തിലും ചില ഐതിഹകഥകളിലും ഇദ്ദേഹത്തെ അശോകപുത്രനായിട്ടാണ് പറഞ്ഞുകാണുന്നതു.

അശോകന് അസന്ധിമിത്രാ എന്നും കാരുവകീ എന്നും പേരായി രണ്ടു പട്ടമഹഷിമാർ ഉണ്ടായിരുന്നു. ഇവരിൽ കാരുവകിയേയും അവളുടെ പുത്രനായ തീവരനേയും സംബന്ധിച്ച ഒരു സ്തംഭലേഖതന്നെ കാണാം. കൂടാതെ കുണാലൻ, ജോലൂകൻ, വീരസേനൻ മുതലായ വേറെ പുത്രന്മാരും അശോകനുണ്ടായതായി ചില പുരാണങ്ങളിൽനിന്നറിയുന്നു. തക്ഷശില, ഉജ്ജയിനി, തോശാലി, സുവണ്ണഗിരി എന്നീ തലസ്ഥാനങ്ങളിൽ അശോകൻെറ വാഴ്ചക്കാലത്തിൽ തൻെറ പുത്രന്മാർ ഉപരാജാക്കന്മാരായി ഭരണം നടത്തിവന്നതായും കാണുന്നുണ്ട്.

## രണ്ടാംഅദ്ധ്യായം

### കലിംഗയുദ്ധവും അശോകൻെറ പശ്ചാത്താപവും

അശോകചക്രവത്തിയുടെ പട്ടാഭിഷേകം കഴിഞ്ഞു് 8 വർഷമായി. ഇപ്പോഠം മൌയ്യസാമ്രാജ്യം ഹിന്ദുക്കുശ് പവ്വതനിരകഠം തുടങ്ങി തെക്ക് മൈസൂർവരെ നീണ്ടുകിടന്നു. പൂവ്വതീരത്തിൽ ഗോദാവരിയുടെയും മഹാനദിയുടെയും ഇടയിൽ സ്ഥിതിചെയ്ത കലിംഗരാജ്യം മാത്രം അശോകനു സ്വാധീനമാകാതെ വിട്ടുനിന്നു. ദക്ഷിണദേശത്തിലേക്കുള്ള ഒരു പ്രധാനവ്യാപാരമാഗ്ഗവും കലിം

ഗദേശത്തിന്റെ അധീനതയിലായിരുന്നു. തന്റെ വിസ്തീർണ്ണമായ സാമ്രാജ്യത്തിന്റെ ഭദ്രതക്ക് കലിംഗദേശത്തിന്റെ ഈ നില അപായകരമാണെന്നു തോന്നുകയാൽ അശോകൻ (ബി. സി. 261ൽ) കലിംഗരാജ്യത്തെ ആക്രമിച്ചു. പുരാണപ്രസിദ്ധമായ ആ ദേശം ഇതുവരെ യാതൊരു വിദേശശക്തിക്കും വഴിപ്പെട്ടിരുന്നില്ല. ധീരരായ കലിംഗർ വീറോടെ പൊരുതി. അതിഭയങ്കരമായ സമരകോലാഹലങ്ങൾ മുഴങ്ങി. ഒടുക്കം ഗത്യന്തരമില്ലാതെ കലിംഗരാജ്യം കീഴടങ്ങേണ്ടതായുംവന്നു.

ആ യുദ്ധരംഗത്തിൽ കണ്ട ദാരുണമായ കാഴ്ചകൾ അശോകന്റെ ഹൃദയത്തെ കഠിനമായി വ്രണപ്പെടുത്തി. ഈ വ്രണം അഗാധമായ പശ്ചാത്താപമായി മാറി. അതിന്റെ ഒരു പ്രതിദ്ധ്വനി ചക്രവർത്തിയുടെ 13-ാം ശിലാശാസനത്തിൽ (ബി: സി. 257ൽ) കേൾക്കുന്നതിന്നും സംഗതിയായി. ആ ശിലാലേഖയിലും മററു ശാസനങ്ങളിലും "ദേവാനാം പ്രിയഃപ്രിയദർശി" എന്ന അപരനാമം അഥവാ പദവി മൗര്യരാജാവു സ്വീകരിച്ചതായി കാണാം. ആ ശിലാലേഖയുടെ സാരമാണ് താഴെ കൊടുക്കുന്നതു്:—

"പട്ടാഭിഷേകം കഴിഞ്ഞു് എട്ടു വർഷം ചെന്നപ്പോൾ ദേവാനാം പ്രിയ: പ്രിയദർശിരാജാവു കലിംഗദേശത്തെ കീഴടക്കി. ആ യുദ്ധത്തിൽ ഒന്നരലക്ഷം ആളുകൾ ബന്ധനസ്ഥരായി; ഒരു ലക്ഷം പടയാളികൾ നിഗ്രഹിക്കപ്പെട്ടു; അതിന്റെ എത്രയോ ഇരട്ടി ജനങ്ങൾ (പകർച്ചവ്യാധിയാലും മററും) മരണമടയുകയും ചെയ്തു. കലിംഗയുദ്ധ

ത്തിൻെറ ശേഷം പ്രിയദശി സത്യധമ്മ (ബുദ്ധധമ്മ)ത്തെ സംരക്ഷിക്കുകയും അതിൽ പ്രതിപത്തിയുള്ളവനായി ആ ധമ്മപ്രചരണം ആരംഭിക്കയും ചെയ്തു. ആ യുദ്ധത്തിൽ പ്രിയദശിക്കു പശ്ചാത്താപമുണ്ടായി. കാരണം, അതുവരെ അന്യരാൽ ജയിക്കപ്പെടാത്ത ഒരു രാജ്യത്തെ അധീനമാക്കുമ്പോഠം വധം, മരണം, സ്വാതന്ത്ര്യഹാനി മുതലായവ അവശ്യം സംഭവിക്കുമല്ലൊ.

മററൊരു കാരണത്താൽ പ്രിയദശിക്ക് ഇതിലും കൂടുതലായി മനസ്താപമുണ്ട്. അതായത്, ഇപ്രകാരമുള്ള ഒരു രാജ്യത്തിൽ ബ്രാഹ്മണർ, സന്യാസിമാർ, അന്യമതസ്ഥർ, ഗ്രഹസ്ഥന്മാർ മുതലായവരും മുതിന്നവരിലും മാതാപിതാക്കളിലും ഗുരുജനങ്ങളിലും ആദരവുള്ളവരും മിത്രങ്ങഠം, പരിചിതന്മാർ, സംബന്ധികഠം, സേവകന്മാർ, ഭൃത്യന്മാർ മുതലായവരോട് യഥാവിധി പെരുമാറുന്നവരുമായി അസംഖ്യം സജ്ജനങ്ങഠം വസിക്കുന്നുണ്ടായിരിക്കും. ആ രാജ്യത്തിൽ പാൎത്തുവരുന്ന ഇത്തരക്കാക്കു യുദ്ധം നിമിത്തം വിനാശം, വധം, പ്രിയജനവിയോഗം മുതലായ ദുരിതങ്ങഠം വന്നുചേരുന്നു. തങ്ങളുടെ സ്വന്തനില സുരക്ഷിതമാണെന്നിരുന്നാലും അവരുടെ മിത്രങ്ങളോ, പരിചിതന്മാരൊ, സേവകന്മാരൊ, ബന്ധുക്കളൊ ആപത്തിൽ പെടുന്നുവെങ്കിൽ അവരോടുള്ള സ്നേഹം കാരണമായി ഇവരും കഠിനദുഃഖത്തിൽ അകപ്പെടുന്നു. ഏവംവിധമായ ആപത്തുകഠം അവിടേയുള്ള ഓരോ വ്യക്തിയേയും പ്രായേണ ബാധിക്കുന്നുമുണ്ട്. ഈ സാൎവ്വത്രികമായ കഷ്ടതകഠം രാജാവിനെ വിശേഷിച്ചും വേദനിപ്പിക്കുന്നു.

അന്ന് കലിംഗയുദ്ധത്തിൽ വധിക്കപ്പെടുകയോ മരണപ്പെടുകയോ ബന്ധിക്കപ്പെടുകയോ ചെയ്തിട്ടുള്ള ജന

ങ്ങളുടെ ഒരു ശതാംശമോ സഹസ്രാംശമോ ആയ നാശം കൂടി ഇന്ന് പ്രിയദശിക്ക് വലുതായ ദുഃഖഹേതുവാകുന്നു. ഇന്ന് വല്ലവനും തന്നോട്ട് അപരാധംചെയ്താൽക്കൂടിയും ആ കുററം വല്ലവിധേനയും ക്ഷന്തവ്യമാണെങ്കിൽ താൻ അവനു മാപ്പുനൽകും.

തൻെറ രാജ്യത്തിൽ പാക്കുന്ന അപരിഷ്കൃതരായ കാട്ടുമനുഷ്യരെയും രാജാവു് ദയാപുരസ്സരമാണ് വീക്ഷിക്കുന്നതു്. അവരെ ശരിയായ മാൎഗ്ഗത്തിൽ കൊണ്ടുവരുന്നതിനു് പ്രിയദശി പരിശ്രമിക്കുന്നു. ശിക്ഷയിൽനിന്നു രക്ഷനേടേണമെങ്കിൽ ദുഷ്കൎമ്മം ചെയ്യാതിരിക്കുക. എന്തുകൊണ്ടെന്നാൽ ജീവനുള്ളവരെല്ലാം സുരക്ഷിതരാവട്ടെ; അവരിൽ സഹനശീലവും ശാന്തിയും സന്തോഷവും ഉണ്ടാവട്ടെ; എന്നത്രേ പ്രിയദശി ആകാംക്ഷിക്കുന്നതു്.

പ്രിയദശിയുടെ അഭിപ്രായത്തിൽ ധമ്മവിജയമാണ് ഈ ലോകത്തിൽ സത്യമായ വിജയം. തൻെറ സാമ്രാജ്യത്തിലും 600 യോജനയോളം വിസ്തീണ്ണമുള്ള സമീപസ്ഥദേശങ്ങളിലും താൻ ഈ ധമ്മവിജയം സാധിച്ചിരിക്കുന്നു. അന്തിയോക്കസ് വാഴുന്ന സിറിയാരാജ്യത്തിലും അതിനും അപ്പുറം ടോളമി, ആൻറിഗോണസ്, മാഗാസ്, അലക്സന്ദർ എന്നീ നാലുരാജാക്കന്മാർ ഭരിച്ചുവരുന്ന (മിശ്രദേശം, മാസിഡോണിയ, സൈറീനിയ എപ്പിറസ്)എന്നീ രാജ്യങ്ങളിലും സാമ്രാജ്യത്തിൻെറ തെക്കേ അററത്തു സ്ഥിതിചെയ്യുന്ന ചോള പാണ്ഡ്യ സിംഹളദേശങ്ങളിലും അതുപോലെതന്നെ യവനർ, കാംദോജർ, നാഭാകർ, ഭോജർ, പിത്തേനിയർ, ആന്ധ്രർ, പുളിന്ദർ മുതലായവർ വസിക്കുന്ന എല്ലാ ദേശങ്ങളിലും ഈ ധമ്മവിജയം ഉണ്ടായിട്ടുണ്ടു്.

തൻെറ ദൂതന്മാൎക്കു എത്താൻ കഴിഞ്ഞിട്ടില്ലാത്ത സ്ഥലങ്ങളിൽപ്പോലും തൻെറ ധൎമ്മാചരണവിധികളെ കേട്ടറിഞ്ഞു ജനങ്ങൾ തദനുസാരം പ്രവൎത്തിച്ചുപോരുന്നതായി അറിയുന്നു. മേലിലും അവർ അങ്ങനെ ചെയ്യുമെന്നു താൻ ആശിക്കുന്നു. ഇപ്രകാരം കൈവന്നിരിക്കുന്ന ഈ ധൎമ്മവിജയം ആനന്ദദസന്ദായകമാണു്. ഈ ലോകത്തിലെ ആനന്ദമോ വെറും ക്ഷണികവും. പാരത്രികമായ ആനന്ദമത്രേ കാമ്യമായിട്ടുള്ളതു്.

യാതൊരു പുതിയ രാജ്യത്തേയും കീഴടക്കുന്നതിന്നു തൻെറ ശേഷം പുത്രപൌത്രപ്രപൌത്രന്മാർ പരിശ്രമിച്ചു പോകരുതു്; അഥവാ വല്ല സംഗതിവശാലും ഒരു പുതിയ രാജ്യത്തെ ജയിക്കേണ്ടതായിവരുന്നപക്ഷം ആ കാൎയ്യത്തിൽ വളരെ ശാന്തിയോടും വിനയത്തോടുംകൂടി വൎത്തിക്കേണമെന്നും പ്രിയദർശി നിർദ്ദേശിക്കുന്നു. എന്തുകൊണ്ടെന്നാൽ ധൎമ്മവിജയമാണു് സത്യമായ വിജയം. അതു് ഇഹലോകത്തിലും പരലോകത്തിലും സൌഖ്യത്തെ പ്രദാനം ചെയ്യുന്നു.'

എത്ര പവിത്രമായ ഒരു ശാസനമാണിതു്. ലോകചരിത്രത്തിൽ മററു യാതൊരു രാജാവും രാജ്യവിജയം അപരാധമാണെന്നു഻ ഘോഷിച്ചിട്ടില്ല. ഇങ്ങിനെ രാജ്യലാഭത്തിൽ പശ്ചാത്തപിച്ചുകൊണ്ടു് ദിഗ്വിജയത്തിൽനിന്നു വിരമിച്ച ഒരു സാൎവ്വഭൌമൻ ഭൂരംഗത്തിൽ മറെറാരേടത്തും അവതരിച്ചിട്ടില്ല. നാളിതുവരെയുള്ള രാജനീതിയെ പരിശോധിക്കുന്നതായാൽ ഒരു സാധാരണമനുഷ്യനു് അഥവാ പൌരനു് ചെയ്വാൻ പാടില്ലാത്തതും അവൻചെയ്താൽ നീതിവിരുദ്ധവും അപരാധകരവുമായ കൎമ്മം രാജാക്കന്മാരോ അവരുടെ ആജ്ഞാവൎത്തികളോ ചെയ്യുന്നതായാൽ അതു് യുക്തവും സ്തുത്യൎഹ്യമായിട്ടാണു് കരുതപ്പെടുക.

പട്ടിണികിടന്ന് വയറുപൊറുക്കാൻ വയ്യാതെ എരിപൊരിക്കൊള്ളുന്ന ഒരു പാവപ്പെട്ട മനുഷ്യൻ തന്റെ ജീവനെ പുലർത്തുവാൻ മാത്രം വല്ലതും അപഹരിച്ചുപോയാൽ അവൻ നിന്ദ്യനും ശിക്ഷണീയനുമാണ്. എന്നാൽ ഒരു രാജാവ് അന്യദേശത്തെ ആക്രമിക്കുന്നതും ആ നാട്ടിലെ ജനങ്ങളുടെ സ്വാതന്ത്ര്യത്തെ ധ്വംസിക്കുന്നതും അവരുടെ മുതലുകൾ കൊള്ളചെയ്യുന്നതും ലോകനീതിയത്രേ. ആ രാജ്യത്തിലെ സ്ത്രീപുരുഷന്മാരെ ആബാലവൃദ്ധം വേട്ടയാടുന്നതും ഗ്രാമങ്ങൾ തീവെച്ചു ചാമ്പലാക്കുന്നതുമെല്ലാം നീതിതന്നെ. ഈ വിശ്വത്തിലെ സകല ഇതിഹാസവും ഇത്തരം സംഭവങ്ങളാൽ സംപൂർണ്ണമാണ്. ഈ കൂടനീതിയിൽനിന്ന് ഹിന്ദുക്കളൊ, മഹമ്മദരോ, ക്രൈസ്തവരോ, ബൌദ്ധരോ, പാർസികളൊ ആരുംതന്നെ മുക്തരല്ല. ഇതിൽ കെട്ടിപ്പടുത്തതാണ് രാജാക്കന്മാരുടെ യശോഗാനങ്ങളും വീരകഥകളുമെല്ലാം.

എന്നാൽ കലിംഗയുദ്ധത്തിൽ വിജയശ്രീലാളിതനായ അശോകമഹാരാജാവ്—ഏകൻ—ഈ ലോകനീതിയെ ഉല്ലംഘിച്ചുകൊണ്ട് മാതൃകാധർമ്മരാജാവായി പരിലസിക്കുന്നു. ആ മഹാത്മാവ് എന്നും പ്രകാശിച്ചുകൊണ്ടിരിക്കുന്ന ഒരു ദിവ്യതാരമാകുന്നു. അതിനോട് ഉപമിക്കത്തക്ക മറെറാരു രാജതാരം പ്രവിശാലമായ ഈ വിശ്വമണ്ഡലത്തിൽ എവിടേയും ഇതേവരെ ഉദയംചെയ്തിട്ടില്ല. രാജ്യത്യാഗംചെയ്ത് സന്യാസത്തെ സ്വീകരിച്ച രാജാക്കന്മാർ ലോകത്തിൽ ഉണ്ടായിട്ടുണ്ട്. ഏററവും എളിയരീതിയിൽ ജീവിതംനയിച്ച രാജാക്കന്മാരും ഉണ്ടായിട്ടുണ്ട്. അനുഗുണമായ അവസരം ലഭിക്കാത്തതുകൊണ്ട് യാതൊരു യുദ്ധവും ചെയ്തിട്ടില്ലാത്ത രാജാക്കന്മാരെയും കാണാം. എന്നാൽ വിജയം കരസ്ഥമായതിന്നുശേഷം

T. C. STATE

പശ്ചാത്തപിച്ചുകൊണ്ട് നവീനവിജയങ്ങൾക്കുള്ള മാറ്റ്ങ്ങൾ സുഗമങ്ങളായിട്ടുകൂടി യുദ്ധംചെയ്യാതെ, ആക്രമണപരിപാടിയിൽനിന്നു പിന്മാറേണമെന്ന് തന്റെ സന്താനപരമ്പരകളോട്ട് അനുശാസിക്കുന്ന മററൊരു ചക്രവത്തി ലോകചരിത്രത്തിൽ ഇല്ലതന്നെ. ഈ മഹത്തായ അശോകതാരത്തിന്റെ ദിവ്യപ്രകാശം കനത്ത കാർമേഘങ്ങളുടെ ആക്രമണംഹേതുവായി ഇന്നു മങ്ങിപ്പോയിട്ടുണ്ടെങ്കിലും അതു വീണ്ടും പൂണ്ണപ്രഭയോടുകൂടി തിളങ്ങുന്ന ഒരു മഹനീയയുഗം അടുത്തഭാവിയിൽ ഉണ്ടായിരിക്കുമെന്ന് നമുക്കു പ്രത്യാശിക്കാം.

---

# മൂന്നാം അദ്ധ്യായം

## ബുദ്ധധമ്മഗ്രഹണവും ധമ്മപ്രചരണവും

തന്റെ വാഴ്ചയുടെ പ്രാരംഭദശയിൽ ബ്രാഹ്മണഹിതമനുസരിച്ച് ഭരണംനടത്തിയ ഒരു വലിയ ശിവഭക്തനായിരുന്നു അശോകൻ. അന്ന് ഉത്സവങ്ങളിലും മററു വിശേഷദിവസങ്ങളിലും ഭക്ഷണാത്ഥം അനവധി പക്ഷിമൃഗാദികൾ വധിക്കപ്പെട്ടിരുന്നു. എന്നാൽ ലോകവിശ്രുതമായ ആ കലിംഗയുദ്ധം അദ്ദേഹത്തിന്റെ ജീവിതത്തിൽ ഒരു വമ്പിച്ച പരിവത്തനമുണ്ടാക്കി. ചരിത്രം സൃഷ്ടിച്ച ആ സമരം അശോകനിൽ അന്തർലീനമായ ഹിംസാവൃത്തിയെ പാടേ തകത്തുകളഞ്ഞു. 'യുദ്ധം മനുഷ്യരിൽ എത്ര പൈശാചികമായ മനോഭാവത്തെയാണ് ഉളവാക്കുന്നതെന്ന് ചക്രവത്തി കണ്ടു. ചിന്താകുലനായിഭവിച്ച ആ മഹാരാജാവ് ശ്രീ ബുദ്ധന്റെ പാവനസന്ദേ

ശങ്ങളാൽ ആകൃഷ്ടനായി. തൻെറ ജീവിതത്തിൽ യുദ്ധമെന്നത് എനി ഉണ്ടാവില്ലെന്ന് ആ പുണ്യചരിതൻ നിശ്ചയിച്ചു. ഇങ്ങിനെ അശോകമഹാരാജാവ് ജന്തുഹിംസയിൽനിന്നു നിവൃത്തനായിട്ട് ബുദ്ധധമ്മത്തെ സ്വാഗതംചെയ്തു.

അനന്തരം ഒന്നരക്കൊല്ലത്തോളം പ്രാരംഭമായ മനസ്സംയമവൃത്തിയിൽ ഏപ്പെട്ട ഒരു ബൌദ്ധാനുയായി മാത്രമായിരുന്നു താനെന്നും തുടന്ന് ഒരു സംവത്സരത്തോളം ബൌദ്ധധമ്മത്തെ താൻ പരിശോധിച്ചുവെന്നും അതിൻെറ ശേഷമാണ് നിയമാനുസാരം ഒരു ബൌദ്ധസന്ന്യാസിയായി താൻ ധമ്മപ്രകാശനംചെയ്തതെന്നും അശോകൻതന്നെ പറയുന്നുണ്ട്. പിന്നെയും ഒന്നരക്കൊല്ലം കഴിയുമ്പോഠ ധമ്മപ്രചരണാത്ഥം ശിലാശാസനങ്ങഠ ഘോഷിക്കുന്ന ചക്രവത്തിയേയാണ് നാം കാണുന്നത്. ഈ ഉദ്ദേശത്തെ പുരസ്കരിച്ച് നിരവധി ശിലാലേഖകഠ ആ മഹാത്മാവു പുറപ്പെടുവിച്ചിട്ടുണ്ട്.

അവയിൽ ഒന്നാമത്തേതായ രൂപനാഥത്തിലെ ലഘുശിലാലേഖയിൽ (ബി. സി. 257ൽ) തൻെറ കീഴിലുള്ള ഭരണാധിപന്മാക്കും മററുദ്യോഗസ്ഥന്മാക്കും ധമ്മപരമായ നിർദ്ദേശം അദ്ദേഹം നൽകുന്നു. പരിശ്രമഫലം വലിയ പദവിയിൽ സ്ഥിതിചെയ്യുന്ന ആഠക്കു മാത്രമേ അനുഭവപ്പെടൂ എന്നില്ലെന്നും എത്ര എളിയ നിലയിൽ ഇരിക്കുന്ന ആഠക്കും ശരിയായി പ്രയത്നിച്ചാൽ മാറാത്തായ സ്വൎഗ്ഗീയസുഖം പ്രാപിക്കാമെന്നും അതുകൊണ്ട് ചെറിയവനും വലിയവനും എല്ലാം ധമ്മാനുസാരം പരിശ്രമിക്കേണമെന്നും ആ ശിലാശാസനം മുഖേന മഹാരാജാവ് അവരോട് അഭ്യത്ഥിക്കുന്നു.

മാതാപിതാക്കന്മാരെ സേവിക്കണം, പ്രാണിഹിംസ ചെയ്യരുത്, സത്യം പറയണം, ഈ ധമ്മതത്വങ്ങളെ പ്രകാശിപ്പിക്കണം, ആചാര്യന്മാരോട് ആദരവു കാണിക്കണം, സഹോദരീസഹോദരന്മാരോട് സൌഹാർദ്ദത്തോടെ പെരുമാറണം, പ്രാചീനധമ്മരീതിയനുസരിച്ച പ്രവത്തിക്കണം എന്നിങ്ങിനെ ബ്രഹ്മഗിരിയിലെ ചെറിയ ലഘു ശിലാലേഖയിൽ മഹാരാജാവ് അനുശാസിക്കുന്നു.

ഭാബ്രുവിലെ ശിലാലേഖയിൽ ഭിക്ഷുസംഘത്തെ അഭിവാദ്യംചെയ്തുകൊണ്ട് അശോകമഹാരാജാവ് ബുദ്ധ ധമ്മപ്രകാശനം ചെയ്യുന്നു. ഭിക്ഷുക്കളും ഭിക്ഷുണിമാരും മററു ഉപാസകന്മാരും അവശ്യം പാരായണംചെയ്തു ഗ്രഹിക്കേണ്ടുന്ന ബൌദ്ധഗ്രന്ഥങ്ങളേപ്പററിയും ഈ ശിലാശാസനത്തിൽ അശോകൻ നിർദ്ദേശം നൽകുന്നുണ്ട്.

ഇങ്ങിനെ ശിലാലേഖകൾമൂലേനയും ധമ്മോപദേശകന്മാരുടെ നിയമനത്താലും അശോകൻ സദാചാരതത്വങ്ങളെ പ്രകാശിപ്പിച്ചു. ധമ്മോപദേശകന്മാർ സ്വസാമ്രാജ്യത്തിലെ ഭിന്നഭിന്നദേശങ്ങളിലും ത്രയോദശശിലാലേഖയിൽ കാണുന്ന വിദേശരാജ്യങ്ങളിലും ചെന്നുചേന്ന് അവിടങ്ങളിലെല്ലാം ധമ്മസന്ദേശം മുഴക്കി. ആ ശിലാശാസനത്തിൽ പറയുന്ന അന്തിയോക്കസ്, ടോളമി തുടങ്ങിയ രാജാക്കന്മാരെല്ലാം ബി. സി. 258ൽ ജീവിച്ചിരുന്നതായി കാലനിണ്ണയം ചെയ്യപ്പെട്ടിരിക്കുന്നതുകൊണ്ട് ആ കൊല്ലത്തിലോ അതിനുമുമ്പോ അശോകൻെറ സന്ദേശവാഹകന്മാർ ആ രാജ്യങ്ങളിൽ എത്തിയിരിക്കണം.

രാജ്യാഭിഷേകംകഴിഞ്ഞ് 12 വർഷം ചെന്നപ്പോൾ യുക്തന്മാർ, രജ്ജുകന്മാർ, പ്രാദേശികന്മാർ എന്നറിയ

പ്പെട്ട തൻെറ ഉദ്യോഗസ്ഥന്മാൎക്ക് ധൎമ്മപ്രചരണത്തെ മുൻനിൎത്തി താൻ ചില നിർദ്ദേശങ്ങഠം നൽകിയതായി അശോകൻ തൻെറ തൃതീയശിലാശാസനത്തിൽ പറയുന്നു. അതിന്നനുസരിച്ച് ഈ ഉദ്യോഗസ്ഥന്മാർ അഞ്ചീതു കൊല്ലം കൂടുമ്പോഠം അവരുടെ അധികാരപരിധിക്കുള്ളിൽ യാത്രചെയ്യണമെന്നും ഈ സഞ്ചാരത്തിൽ അവരുടെ നിശ്ചിതകാൎയ്യനിൎവ്വഹണത്തോടൊപ്പം ചക്രവൎത്തിയുടെ സദാചാരപരമായ ധൎമ്മശാസനങ്ങഠംക്കനുസരിച്ചു പ്രജകഠം വൎത്തിക്കുന്നുണ്ടോ എന്നു പരിശോധിക്കേണമെന്നും ആജ്ഞാപിച്ചിരിക്കുന്നു.

ഒരു കൊല്ലംകൂടി കഴിഞ്ഞപ്പോഠം ധൎമ്മരക്ഷകഠം ധൎമ്മപ്രചരണത്തിന്നുമായി ധൎമ്മമഹാമാത്രന്മാർ എന്നറിയപ്പെട്ട പ്രത്യേകം ഉദ്യോഗസ്ഥന്മാരെ മഹാരാജാവു നിയമിച്ചു. ഇവരുടെകീഴിൽ സ്ഥിതിചെയ്ത ധൎമ്മയുക്തന്മാർ എന്ന ചെറുതരം ഉദ്യോഗസ്ഥന്മാർ ധൎമ്മപ്രചരണവിഷയത്തിൽ ഇവരെ എല്ലാവിധേനയും സഹായിച്ചു. സ്ത്രീകളും ധൎമ്മമഹാമാത്രവൃത്തിയിൽ നിയുക്തകളായിരുന്നു. അന്തഃപുരങ്ങളിലെ സ്ത്രീകളുടെ ഇടയിൽ ധൎമ്മപ്രചാരവും ധൎമ്മരക്ഷയും ഇവരാണ് ചെയ്തുവന്നതു്. പഞ്ചമശിലാലേഖയിൽ ഈ ധൎമ്മമഹാമാത്രന്മാരുടെ നിയമനത്തെപ്പററി ചക്രവൎത്തിതന്നെ പറയുന്നുമുണ്ടു്..

ഇങ്ങിനെയെല്ലാം പരിശ്രമിച്ചതിൻെറഫലമായി അക്കാലംവരെ ഹിമാലയപൎവ്വതപ്രദേശങ്ങളിലും ഗയാ, പ്രയാഗാ മുതലായ ചില സ്ഥലങ്ങളിലും മാത്രം വേരൂന്നിയിരുന്ന ബുദ്ധധൎമ്മം വിശ്വവ്യാപകമായ ഒരു മഹാമതമായി ഉയൎന്നുവന്നു. അതിൻെറ ജന്മഭൂമിയായ ഭാരതത്തിൽ ബുദ്ധമതം ഇന്നു നിലനില്ക്കുന്നില്ലെങ്കിലും ലങ്ക, ബ്രഹ്മ, തിബെത്ത്, നേപ്പാളം, ബൂട്ടാൻ, മലയാ, ഇ



ന്തോചീന, പൂർവ്വേന്ത്യാദ്വീപുകൾ, ചീന, ജാപ്പാൻ, കൊറിയ, സൈബീരിയ മുതലായ രാജ്യങ്ങളിൽ ഇന്നും ഇതൊരു പ്രബലമതമായിത്തന്നെ വിജയിക്കുന്നുണ്ട്.

അശോകനെസ്സംബന്ധിച്ച ഒരു വിചിത്രമായ സംഗതി, അദ്ദേഹം മതപ്രബോധകനായ ഒരുത്തമബൌദ്ധസന്ന്യാസിയും അതേസമയംതന്നെ, വിസ്തൃതമായ ഒരു സാമ്രാജ്യത്തിലെ അനുകരണീയനായ ഒരു മഹാരാജാവും ആയിരുന്നു എന്നതാണ്. ഏ. ഡി. ഏഴാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ ഇന്ത്യയിൽ സഞ്ചരിച്ച ഇററ്സിങ്ങ് എന്ന ചീനഭിക്ഷു തൻെറ യാത്രയിൽ സന്ന്യാസിവേഷധാരിയായ അശോകൻെറ ഒരു വിഗ്രഹം കണ്ടതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇഷ്ടാനുസാരം ഗൃഹസ്ഥവൃത്തിയിൽ പ്രവേശിക്കുന്നതിനും ഭിക്ഷുവാകുന്നതിനും ഒരു ബുദ്ധസന്ന്യാസിക്കു സ്വാതന്ത്ര്യമുണ്ടായിരുന്നു. അതുകൊണ്ട് ചിലപ്പോൾ സന്ന്യാസിയായും ചിലപ്പോൾ ചക്രവർത്തിയായും അശോകൻ വേഷംമാറിയിരിക്കാം. വൈരാട്ടിലെ സംഘാരാമത്തിൽ ഏകാന്തവാസം ചെയ്യുന്ന കാലത്താണ് അശോകൻ തൻെറ പ്രഥമ ഗൌണശിലാലേഖയും ഭാബ്രൂശിലാലേഖയും പരസ്യപ്പെടുത്തിയത് എന്ന സംഗതിയും ഇവിടെ സ്മരണീയമാണ്.

അശോകൻെറ മതമൈത്രിയെ സൂചിപ്പിക്കുന്ന ദ്വാദശശിലാലേഖയുടെ സാരം താഴെ കൊടുക്കുന്നു:-

"ഏതൊരു സമ്പ്രദായത്തിൽപ്പെട്ട ആളായാലും, ഗൃഹസ്ഥനായാലും സന്ന്യാസിയായാലും വേണ്ടതില്ല, ചക്രവർത്തി അവരെ ദാനപൂജാദികളാൽ സൽക്കരിക്കും. എന്നാൽ ഈ ദാനപൂജാദികളേക്കാൾ മഹത്തരമായി പ്രിയദർശി ഗണിക്കുന്നത് ഓരോ. സമ്പ്രദായത്തിലേയും സാര

മായ തത്വങ്ങളുടെ പ്രകാശനത്തേയാകുന്നു. തത്വവികാസം പല മാർഗ്ഗേണയും ഉണ്ടാവാം. പക്ഷെ സ്വന്തം മാർഗ്ഗത്തെ മാത്രം ആദരിക്കുകയോ അന്യമാർഗ്ഗത്തെ നിന്ദിക്കുകയൊ ചെയ്തുകൂടാത്തതാകുന്നു. ചില പ്രത്യേകകാരണങ്ങളാൽ ഒരു സമ്പ്രദായത്തോടു മററൊരാൾക്കു നിരസമുണ്ടായെന്നു വന്നേക്കാം. എന്നാൽ ഏതെങ്കിലും ഒരു നിലയിൽ അന്യസമ്പ്രദായക്കാരെ പൂജിക്കേണ്ടതു് ജനങ്ങളുടെ കർത്തവ്യമാണ്. അങ്ങിനെ ചെയ്യുന്നതായാൽ സ്വസമുദായത്തിൻെറ ഉന്നതിയും അന്യസമുദായത്തിൻെറ ആദരവും ഉണ്ടായിത്തീരുന്നു. ഇതിന്നു വിപരീതമായി പ്രവർത്തിച്ചാൽ സ്വസമുദായത്തിന്ന് ഹാനിനേരിടുന്നു; എന്നു മാത്രമല്ല, അന്യസമുദായത്തിന്ന് അതു് അപകാരമായിപ്പരിണമിക്കയും ചെയ്യുന്നു. ആകയാൽ സഹിഷ്ണുതയോടെ അന്യമതത്തെപ്പററി ശ്രദ്ധാപൂർവ്വം കേൾക്കുകയും അതിനെ ശുശ്രൂഷിക്കുകയും വേണം. ഓരോ മതത്തിലേയും ജ്ഞാനികൾ പൊതുജനക്ഷേമത്തെ മുൻനിറുത്തി പ്രയത്നിക്കുന്നവരായിരിക്കും. അതുകൊണ്ടു് എല്ലാ സമ്പ്രദായക്കാരും പരസ്പരമൈത്രിയോടെ അവരവരുടെ മതത്തിലുള്ള കാതലായ തത്വങ്ങളുടെ പോഷണത്തിന്നായി പ്രയത്നം ചെയ്യണം. അതത്രേ ദാനപൂജാദികളേക്കാൾ ശ്രേഷ്ഠമായിട്ടുള്ളതു്. ഇതിനെ ലക്ഷ്യമാക്കിക്കൊണ്ടാണ് അനവധി ധർമ്മമഹാമാത്രന്മാരേയും മററ് ഉദ്യോഗസ്ഥന്മാരേയും പ്രിയദർശി. നിയമിച്ചിട്ടുള്ളതു്. ഓരോ പ്രത്യേകസമ്പ്രദായക്കാരുടേയും ഉന്നതിയിൽ ധർമ്മത്തിൻെറ വികാസമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നതു്."

കാലം കഴിയുംതോറും സമ്രാട്ടിൻെറ ധർമ്മപ്രചരണവിഷയത്തിൽ അഹിംസാവൃത്തിക്കു് സർവ്വപ്രധാനമായ

സ്ഥാനം കരസ്ഥമാക്കുവാൻ സാധിച്ചു. തൽഫലമായി ജീവകാരുണ്യത്തെ പുരസ്കരിച്ചുള്ള പല നിയമങ്ങളും അദ്ദേഹം വിളംബരപ്പെടുത്തി. ചക്രവർത്തിയാൽ പ്രഖ്യാപിതങ്ങളായ ചതുർദ്ദശശിലാലേഖകളിൽ ഒന്നാമത്തേതുതന്നെ അഹിംസാഫലകയാകുന്നു. തൻെറ സാമ്രാജ്യത്തിൽ ദേവയജ്ഞത്തിൻെറ പേരിൽ നിരവധി ജീവികളെ ബലിയർപ്പിക്കുന്നുണ്ടെന്നും മേലിൽ അതു പാടില്ലെന്നും അങ്ങിനെതന്നെ ജന്തുഹിംസയും മാംസഭക്ഷണവും ആവശ്യമായ യാതൊരു ഉത്സവവും ആഘോഷിച്ചുകൂടാ എന്നും ആ ശിലാലേഖയിൽ അശോകൻ ശാസിക്കുന്നു. മുമ്പ് തൻെറ അന്തഃപുരങ്ങളിലെ പാകശാലകളിൽ പ്രതിദിനം പല സഹസ്രം ജീവികൾ ഭക്ഷണാർത്ഥം സംഹരിക്കപ്പെട്ടിരുന്നുവെന്നും എന്നാൽ കേവലം രണ്ടു മയൂരങ്ങളും ഒരു മാനുമാണ് ഈ ആവശ്യാർത്ഥം ഇപ്പോൾ വധിക്കപ്പെടുന്നതെന്നും മാനിനെ പതിവായി കൊല്ലാറില്ലെന്നും മേലിൽ അതും നിരോധിക്കപ്പെട്ടുമെന്നും ഈ ശാസനംമൂഖേന മഹാരാജാവു് ഉറപ്പു നൽകുന്നു, ഈ അവസരത്തിൽ മാംസഭക്ഷണം ഉപേക്ഷിക്കാൻ തൻെറ പ്രജകളെ അദ്ദേഹം നിർബ്ബന്ധിക്കുന്നില്ല. ജനതയുടെ സ്വാതന്ത്ര്യത്തിൽ കൈവെക്കേണ്ടാ എന്നുദ്ദേശിച്ചായിരിക്കാം ചക്രവർത്തി ഒരുപക്ഷെ അങ്ങിനെ ചെയ്യാതിരുന്നതു്.

ഒരു പുതിയ കല്പന പുറപ്പെടുവിക്കുമ്പോൾ ഒന്നാമതായി തൻെറ അപരാധത്തെ എടുത്തുകാട്ടുക എന്ന അനുപമമായ ഒരു വിശേഷത അദ്ദേഹത്തിൽ തെളിഞ്ഞു കാണുന്നുണ്ട്. ആ ദോഷപരിഹാരം ചെയ്യുന്നതാണെന്നുള്ള തൻെറ പ്രതിജ്ഞയും ആ ആജ്ഞാസഹിതം പലപ്പോഴും അദ്ദേഹം പ്രകാശിപ്പിക്കുന്നു. അത്തരം ഹിംസാവൃത്തിയിൽനിന്നു പൂർണ്ണമായിട്ടല്ലെന്നിരുന്നാലും നിവൃത്തി

നേടുവാൻ അശോകൻ തൻെറ പ്രജകളോട് അഭ്യത്ഥിക്കുന്നതു് കുറേക്കാലം കഴിഞ്ഞിട്ട തൻെറ പഞ്ചമസ്തംഭലേഖയിലാകുന്നു. ബി. സി. 243ൽ പ്രകാശിപ്പിച്ച ആ ശാസനത്തിൽ, തീരെ വധിച്ചുകൂടാത്ത ചില പക്ഷിമൃഗാദികളുടെ ഒരു പട്ടിക കൊടുത്തതിനുശേഷം പ്രതിപദം, അഷ്ടമി, ചതുർദ്ദശി, പൌണ്ണമി, അമാവാസി മുതലായ ചില വിശേഷതിഥികളിലും മററുചില പ്രത്യേകദിനങ്ങളിലും മാത്രം കൊല്ലാൻ പാടില്ലാത്ത പ്രാണികളുടെ വിവരണവും നൽകുന്നു. മത്സ്യം പിടിക്കുന്നതും വില്ക്കുന്നതും ആ ദിവസങ്ങളിൽ നിരോധിക്കപ്പെട്ടിരുന്നു. ചില മൃഗങ്ങളെ ബീജരഹിതമാക്കുന്ന സമ്പ്രദായത്തെയും ജന്തുക്കളെ ഉമിത്തീയിൽ ഇട്ടുകൊല്ലുന്ന പതിവിനേയും വനങ്ങൾക്ക തീവെച്ച് മൃഗങ്ങൾക്ക ജീവനാശം വരുത്തുന്ന കഠോരപ്രവൃത്തിയേയും ആ ശാസനത്തിൽ ശിക്ഷാഹ്മാക്കിയിരുന്നു.

ഇത്തരം നിയമങ്ങളാൽ പലതരത്തിൽപെട്ട നിരവധി ജന്തുക്കളുടെ വധം പൂണ്ണമായും തടയപ്പെട്ടു. ഭക്ഷിക്കാവുന്ന പക്ഷിമൃഗാദികളുടെ ഹിംസയേയും പ്രത്യേകദിനങ്ങളിൽ നിരോധിച്ചിരുന്നതുകൊണ്ട് മാംസഭക്ഷണത്തിലുള്ള വാസന ജനങ്ങളിൽനിന്ന് അകന്നകന്നുപോയി. ജന്തുഹിംസ വജ്ജിക്കേണ്ടും ദിനങ്ങൾ മേൽപറഞ്ഞ പ്രത്യേകതിഥികളുടക്കം ആണ്ടിൽ ആകെ 56 ദിവസങ്ങൾ ആയിരുന്നു.

ഉത്തരമധുരാപുരിയുടെ നികടവത്തിയായ ഒരു കാനനത്തിൽ വസിച്ചിരുന്ന ഉപഗുപ്തസന്യാസി അക്കാലത്തിലെ ഏററവും മഹാനായ ബൌദ്ധാചാര്യൻ ആയിരുന്നു. മൊഗ്ഗലിപുത്രതിസ്സ എന്നറിയപ്പെട്ടതും ഇദ്ദേഹമാണെന്നു് അഭിപ്രായമുണ്ടു്. ഈ അഭിവന്ദ്യനായ ആചാര്യ

GOVERNMENT TRAINING SCHOOL T. C. STATE

നെ ഒരിക്കൽ അശോകചക്രവത്തി സമസ്തഭിക്ഷുസംഘ സമേതം തൻെറ അരമനയിലേക്കു ക്ഷണിക്കുകയുണ്ടായി. അങ്ങിനെ ഉപഗുപ്താചാൎയ്യൻ തൻെറ 18,000 ഭിക്ഷുക്ക ളോടുകൂടി രാജസന്നിധിയിൽ ചെന്നുചേൎന്നു. ഭിക്ഷു സംഘത്തെ യഥാവിധി സ്വീകരിച്ച് സംതൃപ്തരാക്കിയതി ൻെറ ശേഷം ധൎമ്മപ്രചരണാൎത്ഥം പാടലീപുത്രരാജധാ നിയിൽനിന്നും ചക്രവത്തിയുടെ സന്നിധാനത്തോടുകൂടി ഒരു ധൎമ്മയാത്ര പുറപ്പെട്ടു.

ഈ ഘോഷയാത്ര നേപ്പാളദേശത്തിലേക്കുള്ള ചെത്തുവഴിയുടെ ഉത്തരവശത്തിൽകൂടിച്ചെന്നു മുസാഫർ പുരം, ചമ്പാരൻ എന്നീ ജില്ലകളിൽക്കൂടി ഹിമാലയപൎവ്വ തപ്രാന്തമണഞ്ഞു. അവിടെനിന്നും പടിഞ്ഞാറുവശമായി യാത്രചെയ്തപ്പോഠം ലുംബിനിയെന്ന ഉപവനമാണ് അവ ൎക്കു സ്വാഗതമരുളിയതു്. "ഇവിടെയാണ് ഭഗവാൻ ഭൂ ജാതനയതു്" എന്നു് ഉപഗുപ്തൻ ചക്രവത്തിയോട്ട് ഉണ ൎത്തിച്ചു. ചിലകാലം കഴിഞ്ഞു് അശോകൻ ഇവിടെ നി ൎമ്മിച്ച സ്മാരകസ്തംഭത്തിന്മേൽ ഉപഗുപ്തൻെറ ആ വാക്കുക ഠംതന്നെ രേഖപ്പെടുത്തിയിരിക്കുന്നതു് ഇന്നും സുരക്ഷിത മായ നിലയിൽ കാണാം. ഈ സ്ഥാനത്തിൽനിന്നു് സി ദ്ധാൎത്ഥകുമാരൻ ബാല്യജീവിതം നയിച്ച കപിലവസ്തുവി ലാണ് അവർ ചെന്നുചേൎന്നതു്. അവിടെയും അശോക നിൎമ്മിതങ്ങളായ പല സ്മാരകങ്ങഠം നിലനില്ക്കുന്നുണ്ടു്: അനന്തരം കാശിയിൽക്കൂടി സാരനാഥമെന്ന പുണ്യസ്ഥ ലത്തിൽ അവരെല്ലാം പ്രവേശിച്ചു.

ബുദ്ധഭഗവാൻ ഒന്നാമതായി ധൎമ്മോപദേശം ചെ യ്തതു് ഇവിടെവെച്ചായിരുന്നു. ഇതിൻെറ സ്മാരകമായി ധൎമ്മചക്രസംയുക്തമായ അശോകൻെറ പ്രശസ്തമായ

സിംഹസ്തംഭം ഇവിടെ നിലകൊള്ളുന്നു. ആ ധമ്മചക്രം നമ്മുടെ ദേശീയപതാകയെ ഇന്നലംകരിക്കുന്നു. ആ സിംഹസ്തംഭം ധമ്മുടെ സക്കാറിൻെറ ഒരു മുദ്രാവിശേഷമായും ഇന്നു പരിശോഭിക്കുന്നുണ്ട്.

പുരാണപ്രസിദ്ധമായ ശ്രാവസ്തിയിലേയും ബുദ്ധഗയയിലേയും പുണ്യസ്ഥാനങ്ങൾ ദശിച്ചുകൊണ്ട് ആ ഘോഷയാത്ര തുടന്നു. ബുദ്ധദേവൻെറ ബോധോദയത്താൽ വിശ്വവിശ്രുതിനേടിയ ആ പവിത്രമായ ബോധിവൃക്ഷം ബുദ്ധഗയയെ വിശേഷാത്തരമായ ഒരു പുണ്യസ്ഥാനമായി ഉയത്തിയിരിക്കുന്നു. ഗയയിൽനിന്ന് കുശിനഗരത്തിലേക്കാണ് അവർ പ്രയാണം ചെയ്തത്. ശ്രീബുദ്ധൻെറ മഹാപരിനിവ്വാണം ഇവിടെവെച്ചു സംഭവിച്ചു എന്ന വിശേഷത ഈ സ്ഥലത്തിനുണ്ട്.

പവിത്രത പൂണ്ട ഈ സ്ഥലങ്ങളെല്ലാം കൺകുളക്കെ കണ്ടു് ആനന്ദിച്ചുകൊണ്ട് അശോകൻ പാടലിപുത്ര രാജധാനിയിൽ തിരിച്ചെത്തി. രണഭേരിയുടെ സ്ഥാനത്തിൽ ധമ്മഭേരിയെ മുഴക്കിയ അശോകചക്രവത്തിയെയാണ് പിന്നീട്ട നാം കാണുന്നതു്. താൻ സഞ്ചരിച്ച ഈ പുണ്യസ്ഥാനങ്ങളിലെല്ലാം അദ്ദേഹം പലവക സ്മാരകങ്ങൾ നിമ്മിച്ചിട്ടുണ്ടെന്നുള്ളതും ഇവിടെ പ്രസ്താവ്യമാണ്.

പുരാതനകാലത്തിൽ രാജാക്കന്മാരുടെ ജീവിതത്തിൽ മൃഗയാവിനോദത്തിന് ഒരു വലിയ പങ്കുണ്ടായിരുന്നെന്നുവേണം പറവാൻ. നിരവധി പക്ഷിമൃഗാദികളെ വേട്ടയാടിക്കൊന്ന് അവയുടെ മാംസത്തിൽ ആസക്തി പൂണ്ട് ആനന്ദനൃത്തം ചെയ്യുന്നതു് രാജധമ്മമായി അന്നു കരുതപ്പെട്ടിരുന്നു. ബൌദ്ധധമ്മത്തിൽ വിശ്വസിക്കുന്നതുവരെ

അശോകനും നായാട്ടിൽ ഔത്സുക്യം പ്രദർശിപ്പിച്ചിരുന്നതായി കാണാം. അനന്തരകാലത്തിൽ ആ മഹാരാജാവ് വേട്ടയെ പാപകരമായ ഒരു നിന്ദ്യകർമ്മമായി കരുതുകയും അതിനെ നിഷേധിച്ചുകൊണ്ട് ബി. സി. 259ൽ തൽസ്ഥാനത്ത് ധർമ്മയാത്രയെ കൈക്കൊള്ളുകയുംചെയ്തു. ശ്രമണർ, ബ്രാഹ്മണർ, വൃദ്ധന്മാർ ഇവരെ സന്ദർശിക്കുക, സുവർണ്ണാദിദാനങ്ങളാൽ അവരെ സംതൃപ്തരാക്കുക, ഗ്രാമങ്ങളിൽച്ചെന്ന് ഗ്രാമീണരോടു ധർമ്മോപദേശം ചെയ്യുക, സംഘംചേർന്ന് ധർമ്മപരമായ കാര്യങ്ങളേപ്പററി ചിന്തിക്കുക, ഇതത്രേ ധർമ്മയാത്രയുടെ പൊതുപരിപാടി. തൻെറ രാജ്യാഭിഷേകം കഴിഞ്ഞ് 10 വർഷം ചെന്നപ്പോഠം "ധർമ്മയാത്ര" എന്ന ഈ നവീനസമ്പ്രദായത്തെ താൻ സ്വീകരിച്ചതായി മഹാരാജാവ് തൻെറ അഷ്ടമശിലാലേഖയിൽ എടുത്തു പറയുന്നുണ്ട്.

ഏററവും മഹത്തായ വിജയം ധർമ്മവിജയമാണെന്നും അതത്രേ ഒരുവൻെറ സാംസാരികവും ആദ്ധ്യാത്മികവുമായ ഉന്നതിക്കു പ്രധാനകാരണമായിത്തീരുന്നതെന്നും അശോകൻ പരസ്യംചെയ്യുന്നു. എന്നാൽ ഈ ധർമ്മശബ്ദംകൊണ്ട് ആ മഹാൻ ഉദ്ദേശിക്കുന്നതു കേവലം ബുദ്ധധർമ്മത്തെയാണെന്നു പറഞ്ഞുകൂടാ. ഹൈന്ദവരും ജൈനരും ബൌദ്ധരും അടക്കമുള്ള തൻെറ സമസ്തപ്രജകളുടേയും നന്മയേയും ഹിതത്തേയും ആകുന്നു മഹാരാജാവ് കൂടുതലായി കാംക്ഷിക്കുന്നത്. തൻെറ അഭിപ്രായത്തെ അവരുടെ മേൽ വെച്ചുകെട്ടുവാൻ അദ്ദേഹം ഇഷ്ടപ്പെടുന്നില്ല. ഒരു പ്രത്യേകസമ്പ്രദായത്തെയോ മതവിശ്വാസത്തെയോ നിഷേധിക്കുവാൻ അദ്ദേഹം ഉദ്ദേശിക്കുന്നതുമില്ല. എന്നാൽ എല്ലാ കാലത്തും എല്ലാ സ്ഥാനത്തും ഉപയുക്തവും എല്ലാ മതസ്ഥരുടേയും സാമാന്യസിദ്ധാന്തങ്ങളുമാ

യി ഇണങ്ങുന്നവയുമായ മൌലികതത്വങ്ങളുടെ പ്രകാശനമാകുന്നു അദ്ദേഹത്തിൻെറ ധമ്മം. ആ ധമ്മാദശ്ശത്തെ പാലിക്കുവാൻ അശോകൻ തൻെറ പ്രജകളോട് അഭ്യത്ഥിക്കുന്നു. വഗ്ഗഭിന്നതയോ മതഭേദമോ ജാതിവ്യത്യാസമോ അദ്ദേഹത്തിൻെറ ധമ്മപ്രചരണവിഷയത്തിൽ തടസ്സമായി നില്ക്കുന്നില്ല.

"ദാസന്മാരോടും സേവകന്മാരോടും ഉചിതമായി വത്തിക്കുന്നതാണ് ധമ്മം; മാതാപിതാക്കന്മാരുടെ സേവയെ ചെയ്യുന്നതാണ് ധമ്മം; ശ്രമണന്മാരേയും ബ്രാഹ്മണരേയും ദാനത്താൽ പൂജിക്കുന്നതും ആചാര്യന്മാരെ ആദരിക്കുന്നതും സഹോദരന്മാരുമായി സൌഹാർദ്ദപൂവ്വം പെരുമാറുന്നതും ധമ്മമാണ്; പ്രാണിരക്ഷയെ ചെയ്യുന്നതും പാപത്തിൽനിന്നു നിവൃത്തിനേടുന്നതും സത്യം പറയുന്നതും സൽക്കമ്മങ്ങൾ ചെയ്യുന്നതും പരമമായ ധമ്മമത്രേ" എന്നിങ്ങിനെ ശിലാലേഖകൾ മുഖേനയും മററും അശോകൻ വിളംബരപ്പെടുത്തുന്ന ധമ്മാദശ്ശങ്ങൾ ബുദ്ധമതത്തിൽ ഉൾക്കൊള്ളുന്നുവെങ്കിലും അവ സകലമതസ്ഥക്കും സ്വീകാര്യമാണല്ലോ.

അദ്ദേഹത്താൽ നിയുക്തരായ ധമ്മമഹാമാത്രന്മാരുടെ പ്രധാനചുമതല, എല്ലാ പ്രജയുടേയും—അവൻ ബൌദ്ധനായാലും അന്യമതസ്ഥനായാലും വേണ്ടതില്ല—ധാമ്മികമായ ഉന്നതിയെ ചെയ്യുന്നതാണ്. അവിടെ വലിപ്പച്ചെറുപ്പമോ ജാതിമതവ്യത്യാസമോ ഇല്ല. സാമ്രാജ്യത്തിൻെറ അകത്തു മാത്രമല്ല, അതിത്തിവഗ്ഗക്കാരുടെയിടയിലും വിദേശങ്ങളിലും ചെന്ന് അവർ ധമ്മപ്രചാരം ഒരുപോലെ നിർവ്വഹിക്കുകയാൽ ദേശഭേദവും അവർ ഗണിച്ചിരുന്നില്ലെന്നു വ്യക്തമാണ്. ആ ധമ്മമഹാമാത്ര

ന്മാർ ധർമ്മരക്ഷയ്ക്കും ധർമ്മോൽക്കർഷത്തിനും ജനങ്ങളുടെ ഹിതത്തിനും സുഖത്തിനുംവേണ്ടി എല്ലാ സമുദായക്കാരുടെ ഇടയിലും നിയമിതരുമാകേണ്ട പ്രവർത്തിച്ചുവന്നു.

ഭഗവാൻെറ പരിനിർവ്വാണത്തിനുശേഷം ബൌദ്ധ സിദ്ധാന്തങ്ങളിൽ ചില അഭിപ്രായഭിന്നതകൾ ആവിർഭവിച്ചുതുടങ്ങി. ഇതുകാരണം ഭിക്ഷുസംഘടനയിൽ പിളർപ്പുണ്ടാകയും അതു പല അവാന്തരവിഭാഗങ്ങളായി പിരിയുകയുംചെയ്തു. ശ്രീബുദ്ധൻെറ അനുയായികളിൽ പ്രത്യക്ഷമായ ഈ ഭിന്നിപ്പുകൾ, ധർമ്മോന്നതിയെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന അശോകനെ ചിന്താകുലനാക്കിത്തീർത്തു. സംഘത്തിൻെറ ഐക്യതയെ ഉദ്ദേശിച്ചുകൊണ്ട് ആ മഹാൻ ഇങ്ങിനെ വിളംബരം ചെയ്തു:—

"പാടലീപുത്രത്തിലും അന്യപ്രാന്തങ്ങളിലും ഭിക്ഷുക്കളാരും കലക്കമുണ്ടാക്കരുത്. സംഘത്തിൽ ഭിന്നിപ്പുണ്ടാക്കുന്ന വ്യക്തിയെ, അതു ഭിക്ഷുവായാലും ഭിക്ഷുണിയായാലും വേണ്ടതില്ല, ആയാളെ വെള്ളത്തുണി ധരിപ്പിച്ച്, ഭിക്ഷുവിന്നോ ഭിക്ഷുണിക്കോ ഉചിതമല്ലാത്ത സ്ഥാനത്തിൽ വെക്കുന്നതാണ്. നമ്മുടെ ഈ ആജ്ഞ ഭിക്ഷുസംഘത്തേയും ഭിക്ഷുണിസംഘത്തെയും ഇതേവിധത്തിൽ അറിയിക്കുക."


ഈ ലഘുസ്തംഭലേഖ സാരനാഥം, പ്രയാഗ, കോശാംബി, സാംചി മുതലായ ബുദ്ധമതകേന്ദ്രങ്ങളിൽ കാണപ്പെട്ടുകയുണ്ടായി.

ഇങ്ങിനെ സംഘടനയെ ശിഥിലമാക്കുന്ന ഭിക്ഷുണിഭിക്ഷുക്കളെ ശുഭ്രവസ്ത്രം ധരിപ്പിച്ചു പുറംതള്ളുകയും ഈ വൃത്താന്തം ധർമ്മമഹാമാത്രന്മാർ പരസ്യപ്പെടുത്തുകയും ചെയ്തുവന്നു.

ഇക്കാലത്തിലാണ് ഭിക്ഷുസംഘത്തെ സംഘടിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് അശോകൻ ഒരു ബൌദ്ധമഹാസഭയെ വിളിച്ചുകൂട്ടിയതു്. ബുദ്ധമതചരിത്രത്തിലെ തൃതീയധമ്മസംഗിനിയായി ഇതു പ്രസിദ്ധമാകയുംചെയ്തു. ഒന്നാമത്തെ ബൌദ്ധമഹാസഭ ബുദ്ധദേവൻെറ ശേഷം രാജഗൃഹത്തിൽവെച്ച് മഹാകാശ്യപൻെറ നേതൃത്വത്തിലാണ് ചേന്നതു്. ഇതിൽ ഭഗവാൻെറ അടുത്ത ശിഷ്യന്മാരായ ആനന്ദനും ഉപാലിനിയുമടക്കം ഒരായിരം ഭിക്ഷുക്കറം സംബന്ധിച്ചിരുന്നാപോൽ.

അനന്തരം 100 വഷം ചെന്നാറെ വൈശാലിയിലെ വേണുകാരാമത്തിൽവെച്ചു കാലാശോകൻെറ കാലത്തിൽ ദ്വിതീയമഹാസഭ നടന്നു. വീണ്ടും 135 വഷം കഴിഞ്ഞപ്പോഴാണ് ഈ തൃതീയമഹാസഭ ഉണ്ടായതു്. ഇതു (ബി. സി. 242ൽ) ആചായ്യ ഉപഗുപ്തൻെറ അദ്ധ്യക്ഷതയിലും അശോകൻെറ സന്നിധാനത്തിലും പാടലീപുത്രത്തിൽവെച്ച് ആഘോഷിക്കപ്പെട്ടു. ബുദ്ധമതത്തിൽ കാലാന്തരേണ വന്നുചേന്ന മാലിന്യങ്ങളെ അകറവുവാനും പരസ്പരം സ്പദ്ധിച്ചുകൊണ്ടിരുന്ന വിവിധസമ്പ്രദായക്കാരായ ഭിക്ഷുക്കളെ രഞ്ജിപ്പിക്കുവാനും ബുദ്ധമത തത്വങ്ങളേപ്പററി ഗാഢമായി ചച്ചചെയ്യുവാനും അങ്ങിനെ സംഘത്തിൽ ശാന്തിയും സംതൃപ്തിയും പുനഃസ്ഥാപിക്കുവാനും ഈ സഭ ഉപകരിച്ചു. വാദപ്രതിവാദകോലാഹലങ്ങറം മുഴക്കിക്കൊണ്ട് ഒമ്പതു മാസത്തോളം നീണ്ടുനിന്ന ഈ പരിഷത്തിൽവെച്ച് ത്രിപിടകങ്ങളുടെ പുനരാവത്തനമുണ്ടായി.

ഈ ധമ്മസംഗിനിയുടെ തീപ്പനുസരിച്ചാണ് ബുദ്ധമിഷ്യനറിമാരെ ധമ്മപ്രചരണാത്ഥം സിംഹളം, ബ്രഹ്മ


ഗസിനി
ഇന്ദ്രപ്രസ്ഥ
മധുരാ
ബ്രഹ്മപുത്രാ
ഗംഗാ
ചാമ്പി
നർമ്മദാ
സൂറത്ത്
നാസിക്
കലിംഗം
അറബിക്കടൽ
ബംഗാൾഉൾക്കടൽ
മദ്രാസ്
ലങ്കാ

അശോക സാമ്രാജ്യം

ദേശം, സിറിയ, മാസിഡോണിയ മുതലായ വിദേശരാജ്യ ങ്ങളിലും സാമ്രാജ്യത്തിൽപ്പെട്ട എല്ലാ ദേശങ്ങളിലും നിയോഗിച്ചയച്ചത്. അതുവരെ ധമ്മമഹാമാത്രന്മാർ എല്ലാ രാജ്യങ്ങളിലും സഞ്ചരിച്ച ധമ്മപ്രചാരം ചെയ്തിരുന്നുവെങ്കിലും അതു ബുദ്ധമിഷ്യനറിമാരുടെ നിലയിൽ ആയിരുന്നില്ല.

---

## നാലാം അദ്ധ്യായം

### അശോകസാമ്രാജ്യം.

ബ്രിട്ടീഷ് ഇന്ത്യൻ എമ്പയറിനേക്കാൾ വ്യാപ്തിയേറിയ ഒരു സാമ്രാജ്യം ഇന്ത്യയുടെ ചരിത്രത്തിൽ ഉണ്ടായിരുന്നില്ലെന്ന് ഇന്നു പലരും തെററിദ്ധരിക്കുന്നുണ്ട്. എന്നാൽ അശോകസാമ്രാജ്യത്തിൽ അഫ്ഘാനിസ്ഥാനം, ബലൂചിസ്ഥാനം, മകരാൻ എന്നീ പശ്ചിമോത്തരദേശങ്ങളും ഹിന്ദുക്കുശ് പവ്വതത്തിന്റെ ദക്ഷിണഭാഗത്തിൽ സ്ഥിതിചെയ്യുന്ന കാഫിർസ്ഥാനം, ഹിരാതം, കാശ്മീരം, നേപ്പാളം, ബൂട്ടാൻ എന്നീ ഉത്തരഖണ്ഡങ്ങളും ബ്രഹ്മ (ബമ്മ) ദേശം വരേയുള്ള പൂവ്വദിക്കുകളും ചോള, പാണ്ഡ്യ, കേരളപുത്ര, സത്യപുത്ര ദേശങ്ങളൊഴികേയുള്ള സമസ്തദക്ഷിണരാജ്യങ്ങളും അടങ്ങിയിരുന്നു എന്നു പറഞ്ഞാൽ ബ്രിട്ടീഷ് ഇന്ത്യൻ എമ്പയറിനേക്കാൾ എത്രയോ വലിപ്പമേറിയതായിരുന്നു അശോകസാമ്രാജ്യമെന്നു നമുക്ക് എളുപ്പം മനസ്സിലാകും. തെക്കേ അററത്തു ചോളദേശാദിസ്വതന്ത്രരാജ്യങ്ങൾ ഉണ്ടായിരുന്നതുകൊണ്ട് സാമ്രാജ്യത്തിന്റെ തെക്കേ അതിർ നിണ്ണയിക്കുന്നതു യുക്തമായിരിക്കുമല്ലൊ. പൂവ്വഭാഗത്തിൽ നെല്ലൂർ തുടങ്ങി ഉ

ത്തര പെന്നാർനദി അതിരിട്ടുകൊണ്ടു പടിഞ്ഞാറോട്ടു ചെന്നു കല്യാണപുരിനദിയുമായി സംഗമിക്കുന്ന ആ അതിർ മംഗലാപുരത്തു ചെന്നവസാനിക്കുന്നു. ഇത്രയും വിസ്തൃതമായ ഒരു സാമ്രാജ്യത്തിൻെറ ആധിപത്യം 40 സംവത്സരക്കാലം വഹിച്ചിരുന്നിട്ടും അദ്ദേഹത്തിൻെറ വാഴ്ചക്കാലത്ത് ഒരു കലിംഗയുദ്ധമല്ലാതെ മററു സമരങ്ങൾ ഉണ്ടായിരുന്നില്ലെന്നുള്ളതു സ്തുത്യർഹവും വിസ്മയാവഹവുമായ സംഗതിയത്രേ.

ആംഗ്ലേയരുടെ ആഗമനത്തിനുമുമ്പ് ഭാരതം ഒരു കാലത്തും ഏകസാമ്രാജ്യത്തിൻെറ അധീനതയിലായിരുന്നില്ലെന്നാണ് ചരിത്രംകൊണ്ടു കാണുന്നത്. ചരിത്രാതീതകാലത്തിലെ നിലയെപ്പററി ഇന്നു ഗണിക്കുന്നത് എളുപ്പവുമല്ല. അശോകൻെറ കാലത്തിലും ചുരുക്കം സ്വതന്ത്രരാജാക്കന്മാർ ഇവിടെ ഭരണം നടത്തിയിരുന്നുവെങ്കിലും അശോകന്നെതിരായി അവർ യാതൊന്നും പ്രവർത്തിച്ചിട്ടുള്ളതായി അറിയാത്തതുകൊണ്ടും അദ്ദേഹത്തിൻെറ ശാസനങ്ങളെ അവരും ആദരിച്ചിരുന്നതുകൊണ്ടും ദിനകരൻെറ പ്രഭാവത്തിൽ മങ്ങിപ്പോകുന്ന നക്ഷത്രഗണങ്ങൾ എന്നപോലെ അവർ സ്ഥിതിചെയ്തിരുന്നതുകൊണ്ടും അക്കാലത്തു ഭാരതം മുഴുവൻ സമ്രാട്ട് അശോകൻെറ ആധിപത്യത്തിൽ ആയിരുന്നു എന്നു പറഞ്ഞാൽ അതിൽ തെററില്ല.

ബ്രഹ്മപുത്രാനദിയുടെ തീരത്തിലും അഴിമുഖത്തിലും വംഗദേശത്തിൽ മററു പലേടങ്ങളിലും അശോകൻെറ പല ശിലാസ്തംഭങ്ങളും സ്മാരകങ്ങളും ഉണ്ടായിരുന്നതുകൊണ്ട് ബംഗാളും അശോകസാമ്രാജ്യത്തിൽപെട്ടിരുന്നു എന്നതു വ്യക്തമാകുന്നു. കാമരൂപം എന്ന പ്രാ

ചീനനാമത്തോടുകൂടിയ ആസ്സാമിൽ വിഹാരങ്ങളോ സ്തംഭങ്ങളോ കാണപ്പെടാത്തതുകൊണ്ട് അന്ന് ആസ്സാം ഒരു സ്വതന്ത്രരാജ്യമായിരുന്നെന്നു വരാം. നെല്ലൂർവരേയുള്ള ഭാരതത്തിൻെറ പൂർവ്വഭാഗം മുഴുവൻ അശോകൻെറ ശാസനത്തിൻകീഴിലായിരുന്നുവെന്ന് ആദ്യം പറഞ്ഞുവല്ലോ. മൈസൂരിൽ അശോകൻെറ ശിലാലേഖകളും സ്മാരകങ്ങളും മററും കാണപ്പെടുന്നതുകൊണ്ട് മൈസൂരും അശോകസാമ്രാജ്യത്തിൽ പെട്ടിരുന്നിരിക്കണം. ചോള, പാണ്ഡ്യ, കേരളപുത്ര, സത്യപുത്ര (കുടക്) എന്ന ദേശങ്ങൾമാത്രം ഭാരതത്തിൻെറ തെക്കെഅററത്തു സ്വതന്ത്രങ്ങളായി വർത്തിച്ചുപോന്നു.

പ്രജാക്ഷേമകരങ്ങളും മതപരങ്ങളും രാഷ്ട്രോൽക്കർഷപ്രദങ്ങളുമായ കുളം, കിണർ, ചെത്തുവഴി, സത്രം, ധർമ്മശാല, വിഹാരം, സംഘാരാമം, ശിലാസ്തംഭം, രാജമന്ദിരം മുതലായവയുടെ നിർമ്മാണങ്ങൾക്ക് അശോകചക്രവർത്തി ലോകപ്രസിദ്ധനാണ്. ദേശദേശാന്തരങ്ങളിലും ദ്വീപദ്വീപാന്തരങ്ങളിലുംകൂടി ഇന്നും അശോകൻെറ ശിലാസ്തംഭങ്ങളും ശിലാശാസനങ്ങളും കാണപ്പെടുന്നുണ്ട്. അദ്ദേഹത്തിൻെറ മഹാസാമ്രാജ്യത്തിൽ എവിടെയും സുലഭങ്ങളാണ് ഈദൃശനിർമ്മാണങ്ങൾ. ഏ. ഡി. ഏഴാം ശതകത്തിൽ സുപ്രസിദ്ധനായ ഹ്യൂയെൻസാങ്ങ് എന്ന ചീനഭിക്ഷു ഭാരതത്തിൽ വരുംവഴി കാഫിർസ്ഥാനത്തിലെ കപിശാനഗരത്തിൽ അശോകനിർമ്മിതമായ ഒരു മഹാസ്തംഭവും കൊത്തുപണിക്കു മികച്ചുനിൽക്കുന്നതും അതികമനീയവും 300 അടി പൊക്കമുള്ളതുമായ ഒരു സുന്ദരമന്ദിരവും കണ്ടു അത്ഭുതപ്പെട്ടുപോയതായി അദ്ദേഹത്തിൻെറ യാത്രാവിവരണത്തിൽ കാണാം. ജലാലാബാദിനുസമീപം കാബൂൾനദിയുടെ കരയിൽ അശോകനാൽ ഉണ്ടാക്കപ്പെട്ട

വയും ഇന്നു നാമാവശേഷങ്ങളുമായ അനേകം മനോഹര ഭവനങ്ങളാലും സ്തൂപസ്തംഭാദികളാലും പ്രശോഭിതമായിരുന്ന നംഗഹാർ അഥവാ നംഗനഗരവും ആ ഭിക്ഷുവരനെ വിസ്മിതചിത്തനാക്കിത്തീർത്തു.

ഇന്നു നഷ്ടപ്രായങ്ങളായിരിക്കുന്ന അനേകം ഭവനങ്ങൾ അശോകമഹാരാജാവു കാശ്മീരദേശത്തിൽ പണിചെയ്തതായറിയുന്നു. വർത്തമാനശ്രീനഗരത്തിൻെറ ദക്ഷിണപൂർവ്വഭാഗത്തിൽ പരേട്ടൻ എന്ന സ്ഥലത്തു സ്ഥിതിചെയ്ത പ്രസിദ്ധിപൂണ്ട പഴയ രാജധാനിയും നഗരവും അശോകനിർമ്മിതമത്രേ.

നേപ്പാളദേശത്തിൽ ഉമനട്ടയി (ലുംബിനി) നിഗ്ലീവ എന്ന സ്ഥലങ്ങളിൽ കാണുന്ന സ്തംഭങ്ങൾക്കു പുറമെ മഞ്ജുപട്ടണം എന്ന പ്രാചീനനാമത്തോടുകൂടിയ കാട്ട്മാണ്ടുവിന്നുസമീപം അശോകൻ ഒരു നവീന നഗരം സൃഷ്ടിച്ചു. ഇവിടെനിന്നും കുറേ അകലെയായി ലളിതപട്ടണം എന്ന മറെറാരുനഗരവും അതിൻെറ ഹൃദയത്തിൽ നാലു മഹാസ്തംഭങ്ങളുടെ നടുവിലായി ഒരു മനോഹരക്ഷേത്രവും അശോകൻ നിർമ്മിച്ചിരുന്നു. ചക്രവർത്തിയുടെ പുത്രിയായ ചാരുമതീദേവി ദേവപാലൻ എന്ന തൻെറ ഭർത്താവോടുകൂടി നേപ്പാളദേശത്തിൽ സ്ഥിരതാമസമാക്കുകയും അവർ പശുപതി എന്ന ഒരു ക്ഷേത്രസന്നിധിയിൽ ദേവപട്ടണം എന്ന ഒരു പുതിയ നഗരം ഉണ്ടാക്കുകയും ചെയ്തു. അതിന്നടുത്ത് ജബാഹല എന്ന ഗ്രാമത്തിൽ ചാരുമതീദേവി ഒരു വമ്പിച്ച വിഹാരവും പണിചെയ്തു. അതിൽ വസിച്ചുകൊണ്ടാണ് സുചരിതയായ ആ ദേവീരത്നം ഈ സംസാരസാഗരത്തിൽനിന്നു വിമുക്തയായതും.

അശോകൻെറ കാലത്തിൽ വംഗദേശത്തിലെ ഏററവും പ്രസിദ്ധമായ തുറമുഖം താമ്രലിപ്തി ആയിരുന്നു. ബ്രഹ്മ, ചീന, സയാം മുതലായ രാജ്യങ്ങളുമായും സിംഹള, സുമാത്ര, ജാവ, പിലിപ്പൈൻ തുടങ്ങിയ ദ്വീപുകളുമായും വമ്പിച്ച വ്യാപാരം നടന്ന നഗരമായിരുന്നു അന്നു താമ്രലിപ്തി. ഏഴാം നൂററാണ്ടിൽ ഹ്യൂയെൻസാങ്ങ് ഇവിടം സന്ദർശിച്ച അവസരത്തിൽ അശോകൻ നിർമ്മിച്ച ഒരു ബൃഹത്സ്തംഭവും പതിനൊന്നു വിഹാരങ്ങളും അവിടെ ശേഷിച്ചു കണ്ടതായി അദ്ദേഹം രേഖപ്പെടുത്തുന്നു. ഇന്ന് ഈ തുറമുഖം നാമാവശേഷമായിത്തീർന്നിരിക്കുന്നെന്നു മാത്രമല്ല; മണ്ണുകൊണ്ടു മൂടപ്പെട്ടു കിടക്കയുമാണ്. സുമാറ് 18ഉം 20ഉം അടി കുഴിച്ചുനോക്കുമ്പോഠം ഭൂമിയുടെ അടിയിൽപ്പെട്ടുകിടക്കുന്ന പണ്ടത്തെ ഭവനങ്ങളുടെ കൽച്ചുണ്ണാമ്പുകൊണ്ടു കെട്ടിയ ഉറപ്പേറിയ ഭിത്തികഠം ഇവിടങ്ങളിൽ പലേടത്തും ഇന്നും കാണപ്പെടുന്നുണ്ട്. നാലാം ശതാബ്ദത്തിൽ ഫാഹിയാൻ ഭാരതം സന്ദർശിച്ചപ്പോഠം താമ്രലിപ്തിയിൽ അശോകനിർമ്മിതങ്ങളായ 22 വിഹാരങ്ങഠം ഉണ്ടായിരുന്നുപോൽ. സമുദ്രതീരത്തിൽനിന്ന് ഏഴുനാഴിക അകലെയുള്ള ഇന്നത്തെ തമലൂക്ക് നഗരം പണ്ടത്തെ താമ്രലിപ്തിയുടെ സ്ഥാനത്തിലാണ് സ്ഥിതിചെയ്യുന്നതു്.

ഹിമാലയപ്രാന്തങ്ങളിലെ ബൂട്ടാൻ മുതലായ പ്രദേശങ്ങഠം ജനവാസയോഗ്യമാക്കിത്തീർത്തതു് അശോകചക്രവർത്തിയായിരുന്നുവെന്നു ബ്രഹ്മയിലെ പല കഥകളിൽനിന്നും വിൻസെൻറ്സ്മിത്ത് തുടങ്ങിയ പ്രസിദ്ധരായ ചരിത്രാന്വേഷികളുടെ രേഖകളിൽനിന്നും വ്യക്തമാകുന്നുണ്ട്. ബുദ്ധദേവൻെറ പരിനിർവ്വാണത്തിന്നുശേഷം 250

വഷം കഴിഞ്ഞപ്പോഴാണ് അശോകചക്രവത്തി ബൂട്ടാനിൽ പ്രവേശിച്ചതും നഗരങ്ങാം പണിചെയ്തു ബൌദ്ധരേയും ജൈനരേയും അവിടങ്ങളിൽ ആകഷിച്ചതും. ലോകത്തിലെ മഹാത്ഭുതങ്ങളിൽ ഒന്നായി എണ്ണപ്പെട്ടുവരുന്ന ചീനയിലെ ഭീമമായ ഭിത്തിയെ നിമ്മിച്ച ശിഹാംഗടി എന്ന ചക്രവത്തിയായിരുന്നു അക്കാലം മഹാചീനദേശത്തെ ഭരിച്ചുപോന്നതെന്നും ആ കഥകളിൽ കാണുന്നുണ്ട്. ശിഹാംഗടീയുടെ വാഴ്ചക്കാലം ബി. സി 246നും 210 നും മദ്ധ്യേയാകയാലും അതു അശോകൻെറ കാലത്തിൽ പെടുന്നതുകൊണ്ടും ബൂട്ടാനിനേയും ചീനഭിത്തിയേയും സംബന്ധിച്ച ആ കഥകാം വിശ്വാസയോഗ്യങ്ങാംതന്നെ.

ഇന്നു പാററ്ന എന്നറിയപ്പെടുന്ന പണ്ടത്തെ പാടലീപുത്രനഗരത്തിലായിരുന്നു അശോകൻെറ ചരിത്രപ്രശസ്തിയാന്ന ആ മഹാരാജധാനി സ്ഥിതിചെയ്തതു്. സോൺനദിയുടെ കരയിൽ ഉണ്ടാക്കപ്പെട്ട ആ നഗരത്തിൻെറ ഒരു വശത്തു ഗംഗയും സോണും സമ്മേളിക്കുന്നു. ഉറപ്പേറിയ പുറമതിലുകളാൽ ചുററപ്പെട്ട ആ പ്രാചീന നഗരത്തിൽ അനേകം മനോഹരസംഘാരാമങ്ങളും സ്തൂപസ്തംഭാദികളും തിളങ്ങുന്ന വെൺമാടങ്ങളും രാജപ്രാസാദങ്ങളുമുണ്ടായിരുന്നു. പല നൂററാണ്ടുകളോളം വൈദേശിക യാത്രക്കാരെ അത്ഭുതപരതന്ത്രരാക്കിത്തീത്ത ഈ വിശിഷ്ട നിമ്മാണങ്ങാം ഏറെക്കാലമായി മണ്ണിന്നടിയിൽ അകപ്പെട്ടുകിടക്കുകയാകുന്നു. അഞ്ചാംനൂററാണ്ടിൻെറ ആദിയിൽ ഫാഹിയാൻ പാടലീപുത്രം സന്ദശിച്ചപ്പോാം രാജധാനിയും മററും യാതൊരു കേടുംകൂടാതെ സ്ഥിതിചെയ്തതായി അദ്ദേഹത്തിൻെറ യാത്രക്കുറിപ്പിൽ കാണാം. അത്ഭുതകരമായ ശില്പവൈചിത്ര്യത്തെ പ്രദശിപ്പിച്ച ആ മനോഹരങ്ങളായ ഹമ്മ്യങ്ങാം മനുഷ്യനിമ്മിതങ്ങളല്ല,

ദേവന്മാരാലോ മററൊ ഉണ്ടാക്കപ്പെട്ടവയായിരിക്കണം എന്നാണ് ജനങ്ങൾ വിശ്വസിച്ചുപോന്നതു്. ഭൂഗർഭഗവേഷണാർത്ഥം ഇവിടങ്ങളിൽ പലേടത്തും കഴിച്ചുനോക്കിയപ്പോൾ പണ്ടത്തെ നഗരത്തിൻെറ അവശിഷ്ടങ്ങൾ അങ്ങിങ്ങായി കാണപ്പെടുകയുണ്ടായി. കഴിഞ്ഞ ബീഹാർ ഭൂകമ്പത്തിൽ പാററ്നാനഗരം നഷ്ടമായതുപോലെ പല ഭയങ്കരങ്ങളായ ഭൂകമ്പങ്ങളുടെ ഫലമായി പാടലീപുത്രനഗരം നശിച്ചുപോയതാവണം.

---

# അഞ്ചാംഅദ്ധ്യായം

## മൌര്യ്യകാലഭരണപദ്ധതി

ചാണക്യൻെറ ജഗത്പ്രസിദ്ധമായ അർത്ഥശാസ്ത്രത്തിലെ നിബന്ധനകൾക്കനുസരിച്ചായിരുന്നു അശോകചക്രവർത്തി ഭരണംനടത്തിവന്നതു്. ആ ഭരണപദ്ധതിപ്രകാരം യാതൊരു രാജാവിനും സ്വാതന്ത്ര്യാധികാരങ്ങൾ ഉണ്ടായിരുന്നില്ല. ധർമ്മശാസ്ത്രത്തിൽനിന്നു വ്യതിചലിക്കാതെ സചിവന്മാരുടെ ഉപദേശങ്ങൾക്കനുസരിച്ച് രാജ്യം ഭരിക്കുകയായിരുന്നു രാജാവിൻെറ കർത്തവ്യം. മന്ത്രിമാരുടെ സദുപദേശങ്ങളെ അവഗണിച്ചും ധർമ്മശാസ്ത്രത്തിലെ നിബന്ധനകളെ അനാദരിച്ചും സ്വേച്ഛാധികാരം നടത്തുന്ന രാജാവിനെ സിംഹാസനത്തിൽനിന്നു ബഹിഷ്കരിക്കണം എന്നായിരുന്നു നിയമം. എന്നുമാത്രമല്ല, സ്ഥാനഭ്രഷ്ടനായ രാജാവു വധശിക്ഷക്കും പാത്രമായിരുന്നു.

എല്ലാ രാജാക്കന്മാരും ഈ നിയമങ്ങളെ തെല്ലും തെററാതെ അനുഷ്ഠിച്ചിരുന്നു എന്നു പറഞ്ഞുകൂടാ. എ

ന്നിരുന്നാലും മൌൎയ്യവംശപ്രദീപമായ അശോകൻ ഈ നിബന്ധനകളിൽനിന്നു വ്യതിചലിച്ചിരുന്നില്ല എന്നു നിസ്സംശയംപറയാം. പാർലിമെണ്ട് അഥവാ നിയമസഭ എന്ന പ്രസ്ഥാനം അന്നില്ലായിരുന്നുവെങ്കിലും ജനഹിതത്തിന്നനുസരിച്ചായിരുന്നു ഭരണം നടത്തിയിരുന്നത്. പാശ്ചാത്യരാജ്യങ്ങളിലെ രാജാക്കന്മാൎക്ക പണ്ട് ഈ ശാശ്വതാധികാരം കല്പിക്കപ്പെട്ടതുകൊണ്ട് അവരുടെ ഹിതത്തിന്നെതിരായി പ്രവൎത്തിക്കുവാൻ പ്രജകൾക്ക് അധികാരമോ അർഹതയോ ഉണ്ടായിരുന്നില്ല. എന്നാൽ കൌടില്യന്റെ അൎത്ഥശാസ്ത്രത്തിൽ രാജാവിന് അങ്ങിനെ ഈ ശാശ്വതാധികാരം കല്പിക്കപ്പെട്ടിരുന്നില്ല.

മൌൎയ്യസാമ്രാജ്യത്തിലെ എല്ലാ ഏൎപ്പാടുകളും മന്ത്രിസഭയുടെ അധീനതയിലാണ് വൎത്തിച്ചത്. പ്രധാനമന്ത്രി, പുരോഹിതൻ, സേനാപതി, യുവരാജാവ് മുതലായവരായിരുന്നു മന്ത്രിസഭയിലെ പ്രധാനാംഗങ്ങൾ. എല്ലാ ഡിപ്പാർട്ടുമെണ്ടിലേയും അദ്ധ്യക്ഷന്മാർ സമ്മേളിച്ചിരുന്ന മറെറാരു മന്ത്രിമണ്ഡലവും ഉണ്ടായിരുന്നു. അതിൽ പ്രധാനമന്ത്രി, പ്രധാന കോശാദ്ധ്യക്ഷൻ, പ്രധാനനിരീക്ഷകൻ (ആഡിറ്റർ ജനറാൾ അഥവാ എക്കൌണ്ടൻറ് ജനറാൾ) പത്രവ്യവഹാരാധികൃതൻ, മനുഷ്യഗണനാവിഭാഗാധിപൻ (കാനേഷുമാരി അധികൃതൻ), രാജഗൃഹപ്രമാണി, അന്തർവംശിക സർദാർ (അംഗരക്ഷകൻ) മുതലായവർ സംബന്ധിച്ചിരുന്നു. കൂടാതെ, പ്രധാന ഡിപ്പാർട്ടുമെൻറുകൾക്കൊക്കെയും പ്രത്യേകം പ്രത്യേകം പ്രവൎത്തകസമിതികളും ഉണ്ടായിരുന്നുവത്രെ.

അന്നത്തെ ഭരണപദ്ധതി പല വിഭാഗങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. അവയിൽ പ്രാധാന്യമർഹിക്കുന്ന

വിഭാഗങ്ങളുടെ ഒരു ചെറുവിവരണമാകുന്നു താഴെ കൊടുക്കുന്നത്.

<u>സേനാവിഭാഗം</u>—പ്രാചീനസമ്പ്രദായമനുസരിച്ചുള്ള ചതുരംഗിണിസേനയായിരുന്നു മൌര്യകാലത്തിലും നടപ്പിലുണ്ടായിരുന്നത്. ചന്ദ്രഗുപ്തൻെറ ചതുരംഗിണിസേനയിൽ 9,000 ഗജങ്ങളും 8000 രഥങ്ങളും, 30,000 തുരഗങ്ങളും, 6 ലക്ഷം പദാതികളും ഉൾപ്പെട്ടും. ഓരോ രഥത്തിലും സാരഥിക്കു പുറമെ രണ്ടു ധനുർദ്ധരന്മാരും ഓരോ ആനപ്പുറത്തും ഹസ്തിപന്നുപുറമെ മൂന്നു വില്ലാളികളും ഉണ്ടാകും. ഇങ്ങിനെ ഗജാരോഹന്മാരും രഥികളുമടക്കം സൈന്യത്തിൽ ആകെ 6,90,000 ഭടന്മാർ അടങ്ങിയിരുന്നു. ഇവർക്കെല്ലാം നിയമിതരൂപത്തിൽ വേതനം ലഭിച്ചുവന്നു.

സേനാവിഭാഗത്തിന്ന് ഒരു പ്രത്യേകമണ്ഡലമുണ്ടായിരുന്നു. അത് അഞ്ചീതു സദസ്യർ അടങ്ങിയ ആറ് ഉപസമിതികളായി വിഭജിക്കപ്പെട്ടു. പ്രഥമവിഭാഗം ജലസേനാധിപതിയുടെ നേതൃത്വത്തിൽ ജലസൈനികകാര്യങ്ങൾ ആലോചിച്ചു. സൈനികസാമഗ്രികളുടേയും ഭക്ഷണവ്യവസ്ഥയുടേയും ചുമതല ദ്വിതീയവിഭാഗമാണ് നിർവ്വഹിച്ചത്. കാലാൾപ്പടയുടെ കാര്യം തൃതീയവിഭാഗത്തിൻെറ വരുതിയിൽ പെട്ടു. കുതിരപ്പടയുടെ ഏർപ്പാടുകളാണ് ചതുർത്ഥവിഭാഗം ആലോചനചെയ്തത്. പഞ്ചമവഭാഗം രഥസേനയുടേയും ഷഷ്ഠവിഭാഗം ഗജസൈന്യത്തിൻെറയും വ്യവസ്ഥകൾ ചെയ്തു. ചതുരംഗിണിസേനയ്ക്കു പുറമെ ജലസേനാവിഭാഗവും സൈന്യസാമഗ്രിവിഭാഗവും ആദ്യമായി ഏർപ്പെടുത്തിയതു ചന്ദ്രഗുപ്തനായിരുന്നു എന്നത് ഇവിടെ പ്രസ്താവയോഗ്യമാകുന്നു.

ഒരു പ്രത്യേകസ്ഥലത്തിൽ പ്രവൎത്തിക്കുന്ന സ്ഥിരയന്ത്രം, മററു സ്ഥലങ്ങളിൽ നീക്കംചെയ്യാവുന്ന ചലയന്ത്രം, കരിയുടെ ശിരസ്സുപോലുള്ള ഹലമുഖം,ധനുസ്സ്, ബാണം, ഖഡ്ഗം, ക്ഷുരകല്പം മുതലായി സൈനികോപയോഗങ്ങളായ പലതരം അസ്ത്രശസ്ത്രങ്ങളെപ്പററിയും അൎത്ഥശാസ്ത്രത്തിൽ പറഞ്ഞുകാണുന്നുണ്ട്.

അക്കാലത്ത് പലപ്രകാരത്തിലുള്ള ദുൎഗ്ഗങ്ങൾ ഉണ്ടായിരുന്നു. ഔദകം എന്നു പറയപ്പെട്ട ദുൎഗ്ഗം ഒരു ദ്വീപ് എന്നപോലെ ചുററുംപാടും ജലംകൊണ്ട് ആവൃതമാകും. പൎവ്വതപാൎശ്വങ്ങളിൽ പാൎവ്വതദുൎഗ്ഗവും ഊഷരപ്രദേശങ്ങളിൽ ധാന്വനദുൎഗ്ഗവും ഘോരകാനനങ്ങളിൽ വനദുൎഗ്ഗവും ഉണ്ടാക്കപ്പെട്ടിരുന്നു. ഇവയ്ക്കു പുറമെ അനേകം ചെറിയ ചെറിയ കോട്ടകൾ ഗ്രാമങ്ങളിൽ അങ്ങിങ്ങായി സ്ഥിതിചെയ്തു.

<u>നഗരഭരണവിഭാഗം:</u>—നഗരകാൎയ്യങ്ങളെപ്പററി ആലോചിക്കുവാൻ സൈനികമണ്ഡലം എന്നപോലെ ഒരു നഗരസഭ വൎത്തിച്ചു. ഇതിലും 30 സദസ്യർ അടങ്ങിയ ആറ് ഉപവിഭാഗങ്ങൾ ഉണ്ടായിരുന്നു. ഈ സമിതിയെ ഇന്നത്തെ മുനിസിപ്പാൽ കൌൺസിലിനോട് ഉപമിക്കാം. നഗരസഭയിലെ പ്രഥമവിഭാഗം ശില്പകല, ഉദ്യോഗസ്ഥവ്യവസ്ഥ, കരകൌശലനിരീക്ഷണം മുതലായവയുടെ മേൽനോട്ടം വഹിച്ചു. തൊഴിലാളികളുടെ കൂലിനിരക്കു നിശ്ചയിക്കുന്നതും വ്യവസായശാലകൾക്കു വേണ്ടുന്ന അസംസ്കൃതസാധനങ്ങൾ സംരക്ഷിക്കുന്നതും ഈ വിഭാഗത്തിൻെറ ചുമതലയിൽ പെടും. ചീത്തയോ താണതരമോ ആയ അസംസ്കൃതസാധനങ്ങൾ വ്യവസായശാലക

ളിൽ ഉപയോഗിക്കുന്നതിനെ തടയുവാൻ തക്ക നടവടികൾ ഇവർ എടുത്തിരുന്നു. ശില്പികളും മററു കൈവേലക്കാരും രാജ്യത്തിൻെറ വിശേഷസേവകരായി കരുതപ്പെട്ടിരുന്നതുകൊണ്ടു അവരെ അംഗഭംഗപ്പെടുത്തുകയൊ പ്രവൃത്തിക്കു കൊള്ളാത്തവരാക്കിത്തീക്കുകയൊ ചെയ്യുന്നവക്കു അന്നു വധശിക്ഷപോലും വിധിച്ചിരുന്നതായി അറിയുന്നുണ്ട്.

വിദേശികളെസ്സംബന്ധിച്ച കാര്യങ്ങളാണ് ദ്വിതീയവിഭാഗം നിവ്വഹിച്ചതു്. മൌയ്യകാലഭാരതം വിദേശികളുമായി വിശേഷിച്ചും ബന്ധപ്പെട്ടിരുന്നു എന്ന വസ്തുത ചരിത്രമുള്ളേടത്തോളം നിലനില്ക്കും. അനേകം പരദേശികൾ വ്യാപാരസംബന്ധമായോ ദേശസന്ദശ്നാത്ഥമോ അന്നിവിടെ സദാ വന്നും പോയും കൊണ്ടിരുന്നു. അവരുടെ പദവിക്കനുസരിച്ച് അവക്ക് സുഖവാസസൗകയ്യങ്ങൾ ഏർപ്പെടുത്തുന്നതിലും അവരുടെ ശുശ്രൂഷാത്ഥം അവിടങ്ങളിൽ പരിചാരകന്മാരെ നിയമിക്കുന്നതിലും ആവശ്യമുള്ളപ്പോൾ വിദഗ്ദ്ധവൈദ്യസാഹായ്യം നൽകുന്നതിലും ഈ വിഭാഗം വിശേഷിച്ചും ശ്രദ്ധിച്ചു. ഇവിടെ വെച്ചു മരണപ്പെടുന്ന വിദേശികളുടെ അന്തിമസംസ്കാരത്തിനുള്ള വ്യവസ്ഥകളും അന്നു് സ്തുത്യർഹമായനിലയിൽ ചെയ്യപ്പെട്ടിരുന്നു. പരേതനായ വിദേശിക്കു് ഇവിടെ വല്ല സമ്പാദ്യവുമുണ്ടെങ്കിൽ അതു് ആയാളുടെ അവകാശികൾക്കു് അയച്ചുകൊടുക്കുന്നതിനുള്ള നിബന്ധനകളും അന്നുണ്ടായിരുന്നുവത്രെ.

ജനനമരണക്കണക്കുകൾ രേഖപ്പെടുത്തുന്നതു് തൃതീയവിഭാഗത്തിൻെറ ചുമതലയായിരുന്നു. നഗരങ്ങളിലെ ജനസംഖ്യയിൽ കാലംതോറുമുള്ള വൃദ്ധിക്ഷയങ്ങൾ കാ

ണവാൻ ഈ കണക്കുകൾ ഉപകരിച്ചു. പ്രജകളിൽനിന്നു കരം വസൂൽചെയ്യുന്ന വിഷയത്തിലും ഈ രേഖകൾ സഹായിച്ചിരിക്കണം. കാരണം എല്ലാ പ്രജയിൽനിന്നും വസൂലാക്കപ്പെട്ട ഒരുതരം ചുങ്കം (Poll tax) അന്നു നടപ്പിലുണ്ടായിരുന്നു. ഇത്രയും പ്രാചീനകാലത്തിൽ ഇവിടെക്കണ്ട കാനേഷുമാരിസമ്പ്രദായം വിദേശിയാത്രക്കാരെ ആശ്ചര്യഭരിതരാക്കിത്തീർത്തിരുന്നുവെന്നും ഇവിടെ പ്രസ്താവ്യമാണ്. നഗരത്തിൽ മാത്രമല്ല, സാമ്രാജ്യത്തിൽ മുഴുവനും പ്രത്യേകജനഗണനാവിഭാഗം പ്രവർത്തിച്ചിരുന്നതായും അറിയുന്നുണ്ട്.

ചതുർത്ഥവിഭാഗം വ്യാപാരവാണിഭങ്ങളുടെ മേൽനോട്ടം വഹിച്ചു. വിക്രയസാധനങ്ങളുടെ വില നിശ്ചയിക്കുന്നതും തുലാസ്സും കല്ലുകളും മററ് അളവുകളും കച്ചവടക്കാർ സൂക്ഷ്മമായി വെക്കുന്നുണ്ടോ എന്നു പരിശോധിക്കുന്നതും രാജമുദ്രാങ്കിതമായ അളവുകളും തൂക്കങ്ങളും തന്നെയാണോ അവർ ഉപയോഗിക്കുന്നത് എന്നു ശ്രദ്ധിക്കുന്നതും ഈ വിഭാഗത്തിൻെറ അധികാരത്തിൽ പെട്ടും. ചില പ്രത്യേകവ്യാപാരികൾ വ്യാപാരംചെയ്യുന്നതിന് രാജാവിൽനിന്നും ആജ്ഞാപത്രം അഥവാ ലൈസൻസ് വാങ്ങേണ്ടതുണ്ടായിരുന്നു. അതിന്ന് ഒരു പ്രത്യേകകരം ആ വ്യാപാരികൾ അടക്കേണ്ടതുമുണ്ട്.

പഞ്ചമവിഭാഗം വ്യവസായശാലകളുടേയും അവയിൽ നിർമ്മിക്കപ്പെട്ടുന്ന പദാർത്ഥങ്ങളുടേയും നിരീക്ഷണം ചെയ്തു. പഴയതും പുതിയതുമായ സാധനങ്ങൾ ഒന്നായി കൂട്ടിക്കലർത്താതെ വെവ്വേറെ വെക്കേണമെന്ന നിബന്ധനയുമുണ്ടായിരുന്നു. ചില പഴയ വസ്തുക്കൾ രാജാജ്ഞയി

ല്ലാതെ വിററുകൂടാ. അങ്ങിനെ വില്ക്കുന്നതായാൽ അതു നിയമവിരുദ്ധവും ശിക്ഷാൎഹവുമത്രെ.

ഷഷ്ഠവിഭാഗം വിക്രയംചെയ്യപ്പെട്ട സാധനങ്ങളുടെ വിലയിന്മേൽ ദശാംശം ഒരുതരം കരമായി വസൂൽ ചെയ്യുന്നു. കരം കൊടുക്കാതെ വല്ലവനും ഈ നിയമത്തെ ലംഘിക്കുന്നപക്ഷം അവൻ വധശിക്ഷയ്ക്കുകൂടി പാത്രമായിത്തിരുന്നു.

ഇങ്ങിനെ പ്രത്യേകവിഭാഗങ്ങളുടെ ചുമതലകൾ നിൎവ്വഹിക്കുന്ന എല്ലാ വിഭാഗക്കാരും ചിലപ്പോൾ ഒത്തുചേൎന്നു നഗരത്തെ മുഴുവൻ ബാധിക്കുന്ന പൊതുക്കാൎയ്യങ്ങളെപ്പററി ചിന്തിക്കാറുമുണ്ട്.

<u>പ്രാന്തീയഭരണവിഭാഗം</u>:—മൌൎയ്യസാമ്രാജ്യം വളരെ വിസ്തീൎണ്ണമേറിയതാകയാൽ വിദൂരസ്ഥിതങ്ങളായ രാജ്യങ്ങൾ ഭരണസൌകൎയ്യാൎത്ഥം ചില പ്രാന്തങ്ങ (ഖണ്ഡങ്ങ)ളായി വിഭജിക്കപ്പെട്ടിരുന്നു. രാജപ്രതിനിധിമുഖേനയാണ് ഓരോ ഖണ്ഡത്തിലേയും ഭരണം നിൎവ്വഹിക്കപ്പെട്ടതു്. രാജപ്രതിനിധികൾ പ്രായേണ രാജകുമാരന്മാരോ അഥവാ രാജവംശജരോ ആയിരിക്കും. അശോകസാമ്രാജ്യത്തിൽ അങ്ങിനെയുള്ള നാലു പ്രത്യേകഖണ്ഡങ്ങൾ ഉണ്ടായിരുന്നതായി അദ്ദേഹത്തിൻെറ ചില ശിലാലേഖകളിൽ കാണാം. തക്ഷശില, ഉജ്ജയിനി, തോശാലി, സുവൎണ്ണഗിരി എന്നീ നഗരങ്ങളിലായിരുന്നു ഓരോ ഖണ്ഡത്തിലേയും രാജധാനി സ്ഥിതിചെയ്തതു്. ഇവയിൽ തക്ഷശിലയേപ്പററിയും ഉജ്ജയിനിയേപ്പററിയും ആദ്യം പറഞ്ഞുവല്ലൊ. തോശാലി കലിംഗസംസ്ഥാനത്തിൻെറയും

സുവർണ്ണഗിരി മൈസൂർ ഉൾപ്പെടെയുള്ള ദക്ഷിണഖണ്ഡ
ത്തിന്റെയും ഭരണകേന്ദ്രമായിരുന്നു.

രാജപ്രതിനിധിയുടെ കീഴിൽ രജ്ജുകൻ എന്നറിയ
പ്പെട്ട ഉയർന്ന ഉദ്യോഗസ്ഥൻ സ്ഥിതിചെയ്തു. അദ്ദേഹ
ത്തെ ഇന്നത്തെ കമ്മീഷണറോട് ഉപമിക്കാം. രജ്ജുക
ന്റെ അധീനത്തിൽ പ്രാദേശികൻ എന്നു വിളിച്ചുവന്ന
ജില്ലാധികൃതന്മാർ വർത്തിച്ചു. ഓരോ പ്രാദേശികനെയും
വേണ്ടതിൻവണ്ണം സഹായിക്കുന്നതിന്നായി അനേകം യു
ക്തന്മാരും ഉപയുക്തന്മാരും മററു ലേഖകന്മാരും ഉണ്ടായി
രുന്നു. യുക്തനെ ഇന്നത്തെ റവന്യൂ ഇൻസ്പെക്ടറായും
ഉപയുക്തന്മാരെ ഇന്നത്തെ ഗ്രാമസ്ഥന്മാരായും അനുമാനി
ക്കുന്നതിൽ തെററുണ്ടാകയില്ലെന്നു തോന്നുന്നു. ചെറുതരം
പോലീസ്സുദ്യോഗസ്ഥന്മാരുടെ ചുമതലകളും ഈ യുക്ത
ന്മാരും ഉപയുക്തന്മാരും നിർവ്വഹിച്ചിരിക്കണം.

വിദൂരസ്ഥിതരായ ഉദ്യോഗസ്ഥന്മാരുടെ കാര്യനിർവ്വ
ഹണത്തിന്റെ സൂചന നൽകുവാനും വിശേഷവർത്തമാ
നങ്ങൾ അറിയിക്കുവാനുംവേണ്ടി അനേകം പ്രതിവേദക
ന്മാർ (സംവാദദാതാക്കന്മാർ) ചക്രവർത്തിയുടെ കീഴിൽ
വർത്തിച്ചിരുന്നു.

ഗുപ്തചരവിഭാഗം—സൈന്യബലം രാജ്യരക്ഷയെ
ചെയ്യുന്നതുപോലെ അനേകം ഗുപ്തചരന്മാർ രാജ്യരക്ഷാ
കാര്യത്തിൽ സദാ ശ്രദ്ധിച്ചുകൊണ്ടിരുന്നു. ഈ ഗുപ്തചര
വ്യവസ്ഥയെപ്പററി അർത്ഥശാസ്ത്രത്തിൽ വിശദമായ വി
വരണങ്ങൾ കൊടുത്തിട്ടുണ്ട്. പലപല പേരിലും വേഷ
ത്തിലും രാജ്യത്തിന്റെ നാനാഭാഗങ്ങളിലും ചുററിസ്സഞ്ച
രിച്ചുകൊണ്ട് ഈ രാജസേവകന്മാർ പല പ്രകാരേണയും

ചക്രവൎത്തിയെ സഹായിച്ചുവന്നു. സാമ്രാജ്യത്തിൻെറ പരിധിക്കുള്ളിൽമാത്രമല്ല, പുറമേയുള്ള ശത്രുരാജ്യങ്ങളിൽ പോലും അവർ പോയി വേഷംമാറി സഞ്ചരിച്ച് ഗുപ്തവൃത്താന്തങ്ങറം തേടി. പരിഷ്കൃതരാജ്യങ്ങളിൽ ഇന്നു നടപ്പിലുള്ള C. I. D. സമ്പ്രദായം ഇതിൻെറ ഒരു അനുകരണമാണെന്നു വരാം.

ഗുപ്തചരന്മാരിലും പല വിഭാഗക്കാർ ഉണ്ടായിരുന്നു. അന്യരുടെ അന്തർഗതങ്ങളെ എളുപ്പത്തിൽ മനസ്സിലാക്കുന്ന സമൎത്ഥരായ ഗുപ്തചരന്മാരെ കാപടികർ എന്നാണ് പറഞ്ഞുവന്നതു്. വിദ്യാലയങ്ങളിലെ വിദ്യാൎത്ഥികളിൽനിന്നും അദ്ധ്യാപകന്മാരിൽനിന്നും സൂക്ഷ്മസംഗതികറം ഗ്രഹിക്കുന്നതു് ഇവരാണ്. വല്ല അപരാധിയും വിദ്യാൎത്ഥിവേഷത്തിൽ വിദ്യാലയങ്ങളിൽചെന്നു വൎത്തിക്കുന്നതായാൽ കാപടികൻ ക്ഷണത്തിൽ അവനെ കണ്ടുപിടിക്കും.

ശാസ്ത്രജ്ഞാനവിഷയത്തിൽ വിദഗ്ദ്ധനും ഏതെങ്കിലും വിദ്യാപീഠത്തിലെ ആചാര്യനുമായി ശിഷ്യഗണസമേതം നിവസിച്ച് കൃഷി. ഗോപാലനം, വാണിജ്യം മുതലായവ ചെയ്തും രാജ്യത്തിൽ നടക്കുന്ന ഗൂഢസംഗതികളുടെ വൃത്താന്തം രാജാവിനു നൽകിയും വൎത്തിച്ചുവന്ന ഗുപ്തചരനെ ഉദാസ്ഥിതനെന്നു പറയും. ഗ്രാമത്തിൽ സ്വാധീനതയുള്ള ഏതെങ്കിലും ജോലിയിൽ പ്രവേശിച്ചും രാജാവിനാൽ സൌജന്യമായി നൽകപ്പെട്ട കൃഷിഭൂമിയിൽ കൃഷി ചെയ്തു ഉപജീവനം നയിച്ചും ഗുപ്തസംഗതികറം ഗോപിമായറിഞ്ഞും രാജാവിനെ സേവിച്ചുവന്ന മറെറാരുതരം ഗുപ്തചരന്മാരുണ്ട്. അവരെ ഗൃഹപതികർ എന്നാണ് വിളിച്ചുവന്നതു്. വണിക്കിൻെറ വേഷത്തിൽ വ്യാപാരി

കളുടെ ഇടയിൽ പെരുമാറി ഗുപ്തസംഗതികളുടെ സൂച ന രാജാവിന്നു നൽകിവന്ന ഗുപ്തചരനെ വൈദേഹക നെന്നു പറയും. സന്യാസിവേഷംകെട്ടി, ശിരസ്സ് മുണ്ഡ നംചെയ്ത്, ജടാധാരിയായി നാടുതോറം സഞ്ചരിച്ച് ശി ഷ്യന്മാർ മുഖേന ഗൂഢസംഗതികൾ അറിഞ്ഞുവന്ന താ പസനെന്ന ഗുപ്തചരനുമുണ്ട്. സത്രിയെന്നും തീക്ഷ്ണനെ ന്നും രസദനെന്നും പേരുള്ള മററു മൂന്നുതരം ഗുപ്തചരന്മാ രുടെ വിവരണവും അത്ഥശാസ്ത്രത്തിൽ കാണാം. സ്ത്രീകൾ മുഖേന ഗുപ്തസംഗതികൾ ഗ്രഹിക്കുന്നതിന്ന ഭിക്ഷുകി എ ന്നറിയപ്പെട്ട ഗുപ്തചാരിവിഭാഗവും പ്രവത്തിച്ചുവന്നി രുന്നു.

കൃഷിവിഭാഗം:—സീതാദ്ധ്യക്ഷൻ എന്ന ഉദ്യോഗ സ്ഥൻ കൃഷിവിഭാഗത്തിൻെറ മേൽനോട്ടം വഹിച്ചു. ഇ ന്നത്തെ കൃഷിഡയരക്ടരോട് അദ്ദേഹത്തെ ഉപമിക്കാം. കൃഷിസംബന്ധമായ വിഷയങ്ങളിൽ ശാസ്ത്രീയവും വ്യാവ ഹാരികവുമായ ജ്ഞാനം അദ്ദേഹത്തിനുണ്ടായിരുന്നു. ഭൂമി രാജാവിൻെറ അധീനതയിലാകയാൽ വിളവിൽ ചതു ത്ഥാംശമോ ഷഷ്ഠാംശമോ രാജഭോഗമായി കൊടുക്കേണ്ടതു കൃഷിക്കാരൻെറ കത്തവ്യമാകുന്നു. കൃഷിക്കാരെ സൈനി കസേവനത്തിൽനിന്ന് ഒഴിവാക്കിയിരുന്നു. അതുകാരണം രാജ്യത്തിൽ ഘോരസമരം നടന്നുകൊണ്ടിരിക്കുമ്പോഴും കൃഷിപ്രവൃത്തി മുടങ്ങാതെ തുടന്നുവന്നു. ഭാരതത്തിലെ ഈ വ്യവസ്ഥ മെഗസ്തനീസ്സിനെ അത്ഭുതപ്പെടുത്തിയ തായി അദ്ദേഹത്തിൻെറ ലേഖനത്തിൽ കാണാം.

ഭാരതവഷം കൃഷിപ്രധാനമായ ഒരു രാജ്യമാകുന്നു. പരിഷ്കൃതമായ ജലസേചനപദ്ധതികൾ ഇവിടെ പ

ളുതല്ല. ചന്ദ്രഗുപ്തന്റെ കാലം തുടങ്ങി ജലസേചനാൎത്ഥം ഒരു പ്രത്യേകവിഭാഗംതന്നെ പ്രവൎത്തിച്ചുവന്നു. കൃഷിപ്രദേശങ്ങളിൽ ജലസേചനവ്യവസ്ഥകൾ ഉണ്ടായിരുന്നതുകൊണ്ട് ആണ്ടിൽ രണ്ടു തവണ വിളവെടുത്തതായും നദികളിൽ അണകെട്ടിയും അനേകം തോടുകൾ കീറിയും കൃഷിഭൂമിയിലേക്കു ജലം കൊണ്ടുപോയതായും മെഗസ്തനീസ് വൎണ്ണിച്ചിട്ടുണ്ട്. അൎത്ഥശാസ്ത്രത്തിലും കൃത്രിമനദീനിൎമ്മാണം സേതുബന്ധനം തുടങ്ങിയ ജലസേചനവ്യവസ്ഥകളെപ്പററി ചിത്രണം ചെയ്യുന്നു. നദിയോ, തടാകമോ, കുളമോ ഇല്ലാത്ത സ്ഥലങ്ങളിൽ കൃഷിയുടെ ആവശ്യാൎത്ഥം സൎക്കാർവകയായി ഇവ നിൎമ്മിക്കപ്പെട്ടിരുന്നു.

കത്തിയവാർജില്ലയിൽ ഗിർനാർ എന്ന സ്ഥലത്തു കണ്ടെത്തിയ രുദ്രദാമന്റെ ശിലാലേഖ .ഇതിന്നൊരു ഉത്തമദൃഷ്ടാന്തമാകുന്നു. എ. ഡി. 150ൽ രുദ്രദാമരാജാവിനാൽ എഴുതപ്പെട്ട ഈ ശിലാലേഖയിൽ ഇങ്ങിനെ പറയുന്നു:—

"ചന്ദ്രഗുപ്തന്റെ ആജ്ഞാനുസാരം തന്റെ അധീനതയിൽ പശ്ചിമഖണ്ഡം ഭരിച്ച പുഷ്യഗുപ്തൻ ഗിർനാറിലെ കുന്നിൽക്കൂടി ഒഴുകിയ ഒരു നദിയെ ബന്ധിച്ച് അവിടെ ഒരു കൃത്രിമതടാകം നിൎമ്മിച്ചു. സുദൎശനതടാകമെന്നാണ് അതിന്നു പേരിട്ടതു്. ഈ തടാകത്തിലെ ജലം കൃഷിയുടെ ആവശ്യാൎത്ഥം ഉപയോഗിച്ചുതുടങ്ങി. അനന്തരകാലത്തിൽ അശോകൻ ഈ തടാകത്തിൽനിന്നു തോടുകൾകീറി അവയെ കൃഷിക്കു കൂടുതൽ ഉപയോഗപ്രദമാക്കി. തോടുകളുടെ നിൎമ്മാണം അശോകന്റെ പ്രതിനിധിയായ തുഷാസ്പരാജാവിന്റെ മേൽനോട്ടത്തിലാണ് ചെയ്യപ്പെട്ടതു്. തുഷാസ്പൻ ഒരു പാരസീകപ്രഭുവായിരു

ന്നു. മൌൎയ്യസമ്രാട്ടിനാൽ ഉണ്ടാക്കപ്പെട്ട അണക്കെട്ടും തടാകവും മററും ഉദ്ദേശം നാലു ശതവൎഷത്തോളം നിലനിന്നു. ഏ.ഡി. 150-ൽ ഉണ്ടായ വെള്ളപ്പൊക്കത്താലും ഭയങ്കരമായ കൊടുങ്കാററിനാലും ആ അണക്കെട്ട് തകൎന്നുപോയി. അപ്പോഴാണ് രുദ്രദാമരാജാവ് അതിനെ പുനരുദ്ധരിച്ചത്. അതിൻെറ സംക്ഷിപ്തചരിത്രമത്രെ ആ ശിലാരേഖയിൽ കൊത്തിവെച്ചിരിക്കുന്നതു.

കൃഷിവിഭാഗത്തിനോടനുബന്ധിച്ച് അന്തരീക്ഷവിദ്യാവിഭാഗവും (Meteorological Department) വൎത്തിച്ചതായി ചാണക്യൻെറ രേഖകളിൽനിന്നറിയാം. വൎഷമാനകുണ്ഡം എന്ന ഒരു യന്ത്രം മുഖേന മഴപെയ്ത്തിൻെറ കണക്ക് എടുത്തുവന്നു. മേഘങ്ങളുടെ നിറം, പ്രകൃതി മുതലായവയിൽനിന്നു വൎഷമുണ്ടാകുമോ ഇല്ലയോ എന്നും ഉണ്ടെങ്കിൽ അത് എത്രയായിരിക്കുമെന്നും കണക്കാക്കപ്പെട്ടു. ആദിത്യൻ, ശുക്രൻ, ബൃഹസ്പതി എന്നിവയുടെ നില്പിൽനിന്നും വൎഷത്തിൻെറ ഗണന ചെയ്യപ്പെട്ടിരുന്നു.

വ്യാപാരവാണിജ്യവിഭാഗം:—ഈ വിഭാഗത്തിൻെറ പ്രധാനലക്ഷ്യം രാജ്യത്തിൻെറ അകത്തും പുറത്തും നടക്കുന്ന വ്യാപാരത്തിൻെറ അഭിവൃദ്ധിയാകുന്നു. അങ്ങാടിയിൽ ഏതു സാധനത്തിന്നാണ് അധികം പ്രിയമെന്നും ഏതിന്ന് ആവശ്യക്കാരില്ലെന്നും ഈ വിഭാഗം മനസ്സിലാക്കുന്നു. ഏതു സാധനത്തിൻെറ വിലയിടിയുന്നു, ഏതിൻെറ വില കയറുന്നു എന്നും അവർ സൂക്ഷിച്ചറിയുന്നു. ഏതേതു സാധനം ഏതേതു കാലത്തിൽ വില്ക്കുന്നതും വാങ്ങുന്നതും കൂടുതൽ ലാഭകരമായിരിക്കുമെന്നും അവർ നിൎണ്ണയിക്കും. ഇവിടെനിന്നു സാധനങ്ങൾ വാങ്ങുന്ന വിദേശങ്ങളിലെ വ്യാപാരികൾക്കു ചില പ്രത്യേകാനുകൂല്യങ്ങ

ളും സർക്കാരിൽനിന്നു ചെയ്തുകൊടുത്തിരുന്നു. അവരിൽ നിന്നു ചുങ്കം വസൂൽചെയ്തിരുന്നതുമില്ല. തന്നിമിത്തം വിദേശവ്യാപാരത്തിന്നു വൎദ്ധനവുണ്ടായി. ഇവിടെ ആവശ്യമില്ലാത്ത സാധനങ്ങൾ വിദേശങ്ങളിൽ അയക്കുന്ന കാൎയ്യത്തിലും സർക്കാർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഭിന്ന ഭിന്നവിദേശരാജ്യങ്ങളിൽ ഏതേതു വസ്തുക്കളുടെ ആവശ്യകത കൂടുതലായുണ്ടെന്നും ഈ വിഭാഗം അന്വേഷിച്ചറിയും. കൂടാതെ ഓരോ വിദേശരാജ്യത്തിലേക്കും കച്ചവട സാധനങ്ങൾ കൊണ്ടുപോകുന്നതിലുള്ള യാത്രച്ചിലവ്, വ്യാപാരമാൎഗ്ഗത്തിൽ ഭയപ്പെടേണ്ടുന്ന പ്രത്യേകസ്ഥാനങ്ങൾ, ഭിന്നഭിന്നനഗരങ്ങളിലെ സമ്പ്രദായങ്ങൾ മുതലായവയെസ്സംബന്ധിച്ചും അവശ്യമറിയേണ്ടുന്ന വിവരങ്ങൾ ഈ വിഭാഗം വ്യാപാരികൾക്കു നൽകിവന്നു.

ചിലപ്പോൾ കച്ചവടക്കാർ ഒത്തുചേൎന്നു സാധനങ്ങൾക്കു വില കയററാറുണ്ടു്. അങ്ങിനെയുള്ള ഘട്ടങ്ങളിൽ ഈ വിഭാഗത്തിൻെറ അധിപനായ പണ്യാദ്ധ്യക്ഷൻ അത്തരം സാധനങ്ങളുടെ വില നിയന്ത്രിച്ചുവന്നു. ഭക്ഷ്യപദാൎത്ഥങ്ങളിലും മററും കൂട്ടുചേൎക്കുന്നതിനേയും അന്നു നിയമംമൂലം നിരോധിച്ചിരുന്നുവത്രെ.

വ്യാപാരമാൎഗ്ഗങ്ങളുടെ നിൎമ്മാണവും സംരക്ഷണവും സൎക്കാരിൻെറ ചുമതലയിൽപ്പെട്ട കാൎയ്യമാണു്. രാജമാൎഗ്ഗത്തിൽ മൈൽ ($\frac{1}{2}$ക്രോശം) തോറും പഥപ്രദൎശകശില (Mile stone) നാട്ടിയിരുന്നു. അന്നു് അനേകം രാജപാതകൾ ഉണ്ടായിരുന്നുവെങ്കിലും നാലു പ്രധാനവണിക്പഥങ്ങളെപ്പററിയാണു് പല ചരിത്രകാരന്മാരും പറഞ്ഞിട്ടുള്ളതു്. അവ:—

1. വടക്കനിന്നുള്ള ദക്ഷിണപശ്ചിമമാർഗ്ഗം:—ഇതു ശ്രാവസ്തിയിൽനിന്നു പ്രതിഷ്ഠാനത്തിലേക്കു പോകുന്നു. സാകേതം, കോശാംബി, വിദിശ, ഗോനർദ്ദ, ഉജ്ജയിനി, മാഹിഷ്മതി എന്നീ പ്രധാനനഗരങ്ങളെ സ്പർശിച്ചുകൊണ്ടാണു് ഈ വണിക്പഥം സ്ഥിതിചെയ്യുന്നതു്.

2. വടക്കനിന്നുള്ള ദക്ഷിണപൂർവ്വപാത:—ഈ മാർഗ്ഗം സമതലത്തിൽക്കൂടി മാത്രമല്ല പോകുന്നതു്. വളഞ്ഞും തിരിഞ്ഞും പർവ്വതങ്ങളിൽ കയറിയും ഇറങ്ങിയും ഇതു വനത്തിലും സമതലത്തിലുമെത്തുന്നു. ഇതു ശ്രാവസ്തിയേയും രാജഗൃഹത്തേയും കപിലവസ്തു, കുശിനഗർ, പാവ, ഹത്ഥിഗാമ, ഭണ്ഡഗാമ, വൈശാലി, പാടലീപുത്രം, നന്ദ എന്നീ പവിത്രസ്ഥാനങ്ങളുമായി കൂട്ടിക്കെട്ടുന്നു. ഇതിൻെറ ഒരു ശാഖ ഗയയിൽച്ചെന്നു മറെറാരുമാർഗ്ഗവുമായി ഏകീകരിച്ചു് താമ്രലിപ്തിയിലേക്കും വാരാണസിയിലേക്കും പോകുന്നു.

3. പൂർവ്വപശ്ചിമപഥം:—മിക്കവാറും നദികളുമായി ബന്ധപ്പെട്ടു നിൽക്കുന്ന മാർഗ്ഗമാണിതു്. താമ്രലിപ്തിയിൽനിന്നു സാജാതിവരെ ഗംഗയിൽക്കൂടിയും അനന്തരം യമുനവഴി കോശാംബിവരേയും കച്ചവടസാധനങ്ങളുമായി വർത്തകന്മാർ തോണികളിൽ യാത്രചെയ്തുവന്നു. കോശാംബിയിൽനിന്നു കരമാർഗ്ഗമായി സിന്ധിലേക്കും സൗരത്തിലേക്കും പോകാറുണ്ടു്.

4. കിഴക്കനിന്നുള്ള ഉത്തരപശ്ചിമ മാർഗ്ഗം:—ഈ വഴി ശ്രാവസ്തിയിൽനിന്നു തക്ഷശിലവരെ എത്തി നേരെ ഗാന്ധാരദേശത്തിലേക്കു പോകുന്നു. സുപ്രസിദ്ധമായ ഈ വണിക്പഥമാണു് മദ്ധ്യേഷ്യയിലേയും പശ്ചിമേഷ്യയി

ലേയും വ്യാപാരമാൎഗ്ഗങ്ങളുമായി ബന്ധപ്പെടുന്നതു്. തക്ഷശിലയിൽനിന്ന് ഇതിന്റെ ഒരു ശാഖ വാരാണസിവരെ എത്തുന്നു. ആ ശാഖയ്ക്കു് ആയിരം നാഴികയിലധികം ദൈൎഘ്യമുണ്ടെന്നും തസ്കരന്മാരുടേയോ കവൎച്ചക്കാരുടേയോ യാതൊരു ബാധയുമില്ലാതെ ആൎക്കും ഈ മാൎഗ്ഗത്തിൽ നിൎഭയം സഞ്ചരിക്കാമെന്നും അന്നത്തെ കഥകളിൽ കാണാം. കാശിയിലെ രാജകുമാരന്മാർ വിദ്യയഭ്യസിക്കുവാൻ തക്ഷശിലയിലെ വിശ്വവിദ്യാലയത്തിൽ പോകാറ് ഈ വഴിയായിരുന്നു.

ഇവയ്ക്കു പുറമെ മഗധയിൽനിന്നു സൂറത്തിലേക്കും ഭരോച്ചിൽനിന്നു വാരാണസി, ചമ്പ വഴി ബൎമ്മയിലേക്കും യാത്രചെയ്തിരുന്നു. കാശിയിൽനിന്നു കപ്പൽ കയറി ഗംഗാനദിവഴി ബങ്കാളഉൾക്കടലിലെത്തി അവിടേനിന്നു ലങ്കയിലേക്കും ബൎമ്മയിലേക്കും ചീനയിലേക്കും സുമാത്ര മുതലായ ദ്വീപുകളിലേക്കും സമുദ്രയാത്രചെയ്തിരുന്നതായും കഥകളിൽ കാണാം.

ഭാരതീയരുടെ കപ്പലുകളേയും സമുദ്രയാത്രയേയും വിദേശികളുമായുള്ള ബന്ധത്തേയും സംബന്ധിച്ച അനവധി സംഗതികൾ ജാതകകഥകളിൽ പറയുന്നു. ഹിന്ദുക്കൾ അരി, സുഗന്ധദ്രവ്യങ്ങൾ, മയിൽ മുതലായവ വില്ക്കുന്നതിന്നായി പടിഞ്ഞാറൻ കടൽത്തീരത്തിൽനിന്നു കപ്പൽകയറി ബാബിലോണിയയിൽ പോകുന്നതും ഗുജറാത്തിലെ കച്ചവടക്കാർ അവരുടെ കപ്പലുകളിൽ പേർഷ്യൻ ഉൾക്കടൽ വരെ പോയി കച്ചവടംചെയ്തു മടങ്ങുന്നതും കച്ഛ് ഉൾക്കടൽവഴി ഭാരതീയക്കപ്പലുകൾ അറേബിയ, ഫിനീഷ്യാ, ഈജിപ്ത് മുതലായ ദൂരദേശങ്ങളിൽ പോകുന്നതും ആ കഥകളിൽ വൎണ്ണിച്ചിട്ടുണ്ട്. 700 കച്ച

വടക്കാർ അവരുടെ ഭൃത്യവർഗ്ഗത്തോടും കച്ചവടച്ചരക്കുക ളോടുംകൂടി ഭരൌച്ചിൽനിന്നു ഒരു കപ്പലിൽ പുറപ്പെട്ട് സമുദ്രക്ഷോഭം വകവെക്കാതെ വിദേശങ്ങളിലേക്കു പോകുന്ന ഒരു മനോഹരചിത്രം സുപ്പാരക്ക് ജാതകത്തിൽ കാണുന്നതു വിശ്വസനീയമാണെങ്കിൽ അന്നു വമ്പിച്ച കപ്പലുകൾ ഉണ്ടായിരുന്നുവല്ലൊ.

കൌടില്യൻെറ അർത്ഥശാസ്ത്രത്തിലും അന്നത്തെ ജലമാർഗ്ഗത്തേയും സ്ഥലമാർഗ്ഗത്തേയും സംബന്ധിച്ച വിവരങ്ങൾ നൽകുന്നുണ്ട്. വാരിപഥത്തേക്കാൾ സ്ഥലപഥമാണ് കൂടുതൽ സുഖപ്രദമെന്നാണ് ചാണക്യൻെറ അഭിമതം. അങ്ങിനെതന്നെ, അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ ഉത്തരഭാരതത്തിലെ വണിക്പഥങ്ങളെ അപേക്ഷിച്ചു ദക്ഷിണഭാരതത്തിലെ വണിക്പഥങ്ങളാണ് നല്ല നിലയിൽ സ്ഥിതിചെയ്തതു്. അക്കാലത്തിൽ ദക്ഷിണഭാരതവുമായി അധികം വ്യാപാരം നടന്നിരുന്നുവെന്ന് ഇതുകൊണ്ടു് അനുമാനിക്കാം.

ഭാരതാക്രമണത്തിൽ അലക്സാണ്ടരുടെ സൈന്യങ്ങൾ (ബി. സി. 327) ഇവിടെയുള്ള കപ്പലുകളും തോണികളും ഉപയോഗിച്ചാണ് സിന്ധുനദിയുംമററും തരണം ചെയ്തതെന്നും ആക്രമണം കഴിഞ്ഞു് അവർ ബാബിലോണിയയിലേക്കു തിരിച്ചുപോയതു പേർഷ്യൻ ഉൾക്കടൽവഴി ഭാരതീയക്കപ്പലുകളിൽത്തന്നെ ആയിരുന്നുവെന്നും യവനന്മാരുടെ രേഖകളിൽ കാണാം. അന്നു സിന്ധുനദിയുടെ അഴിമുഖത്തു് ഒരു സുപ്രസിദ്ധമായ കപ്പൽനിർമ്മാണശാല ഉണ്ടായിരുന്നതായും അവിടെവെച്ചു ഭാരതീയർ വമ്പിച്ച കപ്പലുകൾ നിർമ്മിച്ചിരുന്നതായും അറിയുന്നുണ്ട്. തൻെറ

ഭാരതപൎയ്യടനത്തിൽ വലിയ വലിയ കപ്പൽനിൎമ്മാണശാലകൾ കണ്ടതായി ഏറിയനും രേഖപ്പെടുത്തിയിരിക്കുന്നു.

നൌവിഭാഗം:— ഈ വിഭാഗം നാവാദ്ധ്യക്ഷൻെറ അധീനതയിലാണ് വൎത്തിച്ചത്. സമുദ്രം, നദി, തടാകം മുതലായവയിലേക്കുപോകുന്ന കപ്പലുകളുടേയും പത്തേമ്മാരി, തോണി മുതലായവയുടെയും സംരക്ഷണകാൎയ്യങ്ങളെപ്പററി അദ്ദേഹം ചിന്തിച്ചുവന്നു. ജലമാൎഗ്ഗം ഭദ്രമായി വെക്കുന്നതും കച്ചവടക്കാരെ കവൎച്ചക്കാരിൽനിന്നും കടൽക്കള്ളന്മാരിൽനിന്നും സംരക്ഷിക്കുന്നതും അദ്ദേഹത്തിൻെറ കൎത്തവ്യത്തിൽ പെടും. കപ്പലുകൾക്കും തോണികൾക്കും അവയുടെ തോതനുസരിച്ച് കരംകെട്ടുന്നതും ജലവ്യാപാരത്തിൽ ഏൎപ്പെട്ട കച്ചവടക്കാരിൽനിന്നു കരം വസൂൽചെയ്യുന്നതിനുള്ള വ്യവസ്ഥചെയ്യുന്നതും അദ്ദേഹമായിരുന്നു. തുറമുഖവ്യാപാരികൾക്ക് ഒരുതരം പ്രത്യേകകരം ചുമത്തിയിരുന്നു. സമുദ്രതീരത്തിലോ നദിയുടെ കരയിലോ സ്ഥിതിചെയ്ത ഗ്രാമങ്ങളിന്മേലും നിശ്ചിത തോതിലുള്ള പ്രത്യേകകരം ചുമത്തിയിരുന്നു. കൊടുങ്കാററിലോ മററൊ പെട്ട കച്ചവടക്കപ്പലിനു നഷ്ടംനേരിടുന്നപക്ഷം: ആ കപ്പലിനെ കരത്തിൽനിന്നു ഒഴിവാക്കാറുണ്ട്. ജലയാത്രക്കു നിശ്ചിതരീതിയിലുള്ള കടത്തുകൂലി കൊടുപ്പാൻ ഓരോ യാത്രക്കാരനും ബാദ്ധ്യസ്ഥനാണ്. അങ്ങിനെ കൂലികൊടുക്കാത്ത യാത്രക്കാരനെ ശിക്ഷിച്ചുവന്നു. ബ്രാഹ്മണൻ, ഭിക്ഷു, ബാലകൻ, വൃദ്ധൻ, രോഗി, ഗൎഭിണി, രാജദൂതൻ എന്നിവർകടത്തുകൂലി കൊടുക്കേണ്ടതില്ല.

ശുല്കവിഭാഗം (ചുങ്കവിഭാഗം):— ഈ വിഭാഗത്തിന്റെ അധിപനെ ശുല്കാദ്ധ്യക്ഷൻ എന്നാണ് വിളിച്ചുവന്നതു്. നഗരത്തിന്റെ എല്ലാ പ്രവേശസ്ഥാനത്തിലും അദ്ദേഹത്തിന്റെ നിർദ്ദേശാനുസാരം പ്രവൎത്തിച്ചുവന്ന ചുങ്കപ്പുരകൾ ഉണ്ടായിരുന്നു. വളരേ ദൂരെനിന്നും കാണാവുന്ന ഒരു വലിയ പതാക ചുങ്കപ്പുരയുടെ മീതെ സദാ പാറിക്കളിക്കും. ഒരു വ്യാപാരി അവന്റെ കച്ചവടസാധനങ്ങളുമായി ചുങ്കവാതില്ക്കൽ എത്തുമ്പോഴേയ്ക്കും ചുങ്കം ഉദ്യോഗസ്ഥന്മാർ ആ വ്യാപാരിയുടെ പേരും വിലാസവും മററു വിവരങ്ങളും കച്ചവടസാധനങ്ങളുടെ പട്ടികയും തെയ്യാറാക്കി ചുങ്കം നിശ്ചയിക്കും. അടുത്ത ചുങ്കത്തിന്റെ മുദ്രയില്ലാതെയാണ് വ്യാപാരി വരുന്നതെങ്കിൽ ആയാളിൽനിന്നു ഇരട്ടിച്ചുങ്കം വസൂൽചെയ്യും. വ്യാജമുദ്ര അടിച്ചു വരികയൊ ചുങ്കപ്പുരക്കൽ നില്ക്കാതെ കടന്നുപോകുകയോ ചെയ്യുന്ന വ്യാപാരിയിൽനിന്ന് എട്ടിരട്ടി ചുങ്കം പിടിച്ചെടുക്കുന്നതിനും വ്യവസ്ഥയുണ്ടു്. വിവാഹം, യജ്ഞം, സൂതികാലയം, ദേവാലയം, യജ്ഞോപവീതം മുതലായവയെസ്സംബന്ധിച്ച സംസ്കാരകാൎയ്യങ്ങൾക്കുവേണ്ടി കൊണ്ടുപോകുന്ന സാധനങ്ങളിന്മേൽ ചുങ്കം ചുമത്താറില്ല. പുറമേനിന്നു വരുന്ന ഓരോതരം സാധനത്തിന്മേലും അതിന്റെ വിലയുടെ എത്ര അംശംകണ്ടു് ചുങ്കം ചുമത്താമെന്നും നിശ്ചിതമായ നിലയിൽ വ്യവസ്ഥപ്പെടുത്തിയിരുന്നു.

ആകരവിഭാഗം (ഖനിവിഭാഗം):—ഭാരതവൎഷത്തിൽ പല ധാതുക്കളുടേയും ഖനികൾ പ്രവൎത്തിച്ചിരുന്നതായും അവയിൽനിന്നുസ് ൎണ്ണം, വെള്ളി, ഇരുമ്പ്, താമ്രം, ടിൻ മുതലായ ധാതുക്കൾ ധാരാളം കുഴിച്ചെടുത്തിരുന്നതായും മെഗസ്തനീസ്സ് രേഖപ്പെടുത്തിട്ടുണ്ടു്. മൌൎയ്യകാ

ലത്തിൽ ഇവിടെ ഖനികൾ ഉണ്ടായിരുന്നുവെന്നതിന്നു ഇതു തെളിവു നൽകുന്നവല്ലൊ. അത്ഥശാസ്ത്രത്തിലും ഭാരതത്തിലെ ഖനിവ്യവസ്ഥയെപ്പററി വിവരിക്കുന്നുണ്ട്. വജ്രം, മുത്ത്, ശംഖ്, പവിഴം, ക്ഷാരം മുതലായവ സമുദ്രസ്ഥിതഖനികളിൽനിന്നും സ്വർണ്ണാദിധാതുക്കൾ ഭൂമിയുടെ അന്തർസ്ഥിതഖനികളിൽനിന്നും കഴിച്ചെടുത്തുവന്നു. ഇതിൽ ഏർപ്പെട്ട ഉദ്യോഗസ്ഥന്മാർ ഖനിപരമായ കാര്യങ്ങളിൽ നല്ല പരിജ്ഞാനമുള്ളവരായിരിക്കും.

സൂത്രവിഭാഗം:—സൂത്രാദ്ധ്യക്ഷന്റെ കീഴിലാണു ഈ വിഭാഗം പ്രവർത്തിച്ചതു്. വസ്ത്രനിർമ്മാണത്തിനു സർക്കാർ വിദഗ്ധരായ വ്യക്തികളെ നിയമിച്ചിരുന്നു. വിധവകൾ, അംഗഭംഗമുള്ള സ്ത്രീകൾ, സന്യാസിനികൾ, ദേവദാസികൾ മുതലായവർ പരുത്തിയും രോമവുംനൂൽക്കുന്ന വിഷയത്തിൽ ഇവരെ സഹായിച്ചു. പരുത്തിയുടേയും രോമത്തിന്റെയും സ്ഥിതിക്കനുസരിച്ചാണു് കൂലി ക്രമപ്പെടുത്തിയിരുന്നതു്. ദരിദ്രകളും മൂടുപടധാരികളുമായ സ്ത്രീകളും സ്വഗൃഹത്തിൽവെച്ചു പതിവായി നൂൽനൂൽക്കും. വീട്ടിൽനിന്നു ജോലിചെയ്യുന്ന ഇത്തരം സ്ത്രീകളുടെ സാഹായ്യാത്ഥം സൂത്രവിഭാഗത്തിന്റെ കീഴിൽ ചില സ്ത്രീകൾ പ്രവത്തിച്ചിരുന്നു. തങ്ങൾ നൂററ നൂൽ സൂത്രശാലയിൽ എത്തിക്കുന്ന സ്ത്രീകളുടെ കാര്യത്തിൽ അധികൃതന്മാർ വിശേഷിച്ചും ശ്രദ്ധിച്ചുവന്നു.

സുരാവിഭാഗം (അബ്കാരി):—നഗരത്തിലും ഗ്രാമത്തിലും പട്ടാളത്താവളങ്ങളിലും മദ്യവില്പനക്കുള്ള കടകൾ സ്ഥിതിചെയ്തു. ഈ കടകളിൽനിന്നു് ആക്കും മദ്യസേവ ചെയ്യാം. പക്ഷെ അതു പുറമെ കൊണ്ടുപോവാൻ പാടു

ണ്ടായിരുന്നില്ല. എങ്കിലും സൽസ്വഭാവിയാണെന്ന് അറിയപ്പെട്ടന്ന ആൾക്കു മദ്യം പുറമെ കൊണ്ടുപോകാം. നിശ്ചിതമായ ഒരു തോതിൽ മാത്രമേ അന്നു മദ്യം വിററിരുന്നുള്ളു. പാനാഗാരത്തിൽ പലമുറികൾ ഉണ്ടായിരിക്കും. അവിടെ ഓരോ ആൾക്കും പ്രത്യേകം പ്രത്യേകം ആസനമോ അഥവാ ഇരിപ്പിടമോ സജ്ജമാക്കിവെക്കും. കൂടാതെ, ഫലമൂലങ്ങൾ, ജലം സുഗന്ധപദാൎത്ഥങ്ങൾ, മാല, പുഷ്പം മുതലായവയും അവിടെ കിട്ടുന്നതാണ്. വിവാഹം, ഉത്സവം മുതലായ വിശേഷാവസരങ്ങളിൽ സ്വഭവനത്തിൽനിന്ന് മദ്യമുണ്ടാക്കി സേവിക്കുന്നതിനെ നിയമം തടഞ്ഞിരുന്നില്ല. എന്നാൽ മററു അവസരങ്ങളിൽ അങ്ങിനെ ചെയ്യുവാൻ പാടുണ്ടായിരുന്നില്ല.

<u>പശുരക്ഷാവിഭാഗം</u>:—മൌൎയ്യകാലത്തിൽ പശുരക്ഷയുടെ കാൎയ്യത്തിൽ സൎക്കാർ വിശേഷിച്ചും ശ്രദ്ധിച്ചിരുന്നു. ഈ ആവശ്യാൎത്ഥം നിയമിതരായ ഉദ്യോഗസ്ഥന്മാർ പശു, കാള, എരുമ, ആട്, ഒട്ടകം, നായ മുതലായ നാല്ക്കാലികളുടെ രക്ഷക്കുവേണ്ടുന്ന സകല ഏൎപ്പാടുകളും ചെയ്തിരുന്നു. ദോഹകൻ (പശുവിനെ കറക്കുന്നവൻ), മന്ഥകൻ (തൈർ കടയുന്നവൻ), ഇടയന്മാർ മുതലായവരെ നിയമിക്കുന്ന കാൎയ്യത്തിലും അവർ ശ്രദ്ധിച്ചു. ഗോക്കളെ കറക്കുന്നതിലും ചില നിബന്ധനകൾ വെച്ചിരുന്നു. മഴക്കാലത്തും ശീതകാലത്തിലും പശുക്കളെ രണ്ടു നേരം കറക്കാമെങ്കിലും ഉഷ്ണകാലത്തിൽ ഒരു നേരമേ കറക്കാവൂ. ഈ നിയമത്തെ അവഗണിക്കുന്നവരെ ശിക്ഷിക്കാറുണ്ട്. രോഗബാധിതങ്ങളായ മൃഗങ്ങളുടെ ചികിത്സാൎത്ഥം ആശുപത്രികളും ഉണ്ടായിരുന്നു. മൃഗങ്ങളെ അടിക്കുന്നതും അവയോടു നിർദ്ദയമായി പെരുമാറുന്നതും കററ

കരമാണ്. ഇന്നത്തെ പ്രാണിദ്രോഹനിവാരണസംഘത്തിൻെറ ചുമതലകൾ അന്നത്തെ ഉദ്യോഗസ്ഥന്മാർ വഹിച്ചിരുന്നുവെന്ന് അനുമാനിക്കാം.

പശുക്കളുടെ മേച്ചൽസ്ഥലത്തിനും ചില വ്യവസ്ഥകളുണ്ടായിരുന്നു. ഒരു സ്ഥലത്തുതന്നെ ആണ്ടിൽ മുഴുവനും കാലിമേയ്ക്കുന്നതിന്നു സൌകര്യമില്ലെങ്കിൽ ചില ഋതുക്കളിൽ പ്രത്യേകമേച്ചൽസ്ഥലങ്ങൾ ഉപയോഗിക്കാം. മേച്ചൽസ്ഥലത്തിലെ പശുക്കളുടെ രക്ഷാകാര്യം അവിടെ നിയമിതരായ ഉദ്യോഗസ്ഥന്മാരുടെ ചുമതലയിലാണ് പെട്ടത്. പശുരക്ഷാർത്ഥം ഇവിടങ്ങളിൽ അനേകം നായാട്ടുനായ്ക്കളെ വളർത്താറുണ്ട്. ചോരന്മാരിൽനിന്നും വന്യമൃഗങ്ങളിൽനിന്നും പശുക്കളെ രക്ഷിക്കാൻ ഈ നായാട്ടുനായ്ക്കളെ ഉപയോഗിച്ചുവന്നു.

അവിചാരിതമായി വനത്തിൽ വല്ല ഭയാശങ്കയ്ക്കും സംഗതിയാകുന്നപക്ഷം മേച്ചൽസ്ഥലരക്ഷകൻ ശംഖനാദം മുഴക്കിയോ, പെരുമ്പറയടിച്ചോ, പ്രാവുകൾമുഖേന വർത്തമാനമയച്ചോ, കാട്ടിൽ അഗ്നി ജ്വലിപ്പിച്ചോ ഉയൎന്ന മരങ്ങളിന്മേലോ പർവ്വതമുകളിലോ കയറിയോ ഉദ്യോഗസ്ഥന്മാൎക്കു സൂചന നൽകി രക്ഷാമാർഗ്ഗങ്ങൾ തേടും. മേച്ചൽസ്ഥലത്തിലെ ഓരോ പശുവിൻെറയും കഴുത്തിൽ ഓരോ മണി കെട്ടിയിരിക്കും. കൂട്ടം തെററിപ്പോകുന്ന പശുക്കളെ എളുപ്പം കണ്ടുപിടിക്കാനാണ് ഇങ്ങിനെ ചെയ്യുന്നത്.

സൎക്കാരിൻെറ രക്ഷയിൽ സ്ഥിതിചെയ്ത ചില വനങ്ങളിൽ നിരവധി പശുക്കൾ സ്വാതന്ത്ര്യമായി സഞ്ചരിച്ചു മേഞ്ഞുവന്നു. ഇങ്ങിനെ മേയുന്ന സകലപശുക്കളെ

ടേയും രക്ഷാഭാരം സക്കാരിലാണ്. ഈ പശുക്കളെ പിടിച്ചുകൊണ്ടുപോവാനോ വധിക്കുവാനോ ആക്കും പാടുള്ളതല്ല; എന്നു മാത്രമല്ല, നായാട്ടിനായോ മറേറാ അന്യക്ക് ഇവിടെ പ്രവേശിച്ചുകൂടാ. അഭയവനങ്ങൾ എന്നായിരുന്നു ഈ വനങ്ങളെ വിളിച്ചുവന്നത്.

നായാട്ടിന്നു മററു വനങ്ങൾ ഉണ്ടായിരുന്നു. അവയിൽ ആക്കും പ്രവേശിക്കാം; നായാട്ടും നടത്താം. രാജാക്കന്മാർ പതിവായി വേട്ടയാടിയിരുന്നതും ആ വനങ്ങളിലാണ്. വേട്ടയെ നിരോധിക്കുന്നതുവരെ അശോകചക്രവത്തിയും ഈ വനങ്ങളിൽ വേട്ടയാടിയിരുന്നു.

പശുരക്ഷാവിഭാഗത്തിൻെറ ഒരു ഉപവിഭാഗം ഗജസംരക്ഷണത്തിന്നും അതിൻെറ വംശോന്നതിക്കുവേണ്ടിയും പ്രവത്തിച്ചുവന്നു. നാഗവനരക്ഷ, ഗജങ്ങളുടെ ഭക്ഷണവ്യവസ്ഥ, ഗജശിക്ഷ, കാട്ടാനപ്പിടിത്തം, ഗജചികിത്സ മുതലായ കാര്യങ്ങളിൽ ഈ വിഭാഗം പ്രത്യേകച്ചും ശ്രദ്ധിച്ചിരുന്നു. വളരേ പുരാതനകാലംമുതല്ക്കേ ഭാരതം ഗജങ്ങൾക്കു പ്രസിദ്ധമാണല്ലൊ.

<u>ന്യായവിഭാഗം</u>:—അന്നു് അമാത്യന്മാരുടെ കീഴിൽ നടന്നുവന്ന രണ്ടുതരം നീതിന്യായക്കോടതികൾ ഉണ്ടായിരുന്നു. ഒന്നിൽ രാജ്യത്തിലെ സാധാരണസംഭവങ്ങളെ സംബന്ധിച്ച കാര്യങ്ങളും, മറേറതിൽ സൈനികപരമായ കാൎയ്യങ്ങളും വിചാരണചെയ്യപ്പെട്ടു. ഗ്രാമത്തിലെ നീതിന്യായവകുപ്പ് ഗ്രാമപ്പഞ്ചായത്തുകളാണ് നിൎവ്വഹിച്ചതു്. ഓരോ പഞ്ചായത്തിലും ഗ്രാമത്തലവന്മാരായ അഞ്ചു സദസ്യർ ഉണ്ടായിരിക്കും. ഇവയുടെ എല്ലാം ഉപരിയായി ചക്രവത്തിയുടെ അദ്ധ്യക്ഷതയിൽ വത്തിച്ച മേൽക്കോടതിയുമുണ്ടു്.

മൌൎയ്യകാലത്തിൽ മോഷണം മുതലായ അപരാധങ്ങൾ വളരെ അപൂൎവ്വമായിരുന്നുവെന്ന് മെഗസ്തനീസ് തുടങ്ങിയ വൈദേശികന്മാർ എഴുതിവെച്ച രേഖകളിൽ കാണാം. ശിഥിലമായ കുററത്തിന്നുപോലും കഠിനമായ ശിക്ഷ അന്നു വിധിക്കപ്പെട്ടിരുന്നു. ഒരു ഉദ്യോഗസ്ഥൻ എട്ടോ പത്തോ പണം (ഒരു തരം നാണയം) മോഷ്ടിച്ചാൽ ആ കുററത്തിനു വധശിക്ഷയാണ് പതിവ്. ഒരു സാധാരണക്കാരൻ നാല്പതോ അമ്പതോ പണം അപഹരിച്ചാൽ അതിന്നും ഇതേശിക്ഷ നൽകിയിരുന്നു.

ആയവ്യയവിഭാഗം, പരരാഷ്ട്രവിഭാഗം മുതലായ വകുപ്പുകളേപ്പററി ഇവിടെ വിശേഷിച്ചൊന്നും എടുത്തു പറയുന്നില്ല. മേൽപ്പറഞ്ഞ സംഗതികൾകൊണ്ടുതന്നെ അന്ന് എത്രയും പ്രശസ്തമായ നിലയിൽ ഇവിടെ ഭരണം നടന്നിരുന്നുവെന്നു വ്യക്തമാണല്ലൊ.

---

# ആറാം അദ്ധ്യായം

## അന്നത്തെ നാഗരികത

അന്നു ഭാരതീയർ എത്രയും പരിഷ്കരിച്ച ഒരു ജനവിഭാഗമായിരുന്നുവെന്ന് ആ ഭരണവ്യവസ്ഥയിൽനിന്നു തന്നെ തെളിയുന്നുണ്ടല്ലൊ. അക്കാലത്തിൽ ഇവിടെവന്ന യവനന്മാരും മററു വിദേശികളും നമ്മുടെ അന്നത്തെ ഉന്നതമായ സംസ്കാരത്തേപ്പററി ചിത്രണംചെയ്തു കാണുമ്പോൾ നമ്മുടെ ഇന്നത്തെ ശോച്യാവസ്ഥയോൎത്തു നാം തല താഴ്ത്തേണ്ടതായി വരുന്നു. ആ വിദേശികളുടെ കുറിപ്പുകളെ ആധാരമാക്കിത്തന്നെ നമ്മുടെ ആ പഴയ കാലത്തിലെ ചില സംഗതികൾകൂടി പറഞ്ഞുകൊള്ളട്ടെ.

ഭാരതീയക്ക് വൈദ്യസഹായം അപൂൎവ്വമായേ ആവശ്യമുണ്ടായിരുന്നുള്ളവെന്നും രോഗബാധയിൽനിന്നു അവർ അത്ഭുതകരമാംവണ്ണം രക്ഷപ്രാപിച്ചിരുന്നുവെന്നും യവന ചരിത്രകാരന്മാർ പറയുന്നു. കൃത്യവും മിതവുമായ ഭക്ഷണ സമ്പ്രദായമാകുന്നു ഇതിന്നൊരു പ്രധാനകാരണം. സ്വഗൃഹവും പരിസരവും ശുചിയാക്കിവെക്കുന്ന കാൎയ്യത്തിലും അവർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അവർ പതിവായി മദ്യം സേവിച്ചിരുന്നില്ല. എന്നാൽ മതപരമായ ചില കൎമ്മങ്ങളിൽ അവരിൽ ചിലർ മദ്യം ഉപയോഗിച്ചിരുന്നതായും അറിയുന്നു.

ഹിന്ദുക്കൾ ഒരേതരത്തിലുള്ള അംഗവസ്ത്രമാണ് ധരിക്കുക പതിവ്. ശിരസ്സിൽ ഒരു വസ്ത്രം ചുററിയിരിക്കും; തോളിൽ ഒരു മേൽമുണ്ടും ഉണ്ടാകും. സ്വൎണ്ണത്തകിട്ടും രത്നങ്ങളും പതിച്ച വിലയേറിയ വസ്ത്രങ്ങൾ രാജാക്കന്മാരും ധനികന്മാരും ഉപയോഗിക്കാറുണ്ട്. തോൽകൊണ്ടു കമനീയമായി നിൎമ്മിക്കപ്പെട്ട പാദരക്ഷകളും അവർ ധരിച്ചുവന്നു. ആനക്കൊമ്പുകൊണ്ടുണ്ടാക്കിയ ഒരുതരം കൎണ്ണാഭരണങ്ങൾ ചില ധനികന്മാർ അണിയാറുണ്ട്. താടിക്കു നിറം പൂശുന്ന പതിവും ചിലരുടെയിടയിൽ കാണാം. ഉഷ്ണകാലത്തിൽ മിക്ക ജനങ്ങളും ആതപത്രം ഉപയോഗിച്ചിരുന്നു.

അന്നത്തെ ഭാരതീയരുടെ സത്യസന്ധതയേയും പരസ്പരവിശ്വാസത്തേയുംപററി പുകഴ്ത്തിപ്പറഞ്ഞിട്ടില്ലാത്ത ഒരൊററ വിദേശലേഖകനും ഉണ്ടായിരുന്നില്ലെന്നു തന്നെ പറയാം. നീതിന്യായക്കോടതികൾ അന്നുണ്ടായിരുന്നുവെങ്കിലും അസത്യഭാഷണത്തെ സംബന്ധിച്ച കേസ്സുകൾ വളരെ അപൂൎവ്വമായിരുന്നു. ഉത്തമവിശ്വാസംഹേതുവായി, പണസംബന്ധമായ ഇടപാടുകളിലൊ പണം

റ്റുക്ഷിപ്പുകാര്യത്തിലോ സാക്ഷിയുടെ ആവശ്യകതയേ ഉണ്ടായില്ല. ചോരഭീതിയില്ലാതിരുന്നതിനാൽ കച്ചവടസ്ഥലങ്ങളിലും മററു ഗ്രഹങ്ങളിലും കാവൽനിറുത്തുന്ന പതിവുമില്ല. പ്രതിജ്ഞാപാലനം എത്രയും മഹത്തായ ഒരു കാര്യമായിട്ടാണ് അന്നു കരുതപ്പെട്ടിരുന്നതു്. ചില അരണ്യപ്രദേശങ്ങളിൽ അപൂർവ്വമായി ചില തസ്കരസംഘങ്ങൾ പ്രവർത്തിച്ചിരുന്നുവെങ്കിലും അവർ നഗരങ്ങളിലൊ ഗ്രാമങ്ങളിലൊ പ്രവേശിച്ച് അക്രമങ്ങൾ നടത്തുക പതിവില്ലായിരുന്നതുകൊണ്ട് അതു് പൊതുജീവിതത്തെ ബാധിക്കുന്ന ഒരു പ്രശ്നമായി ഗണിച്ചുകൂടാ.

സ്ത്രീകളുടെ അന്നത്തെ സ്ഥിതിയേപ്പററി വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളാണ് പലരും പറഞ്ഞുവരുന്നതു്. ബഹുഭൂരിപക്ഷം സ്ത്രീകളും വിവാഹബന്ധത്തിൽ ഏർപ്പെട്ടു് ഗൃഹസ്ഥാശ്രമധർമ്മത്തെ പരിപാലിച്ചുപോന്നവരാണ് എന്ന സംഗതിയിൽ മിക്കപേരും യോജിച്ചുകാണുന്നു. എന്നാൽ തക്ഷശില മുതലായ അതിർത്തിപ്രദേശങ്ങളിൽ വധുവിനെ വില്ക്കുന്ന സമ്പ്രദായം അക്കാലത്തു നടപ്പിലുണ്ടായിരുന്നുപോൽ. ഇത്തരം വിവാഹക്രമത്തെ നിന്ദ്യവും അനുചിതവുമായിട്ടാണ് ഭാരതീയർ അന്നും എണ്ണിയിരുന്നതു്. പക്ഷെ കന്യകയെ ക്രയവിക്രയം ചെയ്യുന്ന ഈ ഏർപ്പാട് പാശ്ചാത്യദേശങ്ങളിൽ അന്ന് പ്രബലതയെ പ്രാപിച്ചിരുന്നെന്നുവേണം പറവാൻ. സതി അഥവാ ഉടന്തടിച്ചാട്ടം എന്ന വ്യവസ്ഥ അന്നിവിടെ ഉണ്ടായിരുന്നുവെങ്കിലും സ്ത്രീകൾ സ്വമേധയാ അങ്ങിനെ ചെയ്യുകയാണ് പതിവ്. വിധവയെ ബലം പ്രയോഗിച്ചു തീയിൽ ചാടിക്കുന്ന കഠോരകൃത്യം അന്നുണ്ടായിരുന്നില്ല. അതു പിന്നീടു വന്നതാവണം. ഭാർയ്യാഭർത്താക്കന്മാരുടെ

പൂണ്ണാനുകൂല്യത്തോടുകൂടിയ വിവാഹമോചനവും വിധവാവിവാഹവ്യവസ്ഥയും അന്നുണ്ടായിരുന്നു.

പാശ്ചാത്യരാജ്യങ്ങളിൽ നടപ്പിലുണ്ടായിരുന്ന വിധത്തിലുള്ള അടിമവ്യാപാരം ഇവിടെ ഉണ്ടായിരുന്നില്ല. പക്ഷെ മറെറാരു രീതിയിലുള്ള ദാസന്മാരെ അഥവാ അടിമകളെ ഇവിടെയും കാണാം. മനുസ്മൃതിയിൽ ഇത്തരം ദാസന്മാരെപ്പററി പറയുന്നുണ്ട്. ആൎയ്യജാതിയിൽപ്പെട്ട ആരുംതന്നെ ദാസന്മാരായിക്കൂടാ എന്നൊരു വിശേഷവിധിയും കാണുന്നു. കടം വീട്ടുന്നതിന്നു കഴിവില്ലാത്ത ആൾ ഉത്തമർണ്ണന്റെ അധീനതയിൽ ദാസനായി ജീവിതം നയിക്കുന്നു. ദാരിദ്ര്യംനിമിത്തം കുട്ടികളെ രക്ഷിപ്പാൻ കഴിയാതെ വിഷമിക്കുന്ന മാതാപിതാക്കന്മാർ സ്വന്തം കുട്ടികളെ അന്യരെ ഏല്പിക്കാറുണ്ട്. ഈ കുട്ടികൾ ആ പുതിയ രക്ഷിതാവിന്റെ ദാസന്മാരാണ്. യുദ്ധത്തിൽ തടവുകാരായി പിടിക്കപ്പെടുന്ന പടയാളികളും ദാസന്മാരുടെ നിലയിലാണ് അറിയപ്പെടുക. ഒരാൾ എന്നെന്നും ദാസനായിത്തന്നെ ജീവിക്കണം എന്ന യാതൊരു വ്യവസ്ഥയും ഉണ്ടായിരുന്നില്ല. എന്തെങ്കിലും ഉപജീവനമാൎഗ്ഗം തേടി ഒരു ദാസന്നു സ്വതന്ത്രനാവാം. വേണ്ടത്ര പണംകൊടുത്ത് ദാസന്മരെ സ്വതന്ത്രരാക്കുന്ന ഉദാരമതികളായ ചില വ്യക്തികളുമുണ്ട്.

മല്ലയുദ്ധം, കുതിരപ്പന്തയം, കാളക്കളത്ത്, കോഴിക്കൊത്ത് മുതലായ വിവിധവിനോദമത്സരങ്ങൾ അന്നുണ്ടായിരുന്നു. ലോകത്തിന്റെ പല ഭാഗത്തും ഇത്തരം വിനോദങ്ങൾ ഇന്നും നടപ്പിലുണ്ടല്ലൊ.

അക്കാലത്തിലെ ഭാരതീയരുടെ സാമുദായികചിത്രം

യവനന്മാരുടേയും മററം തൂലികയിൽനിന്നു വ്യക്തമായിക്കാണാം. ഹിന്ദുക്കളും ജൈനരും ബൌദ്ധരുമടക്കമുള്ള അന്നത്തെ ഭാരതീയജനത പരിഷ്കൃരീതിയിലുള്ള ജീവിതമാണ് നയിച്ചതു്. ഇന്നത്തെപ്പോലെ അവർ ദുഃഖിതരോ ഉദാസീനരോ ആയിരുന്നില്ല. ചില ഉത്സവകാലങ്ങളിൽ അവർ അമിതവ്യയം ചെയ്തിരുന്നുവെങ്കിലും ഭക്ഷണപാനീയാദികളിൽ സാധാരണമായി മിതവ്യയശീലരായിരുന്നു. അന്ന് ഭാരതത്തിൽ സർവ്വത്ര ധർമ്മശാലകളും ധർമ്മാശുപത്രികളും :ഭോജനാലയങ്ങളും ഉണ്ടായിരുന്നു എന്നതു പ്രസിദ്ധവുമാണല്ലൊ. അപൂർവ്വമായി ചില ദ്യൂതഗൃഹങ്ങളും കാണാം. പ്രത്യേകസമുദായങ്ങളിലെ ശില്പകാരന്മാർ ഒത്തുചേരുന്ന പഞ്ചായത്തുകൾ അഥവാ സമ്മേളനസ്ഥലങ്ങൾ അങ്ങിങ്ങായി സ്ഥിതിചെയ്തു. നർത്തകന്മാർ, ഗായകന്മാർ, വിനോദപ്രദർശകന്മാർ മുതലായവരും അന്നു ദുർല്ലഭമല്ല. നാടകശാലകളും നൃത്യഗൃഹങ്ങളും ചില ഗ്രാമങ്ങളിൽ നിർമ്മിക്കപ്പെട്ടു. വമ്പിച്ച വിനോദപ്രകടനമോ മല്ലയുദ്ധമോ വല്ലേടത്തും ഉണ്ടാകുന്നപക്ഷം മഹാരാജാവും പരിവാരസമേതനായി അതിൽ സംബന്ധിക്കാറുണ്ട്. ജീവിതായോധനത്തിൽ ആനന്ദത്തിനും ആമോദത്തിനുമുള്ള ഏർപ്പാടുകൾ അന്നുണ്ടായിരുന്നുവെന്നതിന് ഇത്തരം സംഗതികൾ തെളിവു നൽകുന്നു. തത്വചിന്തകന്മാരേയും അന്നിവിടെ കാണാനുണ്ട്. ഭിക്ഷുക്കളും സന്യാസികളും വാനപ്രസ്ഥരും വൈരാഗികളുമെല്ലാം ജനസമുദായത്തെ സേവിച്ചുകൊണ്ട് അന്നു നിലകൊണ്ടുവെന്നുള്ളതും ഇവിടെ സ്മരണീയമത്രേ.

# ഏഴാം അദ്ധ്യായം.

## സാമുദായികസ്ഥിതിയും ജീവിതരീതിയും

ബ്രാഹ്മണക്ഷത്രിയവൈശ്യശൂദ്രാദിചാതുർവർണ്ണ്യ വ്യവസ്ഥ ഭാരതത്തിൽ അന്നും ഉണ്ടായിരുന്നു. ബുദ്ധധർമ്മത്തിന്റെ പ്രചാരംനിമിത്തം വർണ്ണവ്യവസ്ഥകൾ കോട്ടം തട്ടി എന്നതു വാസ്തവമാണെങ്കിലും ചിരപ്രതിഷ്ഠിതമായ ജാതിഭേദത്തെ സമുദായത്തിൽനിന്നു നീക്കം ചെയ്യുന്നതിൽ ബൌദ്ധധർമ്മം പൂർണ്ണമായി വിജയിച്ചിട്ടില്ല. ഗംഗായമുനാദി വലിയ വലിയ നദികൾ സ്വന്തരൂപത്തെയും നാമത്തെയും കളഞ്ഞു മഹാസമുദ്രത്തിൽ ഏകീകരിക്കുന്നതുപോലെ ബ്രാഹ്മണക്ഷത്രിയാദിഭിന്നജാതികൾ അവരുടെ പ്രത്യേകവർണ്ണത്തെ ഉപേക്ഷിച്ചു ബൌദ്ധസമുദായത്തിൽ ലയിച്ചു എന്നതു സത്യംതന്നെ. പക്ഷെ ഹൈന്ദവസമുദായത്തിൽ ഈ വ്യത്യാസത്തെ നിലനിർത്തിപ്പോരാനുള്ള പരിശ്രമത്തിൽ ബ്രാഹ്മണമേധാവികൾ വിജയിക്കുകതന്നെചെയ്തു.

സമുദായത്തിൽ സമുന്നതമായ സ്ഥാനം അന്നു ബ്രാഹ്മണന്നും ശ്രമണന്നുമായിരുന്നു. ജന്മംകൊണ്ടു ബ്രാഹ്മണൻ എന്ന നില അക്കാലത്തിലും ഉണ്ടായിരുന്നുവെങ്കിലും ഗുണകർമ്മംകൊണ്ടുള്ള ബ്രാഹ്മണത്വത്തിന്നാണ് മേന്മ കല്പിക്കപ്പെട്ടതു്. ബ്രാഹ്മണകുലജാതനായതുകൊണ്ടോ യജ്ഞാദികർമ്മങ്ങൾ നടത്തുന്നതുകൊണ്ടോ വേദപാരായണം ചെയ്യുന്നതുകൊണ്ടോ ഒരാൾ ആദർശബ്രാഹ്മണനായി ഭവിക്കുന്നില്ല. ബ്രഹ്മജ്ഞാനംകൊണ്ടും പരിശുദ്ധമായ സൽകർമ്മംകൊണ്ടുമാണ് ഒരാൾ ബ്രാഹ്മണനായിത്തീരുന്നതു്. അങ്ങിനെയുള്ള ആദർശബ്രാഹ്മണനെ സർവ്വരും പൂജിച്ചി

രുന്നു; പൂജിക്കേണ്ടതുമാണ്. ശ്രമണരും ഇതേ നിലയിൽ തന്നെ ജനങ്ങളുടെ ഭക്ത്യാദരങ്ങളെ ആജ്ജിച്ചിരുന്നു.

ബ്രാഹ്മണബാലകൻ 16 വയസ്സുവരെ സ്വഗൃഹത്തിൽ വെച്ചുതന്നെ വിദ്യയഭ്യസിക്കുകയാണ് പതിവ്. അതിൻെറ ശേഷമാണ് ഗുരുവിൻെറ ആശ്രമത്തിലോ വിശ്വവിദ്യാലയത്തിൽപോയോ ഉപരിപഠനം ചെയ്യുന്നത്. അവിടെവെച്ച് മൂന്നു വേദങ്ങളും (അഥവ്വവേദം പിന്നീടുണ്ടായതാവണം) അഷ്ടാദശപുരാണങ്ങളും മററു വിദ്യകളും പഠിക്കുന്നു. ഇങ്ങിനെ ബ്രഹ്മചര്യാശ്രമം പൂൎത്തിയാക്കി 24ഓ 36ഓ 48ഓ വയസ്സിൽ അവൻ സ്വഗൃഹത്തിൽ തിരിച്ചുവന്ന് ഗൃഹസ്ഥാശ്രമത്തെ സ്വീകരിക്കുന്നു. കുറേക്കാലം ഇങ്ങിനെ കഴിഞ്ഞാൽ ആ ബ്രാഹ്മണൻ ഗൃഹസ്ഥാശ്രമത്തെ ഉപേക്ഷിച്ച് വാനപ്രസ്ഥനായി താപസൻെറ നിലയിലോ അഥവാ ആചാൎയ്യനായി വിദ്യാൎത്ഥികളെ വിദ്യയഭ്യസിപ്പിച്ചുകൊണ്ടോ ചില കാലത്തോളം ജീവിതം നയിക്കും. ഒടുവിൽ നാലാമത്തെ ആശ്രമത്തിൽ പ്രവേശിച്ച് സന്യാസിയായോ ഭിക്ഷുവായോ ഐശ്വരചിന്തയിൽ മുഴുകിയോ ധൎമ്മപരമായ പൊതുസേവനംചെയ്തോ ജീവിതശേഷത്തെ അൎപ്പിക്കയും ചെയ്യുന്നു. ചിലപ്പോഠം ബ്രഹ്മചൎയ്യാശ്രമത്തെ തുടൎന്നു തന്നെ ആ ബ്രാഹ്മണൻ സന്യാസാശ്രമത്തെ സ്വീകരിക്കാറുമുണ്ട്.

ഒരു ആദൎശബ്രാഹ്മണൻെറ ജീവിതരീതിയാണ് മുകളിൽ കൊടുത്തത്. എന്നാൽ യജ്ഞംചെയ്യിച്ചും പൌരോഹിത്യം കൈക്കൊണ്ടും മുഹൂൎത്തനിൎണ്ണയം, ഭവിഷ്യച്ചിന്തനം മുതലായവയാൽ രാജസേവചെയ്തും മന്ത്രതന്ത്രാദികളാൽ ഭൂതപ്രേതാദികളെ വശീകരിച്ചും ജീവിച്ചുപോന്ന

നിരവധി ബ്രാഹ്മണരുമുണ്ടായിരുന്നു. അവരെ രണ്ടാം ശ്രേണിയിൽപെട്ട സാംസാരികബ്രാഹ്മണർ അഥവാ ബ്രാഹ്മണബന്ധുക്കൾ ആയിട്ടാണ് ജാതകകഥകളിൽ പറഞ്ഞുകാണുന്നത്. കൃഷിചെയ്തും നിലമുഴുതും പശുക്കളെ പോററിയും ജീവിച്ചുവന്ന കർഷകബ്രാഹ്മണരേയും വ്യാപാരംചെയ്തുകൊണ്ടു പലദിക്കിലും സഞ്ചരിച്ച മററൊരുതരം ബ്രാഹ്മണരേയും ജാതകകഥകളിൽ കാണാം.

സമുദായശ്രേണിയിൽ രണ്ടാമതായി നില്ക്കുന്നതു ക്ഷത്രിയരാണ്. അവർ രാജാക്കന്മാരോ രാജവംശജരോ ആയിരിക്കും. വിദ്യാവിഷയത്തിലും ആത്മികജ്ഞാനത്തിലും അവർ ബ്രാഹ്മണരുടെ പിന്നിൽ ആയിരുന്നില്ല. ബ്രാഹ്മണബാലനേപ്പോലെതന്നെ ക്ഷത്രിയകുമാരനും മൂന്നുവേദങ്ങളും മററുശാസ്ത്രങ്ങളും അഭ്യസിച്ചുകൊണ്ടു് ഗുരുസന്നിധിയിലോ വിദ്യാപീഠത്തിലൊ വസിക്കുന്നു. കാശി മുതലായ ദേശങ്ങളിൽനിന്ന് രാജകുമാരന്മാർ കാൽനടയായി യാത്രചെയ്യുന്നതും അനേകം നാഴിക അകലേയുള്ള തക്ഷശിലയിലെ മഹാവിദ്യാലയത്തിൽ എത്തുന്നതും വിദ്യാഭ്യാസം ചെയ്തുകൊണ്ടു് അവിടെ ഗുരുസന്നിധിയിൽ അന്തേവാസിയായി ജീവിക്കുന്നതുമായ ചിത്രങ്ങൾ അന്നത്തെ ഭാരതത്തിൽ നാം കാണുന്നു.

കൃഷി, കച്ചവടം മുതലായവചെയ്തു ജീവിച്ചുവന്ന വൈശ്യരാണ് സമുദായത്തിൽ മൂന്നാമതായി സ്ഥിതിചെയ്യുന്നതു്. ഗൃഹപതി അല്ലെങ്കിൽ കുടുംബികൻ എന്നാണ് വൈശ്യനേപ്പററി ജാതകകഥകളിൽ പറയുന്നതു്. വിദ്യാവിഷയത്തിൽ വൈശ്യനും പിന്നോക്കമല്ല; ഗുരുസന്നിധിയിൽവെച്ചോ വിദ്യാലയത്തിൽവെച്ചോ അവനും മൂന്നു വേദങ്ങളും മററുശാസ്ത്രങ്ങളും അഭ്യസിച്ചിരുന്നുപോൽ.

അപരിഷ്കൃതരായ ജനവിഭാഗത്തെയാണ് ആര്യന്മാർ ശൂദ്രരെന്നു വിളിച്ചുവന്നത്. ജാതകകഥകളിൽ ഹീനജാതിയെന്നും ഇവരെ പറയുന്നുണ്ട്. ഇവരിൽ ഏററവും താഴെകിടക്കുന്നവരാണ് ചണ്ഡാലൻ, പുക്കസൻ, നിഷാദൻ എന്നിങ്ങിനെ അറിയപ്പെടുന്നവർ. ഇവൎക്ക് നഗരത്തിൽ വസിച്ചുകൂടാ. നഗരത്തിൽനിന്ന് അകലേയുള്ള കുഗ്രാമത്തിലാണ് ഇവർ പാൎക്കുക. ആ ഗ്രാമത്തിൽ മററു ജാതിക്കാരാരും വസിക്കുന്നതല്ല. അവരെ സ്പൎശിക്കുന്നതുമാത്രമല്ല, ദൎശിക്കുന്നതുകൂടിയും പാപകരമായിട്ടാണ് മേൽജാതിക്കാർ കരുതിയിരുന്നത്. അവർ തൊട്ട സാധനംകൂടി അശുദ്ധമാകുമെന്ന് ഉന്നതജാതിക്കാർ വിശ്വസിച്ചു. അവരുടെ ഭാഷയും നീചമാണ്. വനങ്ങളിൽ വേട്ടയാടിയും, ഗുഹകളിലും വൃക്ഷകോടരങ്ങളിലും രക്ഷപ്രാപിക്കുന്ന പക്ഷിമൃഗാദികളെ നിർദ്ദയം കൊന്നും പുഞ്ചിരിതൂകിക്കൊണ്ട് വളഞ്ഞുപുളഞ്ഞു പായുന്ന കാട്ടാറുകളിൽ, അങ്ങിങ്ങായി ഒടിക്കളിക്കുന്ന മത്സ്യങ്ങളെ കെണിയിൽ പെടുത്തിപ്പിടിച്ചും, ഇവർ ഉപജീവനം കഴിച്ചുവന്നു.

ചെരിപ്പുണ്ടാക്കുന്ന പാമരനും ഓടയും മുളയുംകൊണ്ടു കൊട്ടമടയുന്ന വൈണവനും ക്ഷുരകനും കുംഭകാര(കുശവ)നും വസ്ത്രംനെയ്യുന്ന തന്തുവായനും ശൂദ്രജാതിയിൽ പെടും. പക്ഷെ ചണ്ഡാലന്മാരെപ്പോലെ ഇവർ അത്ര നിന്ദ്യരായി കരുതപ്പെട്ടിരുന്നില്ല.

വിവാഹബന്ധം സാധാരണമായി സമാനജാതിയിൽ ആയിരുന്നു നടന്നുവന്നത്. രക്തത്തിൻെറ പവിത്രതയിൽ അഭിമാനംപൂണ്ട ജനങ്ങൾ മിശ്രവിവാഹത്തെ ഇഷ്ടപ്പെട്ടിരുന്നില്ല. പുത്രൻെറ വിവാഹകാലം അടുത്തുവന്നാൽ മാതാപിതാക്കന്മാർ സ്വജാതിയിലുള്ള കന്യകയേ

യാണ് തേടുക. സ്വജാതിയിലുള്ള കന്യകയെ പാണിഗ്ര ഹണം ചെയ്വാൻ അവർ ചിലപ്പോൾ പുത്രനെ ഉപദേശിച്ചെന്നും വരാം. പക്ഷെ ഈ വിഷയത്തിൽ പുത്രൻേറയോ പുത്രിയുടേയോ ഹിതത്തെ അവർ അന്വേഷിക്കുക പതിവില്ല. മാതാപിതാക്കന്മാരുടെ തീരുമാനത്തെ പുത്രനോ പുത്രിയോ നിഷേധിക്കുകയില്ലെന്നാണ് വെയ്പ്.

എന്നാൽ സമാനജാതിയിൽ അല്ലാത്ത പല വിവാഹബന്ധത്തേപ്പററി ജാതകകഥകളിലും പുരാണങ്ങളിലും കാണാം. ക്ഷത്രിയനായ കോസലരാജാവ് ഒരു ശൂദ്രസ്ത്രീയെ വിവാഹംചെയ്യുന്നതും അവളുടെ മകൻ ക്ഷത്രിയരാജാവായിത്തീരുന്നതും ഭദ്രസാലജാതകത്തിൽ കാണുന്നു. ദൃഷ്ടാന്തമായി മററും പല കഥകൾ എടുത്തുധരിക്കാവുന്നതാണ്. വിജാതീയവിവാഹം അന്ന് അപൂർവ്വമായിരുന്നില്ല എന്നുള്ളതിലേക്ക് ഇത്തരം കഥകൾ സാക്ഷ്യം വഹിച്ചു നില്ക്കുന്നു.

പല തരത്തിലുള്ള താപസന്മാരെയും സന്യാസികളേയും ശ്രമണന്മാരേയും അന്നിവിടെ കണ്ടതായി യവനന്മാർ ചിത്രീകരിക്കുന്നു. ഇവരിൽ ജടാധാരികളും ശിരസ്സ് മുണ്ഡനംചെയ്തവരും താടി നീട്ടിയവരും ദേഹത്തിൽ മുഴുവൻ ഭസ്മം പൂശി നടന്നവരുമായ എല്ലാത്തരം സന്യാസികളും താപസന്മാരും ഉൾപ്പെടും. അവർ ഘോരാരണ്യങ്ങളിലൊ ആരാമങ്ങളിലൊ വൃക്ഷസമൂഹങ്ങളുടെ ഛായയിലൊ ആണ് നിവസിച്ചിരുന്നത്. പർണ്ണശാലകളിലൊ ഗുഹകളിലൊ വൃക്ഷകോടരങ്ങളിലൊ വസിക്കുന്ന സന്യാസികളുമുണ്ട്. വെറും നിലത്തു കിടന്നുറങ്ങുന്നവരും ഇലകളോ മാന്തോലോ പുലിത്തോലോ വിരിച്ച് അതിൽ ശയിക്കുന്ന സന്യാസികളും ദുർല്ലഭമല്ല. കാട്ടാറിലെ ജലവും വന

ത്തിലെ ഫലമൂലങ്ങളും ആയിരിക്കും അവരുടെ ആഹാരം. ഭിക്ഷ യാചിച്ച് ഉപജീവനം കഴിക്കുന്നവരും അവരിൽ ഉണ്ടായെന്നു വരാം. മരവുരിയൊ ഇലകളൊ ധരിക്കുന്നവരും ഒന്നും ഉടുക്കാത്ത ദിഗംബരസന്യാസികളും അവരുടെയിടയിൽ ഉണ്ടാകും. അത്ഭുതകരമായ തപശ്ചര്യയാലും നിരന്തരമായ ഐശ്വരചിന്തയാലും അമാനുഷികസിദ്ധികൾ നേടിയ പല മഹാത്മാക്കളും ജിവിച്ചുപോന്ന കാലമായിരുന്നു അത്.

അന്നു സെമിന്ദാരി സമ്പ്രദായം ഉണ്ടായിരുന്നില്ല. ഭൂമിയുടെ ഉടമ കൃഷിക്കാർതന്നെ ആയിരുന്നു. ആണ്ടിലൊരിക്കൽ വിളവിൽ ദശാംശം (ഷഷ്ഠാംശമെന്നും ചതുർത്ഥാംശമെന്നും ചിലേടത്തു പറയുന്നുണ്ട്. അതു ഭൂമിയുടെ വകഭേദമനുസരിച്ചായിരിക്കാം) രാജഭോഗമായി കൊടുക്കണം. ഉടമയില്ലാത്ത ഭൂമിയുടേയും വനഭൂമിയുടേയും അവകാശാധികാരങ്ങൾ രാജാവിൽ ലയിച്ചു. അത്തരം ഭൂമികളെസ്സംബന്ധിച്ച കാര്യങ്ങൾ രാജാവിൻെറ ഇഷ്ടാനുസാരമാവാം. രാജകുമാരൻെറ ജന്മോത്സവം മുതലായ വിശേഷാവസരങ്ങളിൽ കൃഷിക്കാർ രാജാവിന്നു ചില തിരുമുൽക്കാഴ്ചകൾ വെക്കാറുണ്ട്.

കൃഷിഭൂമിയുടെ പരിസരങ്ങളിലുള്ള വനങ്ങളിൽനിന്നു കൃഷിനാശംചെയ്യുന്ന കാട്ടുമൃഗങ്ങളെ വേട്ടയാടി അകററേണ്ടുന്ന ചുമതല രാജാവിൻേറതാണ്. ഗ്രാമത്തിൽ കടന്നുവന്നു ഗ്രാമവാസികളെ ഉപദ്രവിക്കുന്ന വ്യാഘ്രാദി ദുഷ്ടജന്തുക്കളെയും വേട്ടയാടി നശിപ്പിക്കാറുണ്ട്.

രാജഭോഗമായി കൊടുക്കേണ്ടും വിളവു തിട്ടപ്പെടുത്തുന്നത് ഗ്രാമപ്പഞ്ചായത്തോ അല്ല മഹാമാത്യനോ

ആയിരിക്കും. ചില പ്രത്യേകകാരണത്താൽ ചില ഗ്രാമങ്ങളെ കരത്തിൽനിന്നു ഒഴിവാക്കാറുണ്ട്. ശ്രീബുദ്ധൻെറ ജന്മം പ്രമാണിച്ച് അശോകമഹാരാജാവ് ലുംബിനി ഗ്രാമത്തെ കരത്തിൽനിന്നൊഴിവാക്കിയത് ഇവിടെ സ്മരണീയമാണ്.

ഗ്രാമത്തിൽ ജനങ്ങൾ പാർത്തുവന്നതു് ഒരു സംഘമായിട്ടാണെന്നു പറയാം. എല്ലാ വീടും തൊട്ടുതൊട്ടു കിടന്നു. അങ്ങിങ്ങായി വീതികുറഞ്ഞ ചില വീഥികളുമുണ്ടാകും. ഓരോ ഗ്രാമത്തിലും 30 മുതൽ 100വരെ കുടുംബങ്ങൾ വസിച്ചിരുന്നതായിട്ടാണ് കാണുന്നതു്. നഗരത്തിന്നടുത്ത ഗ്രാമത്തെ ജാനപദഗ്രാമമെന്നും അതിർത്തിപ്രദേശത്തിൽ കിടക്കുന്ന ഗ്രാമത്തെ പ്രാത്യന്തഗ്രാമമെന്നും പറയും. ഗ്രാമത്തിന്നുചുററും കൃഷിഭൂമിയും അതിനടുത്തുതന്നെ മേച്ചൽ സ്ഥലവും ഉണ്ടായിരിക്കും. മേച്ചൽ സ്ഥലത്തിൻെറ സമീപം ചില വനങ്ങളും ഉണ്ടാകാറുണ്ട്. മേച്ചൽ സ്ഥലത്തിന്മേലും വനങ്ങളിന്മേലും എല്ലാവക്കും സമാവകാശമാണ്. അതുകൊണ്ടു് പശുക്കളെ മേയ്ക്കുന്നതും വനങ്ങളിൽനിന്നു വിറകുവെട്ടുന്നതും ആക്കും ആവാം. ഗ്രാമത്തിലെ ഓരോ കുടുംബത്തിനും പ്രത്യേകം പ്രത്യേകം കന്നുകാലികൾ ഉണ്ടായിരിക്കും. ആ ഗോക്കളെല്ലാം മേച്ചൽസ്ഥലത്തിൽ ഒപ്പം മേഞ്ഞുകൊണ്ടിരിക്കും. കൊയ്ത്തു കഴിഞ്ഞാൽ കന്നുകാലികളെ പാടങ്ങളിൽ അഴിച്ചുവിടാറുണ്ട്. പാടങ്ങളിൽ വിത്തിട്ടാൽ ഇടയൻെറ സംരക്ഷണത്തിൽ മേച്ചൽ സ്ഥലത്തായിരിക്കും ഗോക്കൾ മേയുക.

പാടങ്ങളിൽ മുഴുവൻ ഒരേ സമയത്തിലാണ് വിത്തിടുക. ജലസേചനാർത്ഥം ഗ്രാമപ്പഞ്ചായത്തുവക തോട്ട

കളൊ കുളങ്ങളൊ കിണറുകളൊ ഉണ്ടായിരിക്കും. വയലു കളിൽ വെള്ളം പങ്കിട്ടുകൊടുക്കുന്നതു ഗ്രാമത്തലവൻെറ മേൽനോട്ടത്തിൽ നിയമാനുസാരമാകുന്നു. ഒരു കൃഷിക്കന്ന് അവൻെറ വയൽ വേലികെട്ടി വേർതിരിക്കാൻ പാടുള്ളതല്ല. ഒരു ഗ്രാമത്തിലെ കൃഷിഭൂമി മുഴവൻ അടക്കം ചെയ്തുകൊണ്ടു് ഒരു പൊതുവേലിയോ കിളയോ ഉണ്ടായിരിക്കും.

ഗ്രാമത്തിലെ കുടുംബങ്ങളുടെ വലിപ്പച്ചെറുപ്പമനുസരിച്ചാണ് കൃഷിഭൂമി വിഭജിക്കപ്പെടുക. കൊയ്ത്തുകാലത്തു് ഓരോ കുടുംബവും അവനവൻെറ വീതത്തിൽപെട്ട വിളവു കൊയ്തുകൊണ്ടു പോകുന്നു. വിളവിന്മേൽ മുഴവൻ പഞ്ചായത്തിന്ന് അധികാരമുണ്ടു്. യാതൊരു കൃഷകനും അവൻെറ വിളവു മററൊരാൾക്കു വിറുകൂടാ. പക്ഷെ ഗ്രാമപ്പഞ്ചായത്തിൻെറ അനുമതിയുണ്ടെങ്കിൽ അങ്ങിനെ ചെയ്യാം.

ഒരു കുടുംബത്തലവൻെറ മരണാനന്തരം അവൻെറ വിളവിന്നും സ്വത്തിന്നും അവകാശി അവൻെറ മൂത്തമകനാകുന്നു. സ്വത്തു് ഓഹരിവെക്കേണ്ടതായി വരുമ്പോൾ പുത്രന്മാർക്കെല്ലാം അതിൽ സമാവകാശമുണ്ടായിരിക്കും. എന്നാൽ പെൺമക്കൾക്കു് അവരുടെ ആഭരണങ്ങളിലും വസ്ത്രാദികളിലും ഉള്ള അവകാശമല്ലാതെ പിതൃസ്വത്തിൽ യാതൊരു പങ്കുമില്ല. പക്ഷെ മാതാവിൻെറ സ്വത്തിന്മേൽ അവക്കു് അധികാരാവകാശങ്ങൾ ഉണ്ടു്. എന്നിരുന്നാലും കൃഷിഭൂമിയുടെമേൽ സ്ത്രീകൾക്കു് യാതൊരു അവകാശവുമുണ്ടായിരുന്നില്ല.

മേച്ചൽസ്ഥലത്തിൻെറയൊ വനത്തിൻെറയൊ യാതൊരു അംശവും യാതൊരാൾക്കും വിലകൊടുത്തു

വാങ്ങുവാൻ പാടുണ്ടായിരുന്നില്ല. കാരണം, ഇവ രണ്ടും എല്ലാവരുടേയും പൊതുസ്വത്താണ്. ഈ സമാവകാശത്തേപ്പററി യവനന്മാരും മററു വിദേശികളും വളരെ പ്രശംസിച്ചുപറഞ്ഞതായിക്കാണാം. ഗ്രാമത്തിലെ എല്ലാ കാര്യവും ഗ്രാമപ്പഞ്ചായത്തുമുഖേനയാണ് നിർവ്വഹിച്ചത്. കൂലികൊടുക്കാതെ സൌജന്യമായി യാതൊരു പ്രവൃത്തിയും പഞ്ചായത്തിന്നുവേണ്ടി ഗ്രാമക്കാരെക്കൊണ്ടു ചെയ്യിച്ചിരുന്നില്ല. എല്ലാ ഗ്രാമീണൻെറയും അംഗീകാരത്തോടുകൂടി വല്ല പൊതുക്കാര്യ്യവും ചെയ്യേണ്ടതായിവരുമ്പോൾ ഒരു പൊതുപഞ്ചായത്ത് വിളിച്ചുകൂട്ടാറുണ്ട്. അതിന്നു ഒരു പ്രത്യേകസ്ഥലം ഉണ്ടായിരിക്കും. സഭാഗൃഹം, അതിഥിശാല, ആരാമം, ചെത്തുവഴി, കിണർ, കുളം, തോട്ട് മുതലായവ നിർമ്മിച്ചുവന്നതു പഞ്ചായത്തുതന്നെയാണ്. സർവ്വരേയും ബാധിക്കുന്ന പൊതുസമ്മേളനങ്ങളിൽ സ്ത്രീകളും പങ്കെടുക്കാറുണ്ട്.

അന്ന് വളരെ മിതമായ രീതിയിലായിരുന്നു ഗ്രാമീണജീവിതം. ഗ്രാമക്കാർ വലിയ ധനാഢ്യരോ അഹോവൃത്തിക്കു നിവൃത്തിയില്ലാത്ത ദരിദ്രരോ ആയിരുന്നില്ല. ഭക്ഷണസാധനങ്ങൾ സമൃദ്ധമായിരുന്നു. ഗ്രാമീണരുടെ എല്ലാ ആവശ്യവും യഥോചിതം നിർവ്വഹിക്കപ്പെട്ടു. അവരുടെ സ്വാതന്ത്ര്യത്തിൽ ആരും കൈവെച്ചിരുന്നില്ല എന്നതാണ് സർവ്വപ്രധാനമായ ഒരു സംഗതി. അന്നേത്തെ ഗ്രാമം ഒരു ചെറിയ പ്രജാതന്ത്രരാജ്യമായിരുന്നുവെന്നു പറഞ്ഞാൽ അതിൽ തെററില്ല. ഗ്രാമീണരുടെ പരിശ്രമം അവരുടെ കൃഷിയിൽ കേന്ദ്രീകരിച്ചിരുന്നതുകൊണ്ട് ഉപജീവനകാര്യത്തിൽ യാതൊരു വിഷമതയ്ക്കും അന്ന് അവകാശമുണ്ടായിരുന്നില്ല.

ഇനി നഗരങ്ങളേപ്പററിപ്പറയാം. 'മൌര്യകാലത്തിലെ ഭരണപദ്ധതി'യിലെ നഗരഭരണവിഭാഗത്തിൽനിന്ന് ഇതിൻെറ ഒരു സംക്ഷിപ്തചിത്രം നിങ്ങഠം കണ്ടിരിക്കുമല്ലൊ. അതിൽ കൊടുക്കാത്ത ചില സംഗതികഠം മാത്രമാണ് ഇവിടെ എടുത്തു പറയുന്നത്.

ഓരോ നഗരവും ഉറപ്പേറിയ ഒരു പുറമതിലിനാൽ ചുററപ്പെട്ടിരിക്കും. നഗരത്തിൻെറ നാലു ഭാഗത്തും ഓരോ പ്രവേശദ്വാരം (gate) ഉണ്ടായിരുന്നു. ഈ ഗെയിററുകഠം നാലുഭാഗത്തുമുള്ള പ്രധാനരാജമാൎഗ്ഗങ്ങളുമായി ബന്ധപ്പെട്ടുനിന്നു. നഗരത്തിൽ തെരുവുകളും വലിയ വലിയ കെട്ടിടങ്ങളുമുള്ള മഹല്ലകഠം എന്നു പറയുന്ന നഗരവിഭാഗങ്ങളും അടങ്ങിയിരുന്നു. ഓരോ മഹല്ലയിലും പ്രത്യേകതൊഴിൽവിഭാഗത്തിൽപ്പെട്ടവരാണ് • [പാൎക്കുക. അവരുടെ വ്യാപാരസ്ഥലങ്ങളും വ്യവസായശാലകളും അതിന്നു തൊട്ടുതന്നെ ഉണ്ടായിരിക്കും. തന്തുവായൻ, ആശാരി, മൂശാരി, തട്ടാൻ, കൊല്ലൻ, ചായം മുക്കുന്നവൻ, ശില്പി മുതലായ വിവിധവൎഗ്ഗക്കാൎക്കു വേറെവേറെ മഹല്ലകളുണ്ടാകും. ഇവിടെയുള്ള അങ്ങാടികളിൽ വസ്ത്രം, എണ്ണ, പച്ചക്കറികഠം, ഫലമൂലങ്ങഠം, നാനാതരം പുഷ്പങ്ങഠം മുതലായവയും സ്വൎണ്ണവും വെള്ളിയുംകൊണ്ടുള്ള പലവിധ ആഭരണങ്ങളും മററു പദാൎത്ഥങ്ങളും വില്ക്കപ്പെടും.

നാനാപ്രകാരത്തിലുള്ള സുന്ദരങ്ങളും സുഖപ്രദങ്ങളും സൌരഭ്യവാഹികളുമായ പുഷ്പലതാദികളാലും നിറപ്പകിട്ടുള്ള വിചിത്രഫലങ്ങളാലും മോഹനങ്ങളായ ഉദ്യാനങ്ങഠം നഗരത്തിന്നു അഴകുകൂട്ടി. സപ്തഭൂമികപ്രാസാദങ്ങളുടെ ഉല്ലേഖങ്ങഠം ജാതകകഥകളിൽ പലേടത്തും കാണുന്നതുകൊണ്ട് ഏഴുനിലമാളികകളുള്ള നഗരങ്ങഠം അന്നുണ്ടാ

യിരുന്നതായി വിശ്വസിക്കാം. സ്നാനംചെയ്യുന്നതിന്നു വലിയ വലിയ കുളങ്ങൾ ഉണ്ടാക്കപ്പെട്ടിരുന്നു. അവിടങ്ങളിൽ സ്നാനാഗാരങ്ങളും ഉഷ്ണജലത്തിലും ശീതളജലത്തിലും കുളിക്കുന്നതിന്നുള്ള പരിഷ്കൃതങ്ങളായ ഏർപ്പാടുകളും ചെയ്യപ്പെട്ടിരുന്നു. നീലത്താമരകളും ചെന്താമരകളും വികസിച്ചു പുഞ്ചിരിതൂകിനില്ക്കുന്ന ചില മോഹനസരസ്സുകളും അട്ടത്തണയുന്ന നാഗരികക്ക് ആമോദം നൽകി. വാരനാരികൾക്കു നിവസിക്കുന്നതിന്നുള്ള ചില പ്രത്യേകഭവനങ്ങളും പകിട കളിക്കുന്നതിന്നുള്ള ചില ദ്യൂതഗൃഹങ്ങളും നഗരത്തിൽ കാണാം.

നഗരശുചീകരണകാര്യത്തിൽ അധികൃതന്മാർ പ്രത്യേകിച്ചും ശ്രദ്ധിച്ചിരുന്നു. രാജവീഥികളിൽ ചപ്പുചവർ എറിയുകയൊ ദേവാലയം, തീർത്ഥസ്ഥാനം, കുളം മുതലായവയുടെ സമീപത്തിൽ മലമൂത്രവിസർജ്ജനം ചെയ്യുകയോ ശ്മശാനമല്ലാത്ത സ്ഥലത്തിൽ ശവദാഹം നടത്തുകയോ ചെയ്യുന്ന ആളെ അന്നു കഠിനമായി ശിക്ഷിച്ചിരുന്നു. നഗരവീഥികളും അങ്കണങ്ങളും ഓവുചാലുകളും മററും ശുചിയായി വെയ്ക്കുന്ന കാര്യത്തിൽ നാഗരികരും അധികൃതന്മാരെ സഹായിച്ചുവന്നു.

ശില്പകലയും വ്യാപാരവും വളരെ ഉന്നതമായ നിലയെ പ്രാപിച്ച കാലമായിരുന്നു അത്. അത്ഭുതശില്പവൈചിത്ര്യത്തെ പ്രദർശിപ്പിക്കുന്ന മനോഹരഹർമ്മ്യങ്ങളെപ്പററിയും അമാനുഷികമായ കരപാടവത്തെ കാണിക്കുന്ന വിസ്മയകരങ്ങളായ വിശേഷചിത്രങ്ങളെപ്പററിയും അന്നത്തെ കഥകളിൽ മനോരഞ്ജകമാംവണ്ണം വർണ്ണിച്ചതായിക്കാണാം. പതിനെട്ടുവിധം വ്യവസായങ്ങളെപ്പററി അന്നു പറയുന്നുണ്ട്. പ്രത്യേകവ്യവസായത്തിൽ ഏർപ്പെട്ട ആളുകൾ ഒരു സമുദായമായിത്തീൎന്നു. അവരുടെയിടയിൽ ഒരു മുഖ്യസ്ഥനുമുണ്ടായി.

വളരേ വിദൂരങ്ങളിലുള്ള ദേശങ്ങളുമായി അന്നു വ ലിച്ച വ്യാപാരം നടന്നിരുന്നു. ഇവിടത്തെ വ്യാപാരികൾ ലങ്ക, ബ്രഹ്മ, സയാം, കമ്പോഡിയ, ചീന, ഹിരാതം, പേർഷ്യ, ബാബിലോണിയ, മാസിഡോണിയ മുതലായ സ്ഥലങ്ങളിൽ പോയി കച്ചവടം ചെയ്യുന്നതിനെ സംബന്ധിച്ച കഥകൾ പലതുമുണ്ട്. അവിടങ്ങളിലെ വ്യാപാരികൾ ഈ ദേശത്തിലും കച്ചവടത്തിന്നായി വന്നിരുന്നു. സാൎത്ഥവാഹകൻ എന്നറിയപ്പെട്ട പ്രമാണിയുടെ നേതൃത്വത്തിൽ വൎത്തകസംഘം വിദേശങ്ങളിലേക്കു പോകുന്നതും നാം കാണുന്നു. ഇരട്ടക്കാളകളെ പൂട്ടിയ കാളവണ്ടികളിലും ഒട്ടകങ്ങളുടെ പുറത്തും ആയിരുന്നു കച്ചവടസാധനങ്ങൾ കയററിക്കൊണ്ടുപോയത്. ഇടയ്ക്കിടെ തോണികളും അവരെ സഹായിച്ചുവന്നു.

ഈ സംഘം ഒരു രാജ്യത്തിൻെറ അതിൎത്തിവിട്ടു മറെറാരു രാജ്യത്തിൽ പ്രവേശിക്കുമ്പോൾ കച്ചവടസാധനങ്ങളിന്മേൽ ഒരുതരം ചുങ്കം കെട്ടുന്ന പതിവുണ്ട്. വൎത്തകസംഘത്തെ കവൎച്ചക്കാരിൽനിന്നു രക്ഷിക്കുന്ന സേ്വച്ഛാസേവകരായ പോലീസ്സുകാർ ചില പ്രദേശങ്ങളിലുണ്ടാകും. ഈ സേവനത്തിന്നു പ്രതിഫലം കൊടുക്കേണ്ടുന്ന ചുമതല വൎത്തകന്മാരുടേതാണ്. ഇങ്ങിനെ വിദേശങ്ങളുമായി വ്യാപാരംചെയ്യുന്നതിൽ പല വിധത്തിലുള്ള ധനവ്യയം അന്നുണ്ടായിരുന്നതായി കണക്കാക്കാം.

മേത്തരം പട്ടിൻെറയും പരുത്തിയുടെയും വസ്ത്രങ്ങൾ, കമ്പിളിത്തരങ്ങൾ, ലോഹകവചങ്ങൾ, വിവിധങ്ങളായ ആയുധങ്ങൾ, പലതരം കത്തികൾ, സ്വൎണ്ണനൂലും വെള്ളിനൂലും ചേൎത്തുതുന്നിയ മേലങ്കികൾ, സുഗന്ധപദാൎത്ഥങ്ങൾ, ഔഷധങ്ങൾ, ആനക്കൊമ്പുകൾ,

ഥന്തനിർമ്മിതപദാർത്ഥങ്ങൾ, രത്നവും വെള്ളിയും സ്വർണ്ണവുംകൊണ്ടുണ്ടാക്കിയ മിന്നിത്തിളങ്ങുന്ന ആഭരണങ്ങൾ മുതലായവ നഗരങ്ങളിൽ ധാരാളമായി വില്ക്കപ്പെട്ടു വിദേശങ്ങളുമായും ഇവയുടെ വ്യാപാരം നടന്നിരുന്നു.

കച്ചവടത്തിൽ പദാർത്ഥങ്ങൾതന്നെ കൈമാറുന്ന സമ്പ്രദായം പണ്ടേ നടപ്പുണ്ടായിരുന്നതു മൌര്യകാലത്തിൽ കുറഞ്ഞു കുറഞ്ഞു വന്നതായും നാണയങ്ങളുടെ പ്രചാരം അധികമധികമായിത്തീർന്നതായും കാണുന്നുണ്ട്. സ്വർണ്ണം, വെള്ളി, ചെമ്പ് മുതലായ ലോഹങ്ങൾകൊണ്ട് ആദ്യമായി നാണയങ്ങൾ നിർമ്മിച്ചതു ചന്ദ്രഗുപ്തമൌര്യനാണെന്നും അവയുടെ പ്രചാരം വർദ്ധിച്ചുവന്നതു അശോകന്റെ കാലത്തിലാണെന്നും ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നുണ്ട്. കർഷം, നിഷ്കം, സുവർണ്ണം എന്നറിയപ്പെട്ട പൊൻനാണയങ്ങളും കർഷാപണം എന്ന വെള്ളിപ്പണവും കംസ, പാദ, മാഷ, കാകണിക എന്ന ചെമ്പുനാണയങ്ങളും അന്നു പ്രചാരത്തിലുണ്ടായിരുന്നുപോൽ.

---

# എട്ടാം അദ്ധ്യായം.

<u>പ്രാചീനശില്പകല:</u>—പ്രാചീനഭാരതത്തിലെ ഭവനങ്ങളുടെയും വിഗ്രഹങ്ങളുടേയും അവശേഷിച്ച മാതൃകകളിൽ ഭാരതീയരുടെ ഒരായിരമാണ്ടിലെ ശില്പകലയുടെ ചരിത്രം ഉൾക്കൊള്ളുന്നുണ്ട്. രണ്ടായിരം കൊല്ലത്തിന്നപ്പുറമുള്ള ആ ചരിത്രവസ്തുക്കൾ നമ്മുടെ ശില്പകലയുടെ ഉന്നതിയേയും അവനതിയേയും കുറിക്കുന്നു. ആ കാലഘട്ടത്തിൽ പശ്ചിമോത്തരഭാരതത്തിൽ പ്രവേശിച്ച വിഭിന്ന

രായ വിദേശീയശക്തികളുടെ പല ആക്രമണങ്ങൾ ഹേതുവായി, വിദേശീയസമ്പ്രദായങ്ങളും ഭാവഭേദങ്ങളും ആദശ് വിശ്വാസങ്ങളും ഭാരതീയജീവിതത്തിൽ എന്നപോലെ ശില്പകലയിലും അങ്കിതമായി. ഹിന്ദുക്കളുടെ വിവിധങ്ങളായ ദശനശാസ്ത്രങ്ങളും ധാമ്മികവിശ്വാസങ്ങളും വേദങ്ങളേയും ഉപനിഷത്തുകളെയും അവലംബിച്ചുനില്ക്കുംവിധം വ്യത്യസ്തരീതിയിലും കാലങ്ങളിലും ആവിർഭവിച്ച ശില്പകലയും ഭാരതീയരുടെ പുരാതനമായ ആദശത്തെ കൈക്കൊണ്ടുതന്നെനിന്നു. ശില്പകലയിൽ മാത്രമല്ല, എല്ലാ കായ്യത്തിലും ആദശത്തെ പുലത്തിയവരായിരുന്നു പ്രാചീന ഭാരതീയർ. ലൌകികജീവിതത്തിലും ലൌകികകായ്യങ്ങളിലും പ്രായേണ അവർ ഉദാസീനരായിരുന്നു എന്നു വേണം പറവാൻ.

അന്നത്തെ ശില്പകാരന്മാർ ലോകത്തിലെ സാധാരണവസ്തുക്കളെസ്സംബന്ധിച്ചു അത്ര ശ്രദ്ധിച്ചിരുന്നില്ല. അവരുടെ സവ്വപ്രധാനമായ ഉദ്ദേശം ദേവാലയങ്ങളും ദേവപ്രതിമകളും ചിത്രങ്ങളും നിമ്മിക്കുകയായിരുന്നു. മാനവജീവിതത്തെയും മാനുഷവിഗ്രഹത്തെയും ചിത്രീകരിക്കുന്ന കായ്യത്തിൽ അവർ വിമുഖരായിരുന്നു. ശുക്രനീതിയും അവരെ അനുകൂലിക്കുന്നതു നോക്കുക:—

അപി ശ്രേയസ്കരംനൃണാം ദേവബിംബമലക്ഷണം ।
സലക്ഷണം മത്ത്യബിംബം നഹി ശ്രേയസ്കരം സദാ.

ഇങ്ങനെ ദേവബിംബം അലക്ഷണമായാൽക്കൂടിയും ശ്രേയസ്കരമായും മത്ത്യബിംബം എത്രതന്നെലക്ഷണയുക്തമായാലും ശ്രേയസ്കരമല്ലാതായുംവന്നു.

ഇന്നേവരെ ലഭിച്ചിട്ടുള്ള പ്രാചീനഭാരതത്തിലെ വിഗ്രഹങ്ങൾ മുഴുവനുംതന്നെ എന്നുപറയാം, വല്ലദേവി

ദേവന്മാരെയോ ധർമ്മപരമായ സംഭവങ്ങളെയോ ആധാരമാക്കി നിർമ്മിച്ചിട്ടുള്ളവയാകുന്നു. ചുരുക്കം നാണയങ്ങളും ഭഗ്നാവശേഷങ്ങളും, ഒഴിച്ച് അശോകൻെറ കാലത്തിന്നപ്പുറമുള്ള യാതൊരു വിഗ്രഹങ്ങളുടേയൊ ശില്പവേലയുടേയൊ മാതൃക ഇന്നേവരെ ലഭിച്ചതായി അറിയുന്നില്ല. തന്നിമിത്തം ഭാരതത്തിലെ പ്രാചീനശില്പകലയുടെ പ്രാരംഭം അഥവാ പുനരുത്ഥാനം അശോകൻെറ കാലത്തിലാണെന്നു നിർണ്ണയിക്കാം.

അശോകൻെറ കാലത്തിനുമുമ്പ് ഗൃഹനിർമ്മിതി ചെയ്തിരുന്നതു മരംകൊണ്ടായിരുന്നപോൽ. ശിലകൊണ്ടു നിരവധി ഭവനങ്ങളും സ്തൂപസ്തംഭാദികളും പണിചെയ്യുവാൻ തുടങ്ങിയത് അശോകചക്രവർത്തിയാണെന്നു പറയപ്പെടുന്നു. ചന്ദ്രഗുപ്തമൌര്യൻെറ കാലത്തിൽ പാടലീപുത്രനഗരത്തിൻെറ ചുററും മരംകൊണ്ടുനിർമ്മിച്ച ഒരു പുറമതിൽ ഉണ്ടായിരുന്നതായും അമ്പുകൾ അയക്കുന്നതിന്നു മതിലിൽ അവിടവിടെ പഴുതുകൾ ഉണ്ടാക്കിയിരുന്നതായും യവനചരിത്രകാരനായ മെഗസ്തനീസ്സ് രേഖപ്പെടുത്തുന്നു. ഒരു മഹാസാമ്രാജ്യത്തിൻെറ കേന്ദ്രനഗരത്തിലെ ഭദ്രമായപുറമതിൽപോലും അന്ന് മരംകൊണ്ടാണ് ഉണ്ടാക്കപ്പെട്ടതു് എന്നുവരുമ്പോൾ ദാരുഗൃഹങ്ങൾ തന്നെയായിരിക്കണം അന്നുണ്ടായിരിക്കുക എന്ന് അനുമാനിക്കുന്നതിൽ തെററുണ്ടാകയില്ല. കൂടാതെ, അന്നത്തെ ജാതകകഥകളിലും മററും ദാരുനിർമ്മിതഭവനങ്ങളുടെ വിവരങ്ങൾ തന്നെയാണ് കാണുന്നതും. ബ്രഹ്മ, ചീന, ജാപ്പാൻ മുതലായ പൌരസ്ത്യദേശങ്ങളിൽ ഇന്നും മരംകൊണ്ടുള്ള ഭവനങ്ങളാണ് അധികവും കാണപ്പെടുന്നതു് എന്നസംഗതിയും ഇവിടെ ചിന്തനീയമാണ്.

മൌര്യകാലത്തിലെ ശില്പകല പൂർണ്ണരൂപത്തിൽ സ്വദേശിയാണെന്നു പറഞ്ഞുകൂടാ. പ്രാചീന ഈറാനിലെ സംസ്കാരം ഏറെക്കുറേ അതിൽ പതിഞ്ഞുകാണും. സമ്രാട്ട് അശോകൻെറയും പ്രാചീനഈറാനിലെ ദാരിയസ്സ് ചക്രവർത്തിയുടേയും ശിലാലേഖകളും സ്തംഭങ്ങളും മററും സൂക്ഷ്മമായി പരിശോധിച്ചാൽ ഈ സംഗതി വ്യക്തമാകും. ആ പാരസീകചക്രവർത്തി (ബി. സി. അഞ്ചാം ശതകത്തിൽ) പാറകളിന്മേൽ കൊത്തിയുണ്ടാക്കിയ ശിലാലേഖകളും അശോകൻെറ ശിലാലേഖകളും തമ്മിൽ ചില സാമ്യതകളുണ്ടു്. ദാരിയസ്സിൻെറ പുരാതനരാജധാനികളുടെ സ്തംഭശിഖരങ്ങൾ ഘണ്ടാകാരത്തിലാണ് ഉണ്ടാക്കപ്പെട്ടതു്. ശിഖരങ്ങളുടെ ഉപരിഭാഗത്തിൽ അശ്വങ്ങളൊ ഗജങ്ങളൊ സിംഹങ്ങളൊ പൃഷ്ഠഭാഗം മറച്ചുകൊണ്ടു നിലക്കൊള്ളുന്നതുപോലെ അശോകസ്തംഭങ്ങളിന്മേലും ഭാരുത്ത്, സാംചി, മധുര, ബുദ്ധഗയ മുതലായ സ്ഥലങ്ങളിലെ സ്തൂപങ്ങളുടെ പ്രാകാരങ്ങളിന്മേലും കാണുന്നുണ്ടു്. ആദ്യമായി അശോകൻ മരത്തിൻെറ സ്ഥാനത്തിൽ ശിലകൊണ്ടു ഭവനനിർമ്മാണം ആരംഭിച്ചപ്പോൾ ഈറാനിലെ പ്രാചീനശില്പകലയെ അനുകരിച്ചതായിരിക്കാം.

പ്രസിദ്ധകലാകുശലനായ ഹാവേൽ ഈ അഭിപ്രായത്തോടു യോജിക്കുന്നില്ല. പ്രാചീനവൈദികകാലത്തിൽ യജ്ഞസ്ഥലത്തിൻെറ ചുററും സ്തംഭങ്ങളുണ്ടായിരുന്നുവെന്നും അവയെ അനുകരിച്ചുകൊണ്ടാണ് അശോകൻ സ്തൂപസ്തംഭാദികൾ നിർമ്മിച്ചതെന്നുമാണ് ആ മാന്യൻ അഭിപ്രായപ്പെടുന്നതു്. മാത്രമല്ല, അതിപ്രാചീനകാലത്തിൽ ഈറാൻ ഭാരതത്തിൻെറ ഒരംശമായിരുന്നുവെന്നും കാലാന്തരത്തിൽ ഭാരതവും ഈറാനും രണ്ടായിപ്പിരിഞ്ഞുവെങ്കിലും പ്രാചീനരീതിയിലുള്ള ശില്പകലതന്നെ രണ്ടു രാജ്യങ്ങ-

ളിലും തുടൻവന്നതാണ് ഈ സാമ്യതയ്ക്കു കാരണമെന്നും തന്നിമിത്തം ഈറാനെ അനുകരിച്ചു എന്നു പറയുന്നതു യുക്തമല്ലെന്നുമാണ് അദ്ദേഹത്തിൻെറ അഭിമതം. അശോകൻെറ സ്തംഭശിഖരം ഘണ്ഡാകാരമായല്ല, അധോമുഖ കമലാകാരമാണെന്നും ഇവിടെ വ്യക്തമാക്കേണ്ടതായുണ്ട്. പരിശുദ്ധകമലപുഷ്പത്തെ ശുഭസൂചകമായിട്ടാണ് ഭാരതീയർ പണ്ടേ കരുതിയിരുന്നത്.

ദാരിയസ്സ് വെറും പാറകളിന്മേലാണ് തൻെറ ശാസനങ്ങൾ എഴുതിയിരുന്നത്. അശോകൻ ഒരു പടി മുന്നോട്ടുപോയി, സ്തംഭങ്ങളും ഗ്രഹകളും നിൎമ്മിച്ച്, അവയിന്മേലും ധൎമ്മലേഖകൾ കൊത്തിവെച്ചു. ഉയൎന്ന പാറകൾ കഴിച്ചു അവിടെ ചില സ്തംഭങ്ങൾ ആ പാരസീകചക്രവൎത്തിയും നിൎമ്മിച്ചതായി പറയുന്നുണ്ട്. പക്ഷെ ഭീമമായ പാറകൾ വെട്ടിയെടുത്തു, അവയിൽനിന്നു സ്തംഭനിൎമ്മിതി ചെയ്തു അന്യ സ്ഥലങ്ങളിൽ കൊണ്ടുപോയി സ്ഥാപിക്കുക എന്ന വിഷമപ്രശ്നം അശോകനുമുമ്പ് എവിടെയും ഉണ്ടായിരുന്നതായി അറിയുന്നില്ല. അമ്പതോ അറുപതോ അടി നീളത്തിലും ഏഴെട്ടടി വണ്ണത്തിലും ഒരു പാറക്കഷണം പൊളിച്ചെടുക്കുക എന്നതു യാന്ത്രികവികാസം ഇത്രയും സിദ്ധിച്ച ഈ ഇരുപതാംനൂററാണ്ടിലെ ശില്പവിദഗ്ദ്ധന്മാൎക്കുപോലും സാദ്ധ്യമല്ലാത്ത സ്ഥിതിക്ക് 22 നൂററാണ്ടുകൾക്കപ്പുറം അശോകൻെറ ശില്പികൾ ഈ വിഷയത്തിൽ വിജയിച്ചതു വിസ്മയജനകമാകുന്നു. ഇത്രയു ഭാരിച്ച പാറക്കല്ലുകൾ വൃത്താകാരത്തിൽ കൊത്തിമിനുക്കി സ്ഫടികസമാനം തിളങ്ങുന്നതായി എങ്ങിനെ രൂപപ്പെടുത്തി എന്ന സംഗതിയും ഇന്നും ശില്പിപ്രമുഖരെ ഇരുത്തിച്ചിന്തിപ്പിക്കുന്നുണ്ട്. എന്നുതന്നെയല്ല, ചില പ്രത്യേകസ്ഥലങ്ങളിൽനിന്നു വെട്ടപ്പെട്ട ഭാരിച്ച ശിലകൾ

എങ്ങിനെ വിദൂരസ്ഥലങ്ങളിൽ നിക്കംചെയ്തു എന്നതും ഇന്നത്തെ ശില്പികളെ അമ്പരപ്പിക്കുന്നു.


സുൽത്താൻ ഫിറോസ്ഷാ അശോകനിർമ്മിതങ്ങളായ മൂന്നു സ്തംഭങ്ങൾ പറിച്ചെടുത്തു ദൽഹിയിൽ നീക്കം ചെയ്തതായി ചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നു. അവയിൽ ഒന്നിനെപ്പററിയുള്ള ഒരു സംക്ഷിപ്തവിവരണം ഇവിടെ കൊടുക്കാം:—

സുൽത്താൻ ഫിറോസ്ഷാ എ. ഡി. 1356-ൽ തന്റെ ദിഗ്വിജയം കഴിഞ്ഞു അമ്പാലജില്ലയിൽ പര്യടനം ചെയ്തപ്പോൾ തോപ്ര എന്ന കുന്നിൻപ്രദേശത്തുകണ്ട ഒരു അശോകസ്തംഭം അദ്ദേഹത്തെ അത്ഭുതചിത്തനാക്കിത്തീർത്തു. ഇതു ദൽഹിയിൽ കൊണ്ടുവന്നു സ്ഥാപിക്കുവാൻ അദ്ദേഹം തീരുമാനിച്ചു. പക്ഷെ എങ്ങിനെ തന്റെ അഭിലാഷം പൂർത്തിയാകും എന്ന കാര്യമാണ് അദ്ദേഹത്തെ വിഷമിപ്പിച്ചത്. ആ സ്ഥലം ദൽഹിയിൽനിന്നു 180 നാഴിക അകലേയാണ്. സുൽത്താൻ ധൈര്യമവലംബിച്ചു, ആ സ്തംഭം നീക്കംചെയ്യുന്നതിന്നു ആവശ്യകമായ എല്ലാ സാധനസാമഗ്രികളോടുംകൂടി ഹാജരാകുവാൻ അമ്പാലയിലെ നാട്ടുകാരോട് ആജ്ഞാപിച്ചു. ഈ കാര്യത്തിൽ വേണ്ടുന്ന എല്ലാ സാഹായ്യസഹകരണങ്ങളും നൽകുവാൻ കുതിരപ്പടയടക്കമുള്ള തന്റെ സൈന്യത്തിന്നും സുൽത്താൻ കല്പനകൊടുത്തു. വിളംബംവിനാ ബഹുസഹസ്രം ആളുകൾ വിവിധങ്ങളായ പണിക്കോപ്പുകളോടുകൂടി വന്നുതുടങ്ങി. അനേകം ഉന്നച്ചാക്കുകളും അവിടെ എത്തിച്ചേർന്നു.

പ്രഭാതത്തിൽ പ്രവൃത്തിയാരംഭിച്ചു. സ്തംഭത്തിന്നു ചുററും ഉന്നച്ചാക്കുകൾ നിറഞ്ഞുകഴിഞ്ഞു. സ്തംഭത്തി

ന്നടിയിലുള്ള മണ്ണ് മെല്ലെ മെല്ലെ നീക്കിയപ്പോഠ ഉന്ന ക്കിടക്കയിലാണ് സ്തംഭം തല ചായിച്ചത്. ക്രമേണ പല നാളായി ഉന്നം നീക്കംചെയ്തപ്പോഠ സ്തംഭം ഭൂമി സ്പശ്മേററു. അതിൻെറ അസ്തിവാരത്തിന്നടിയിൽ ഒരു വലിയ സമചതുരശിലാഖണ്ഡം കാണപ്പെട്ടു. അതും ഊനംകൂടാതെ അവർ കിളച്ചെടുത്തു. സ്തംഭത്തിന്നു കേട്ട തട്ടാതിരിപ്പാൻ അതു വൈക്കോൽകൊണ്ടും മൃഗചമ്മം കൊണ്ടും അടിതൊട്ടു മുടിവരെ ഭദ്രമായി മൂടിക്കെട്ടി. 42 ചക്രങ്ങളുള്ള ഒരു വമ്പിച്ച വാഹനം പ്രത്യേകം നിമ്മിത മായി. അതിൻെറ ഓരോ ചക്രത്തിന്നും ഉറപ്പേറിയ കമ്പക്കയറുകഠ കെട്ടി അനേകായിരം ആളുകളുടെ പരി ശ്രമഫലമായി ഒടുവിൽ സ്തംഭം ആ വാഹനത്തിലേററ പ്പെട്ടു. ചക്രത്തിന്മേൽ ബന്ധിച്ച കയറുകളോരോന്നും 200 ശക്തരായ ആളുകഠ പിടിച്ചുവലിച്ചുനയിച്ച് പല നാഠകൊണ്ടു ഭീമമായ ആ വാഹനത്തെ യമുനാതീര ത്തിലണച്ചു.

അപ്പോഠ സുൽത്താൻ അവിടെ ആഗതനായി, ഈ ഏപ്പാടുകളെല്ലാംകണ്ടു സംതൃപ്തിപൂണ്ടു. സുൽത്താ ൻെറ ആജ്ഞയനുസരിച്ച് ഒട്ടേറെ വലിയ തോണികഠ അവിടെ ക്ഷണത്തിലെത്തി അണിനിരന്നുനിന്നു. താമ സിയാതെ, തോണികഠ ഇണച്ചുകെട്ടിയ ഒരു ഭദ്രമായ ചങ്ങാടം അവിടെ ഉണ്ടായിവന്നു. ഇങ്ങിനെ അനേക ശതം ആളുകളുടെ അക്ഷീണപരിശ്രമഫലമായി യമുനാ നദിയിൽക്കൂടി ആ സ്തംഭം ഫിറോസബാദിൽ (ദൽഹി യിൽ) എത്തിച്ചേന്നു. ഇവിടെ അതു കരക്കണക്കപ്പെട്ടു കയും പല സഹസ്രം ആളുകളുടെ സഹകരണത്തോടുകൂടി ഉദ്ദിഷ്ടസ്ഥലത്തിൽ എത്തിച്ചേരുകയുംചെയ്തു.



നന്ദനനഗാറയിലെ സ്തംഭം.

അനന്തരം പടിപടിയായി കെട്ടിപ്പൊക്കിയ ഒരു മതിലിന്മേൽ സ്തംഭത്തിൻെറ തലവെച്ച്, അതു് ഉയത്തി യുയത്തിയും കമ്പക്കയറുകൾകൊണ്ടു പലവിധത്തിൽ കെട്ടിപ്പൊന്തിച്ചും ഒടുക്കം അതു ഫിറോസ്ബാദിൽ സുദൃഢം സ്ഥാപിതമായി. അതിൻെറ അസ്തിവാരത്തിന്നടിയിൽ മുൻപറഞ്ഞ ആ ചതുരക്കല്ലും ഉറപ്പിക്കുകയുണ്ടായി. ഇതത്രേ ഈ സ്തംഭത്തിൻെറ സംക്ഷിപ്തചരിത്രം.

കേവലം ഒരു സ്തംഭം ഇത്രമാത്രം അകലെയുള്ള ഒരു സ്ഥലത്തു നീക്കംചെയ്തു സ്ഥാപിക്കുവാൻ ഇത്രയുമധികം വിഷമമുണ്ടെങ്കിൽ അനേകം സ്തംഭങ്ങൾ പല ദൂരസ്ഥലങ്ങളിലും കൊണ്ടുപോയി പ്രതിഷ്ഠിക്കുവാൻ അശോകനു സാധിച്ചതെങ്ങിനെ എന്ന പ്രശ്നം ചിന്തകന്മാരെ ഇന്നും അലട്ടിക്കൊണ്ടിരിക്കയാണു്.

അശോകൻ തൻെറ വാഴ്ചക്കാലത്തിൽ 84,000 സ്തൂപസ്തംഭാദികൾ നിമ്മിച്ചതായി ഐതിഹ്യം കാണുന്നു. കപിശാനഗരത്തിലും കാബൂൾനദിയുടെ കരയിലും കാശ്മീരദേശത്തിലും അദ്ദേഹത്താൽ പണിചെയ്യപ്പെട്ട അത്ഭുതകരങ്ങളായ നിമ്മാണങ്ങളെപ്പററി ആദ്യം പറഞ്ഞുവല്ലൊ.

അന്നത്തെ ശിലാസ്തംഭത്തിൻെറ ഒരുത്തമമാതൃക ചമ്പാരൻജില്ലയിലെ നന്ദനഗാറ എന്നഗ്രാമത്തിൽ കാണാം. അതിന്നു 32അടി ഉയരമുണ്ടു്. നല്ലമാർദ്ദവമുള്ള ശിലകൊണ്ടാണു് അതുണ്ടാക്കപ്പെട്ടതു്. വൃത്താകാരത്തിലുള്ള ആ സ്തംഭത്തിൻെറ അടിവണ്ണം 35½അംഗുലവും ശിഖരത്തിന്നടുത്തുള്ളവണ്ണം 22½അംഗുലവുമാണു്. മുകളലോട്ടു പോകുംതോറും അതിൻെറ വണ്ണം കുറഞ്ഞുകൊണ്ടിരുന്നുവെന്നു് ഇതിൽനിന്നു് അനുമാനിക്കാമല്ലൊ. അത


ൻെറ ശിഖരം അധോമുഖമായ ക്മലാകാരത്തിൽ അവസാനിക്കുകയും ശിഖരോപരി ഒരു സിംഹവിഗ്രഹം ഗംഭീരഭാവത്തോടെ നിലക്കൊള്ളുകയുംചെയ്യു.

പ്രശംസനീയമായ മററൊരു സിംഹസ്തംഭം സാരനാഥത്തിലാണുള്ളത്. അതിനെപ്പററി ആദ്യമായിത്തന്നെ പറഞ്ഞിട്ടുണ്ടല്ലോ. ഈ സ്തംഭത്തിൻെറ മിനുമിനുപ്പും കലാചാതുരിയും കാണികളെ ഇന്നും ആകഷിച്ചുകൊണ്ടിരിക്കുന്നു. സിംഹങ്ങളുടേയും ശിഖരത്തിൻെറയും മദ്ധ്യേ നാലു ചെറിയ വിഗ്രഹങ്ങൾ നില്ക്കുന്നതായിക്കാണാം. കാള, അശ്വം, ഗജം, സിംഹം എന്നിവയുടേതാണ് അവ. ആ മൃങ്ങളുടെ മദ്ധ്യത്തിലായിട്ടാണ് ധമ്മചക്രം സ്ഥിതിചെയ്യുന്നത്. ഇവിടെവെച്ചാണ് ബുദ്ധദേവൻെറ ധമ്മപ്രചാരം ആരംഭിച്ചതെന്നു ഈ ചക്രം സൂചിപ്പിക്കുന്നു.


സിംഹങ്ങളുടെ ഉപരിഭാഗത്തിലും ഒരു ധമ്മചക്രമുണ്ടായിരുന്നുപോൽ. കാലാന്തരത്തിൽ അതു നഷ്ടമായതാണ്. അതിൻെറ ഭഗ്നാവശേഷങ്ങൾ സ്തംഭത്തിൻെറ ചുവട്ടിൽനിന്നു കണ്ടുകിട്ടുകയുണ്ടായി.

മൃഗങ്ങളുടെ ഇത്രയും സുന്ദരവും സ്വാഭാവികവും സജീവവുമായ വിഗ്രഹങ്ങൾ ഈ പ്രാചീനശില്പത്തോടു കിടപിടിക്കത്തക്കതായി ലോകത്തിൻെറ മററൊരു ഭാഗത്തിലും കാണപ്പെട്ടതായി അറിയുന്നില്ലെന്നു പുരാതത്വവേദികൾ ഏകകണ്ഠമായി അഭിപ്രായപ്പെടുന്നുണ്ട്.

ഭാരുത്ത്, സാംചി, അമരാവതി എന്നിവിടങ്ങളിലെ സ്തൂപങ്ങളും ബുദ്ധഗയയിലെ പ്രാചീനഭഗ്നാവശേഷങ്ങളും സ്മരണീയങ്ങളത്രേ. ഭാരുത്തിലേയും സാംചിയിലേയും സ്തൂപങ്ങളുടെ ചുററും ശിലകൊണ്ടുള്ള പുറമതിലുകളുണ്ട്




സാരനാഥത്തിലെ സിംഹസ്തംഭം.



സാംചിയിലെ സ്തൂപകവാടം

ഇവയെല്ലാം പാറകൊത്തി ഉണ്ടാക്കിയതായിട്ടാണ് ഇവയുടെ നിമ്മാണരീതിയിൽനിന്നു അനുമാനിക്കപ്പെടുന്നതു്. മതിലിന്മേൽ കാണുന്ന വിഗ്രഹങ്ങളും പുഷ്പലതാദികളും ഈ ഊഹത്തെ പ്രബലപ്പെടുത്തുന്നു. മുൻകാലങ്ങളിൽ മരത്തിന്മേൽ കൊത്തിയുണ്ടാക്കിയ രീതിയിൽത്തന്നെയാണു ഈ പാറകളിന്മേൽ കാണുന്ന ചിത്രപ്പണികളും.

ഭാരുത്ത് അല്ലഹബാദിൽനിന്നു 120 നാഴിക അകലേക്കിടക്കുന്നു. അതിൻെറ പ്രാചീനനാമം വരദാവതി എന്നാണ്. ചരിത്രാന്വേഷിയായ കണ്ണൽ കണ്ണിംഗാം (ഏ. ഡി. 1873ൽ) ഈ സ്ഥലത്തു് ഗവേഷണം നടത്തിയപ്പോറം പുരാതനമായ ആ സ്തൂപത്തിൻെറ അവശിഷ്ടങ്ങറം കാണപ്പെട്ടു, പല വിഗ്രഹങ്ങളും ശിലാലേഖകളും ബുദ്ധചരിതസംബന്ധമായ ദൃശ്യങ്ങളും ആ സ്തൂപത്തിൻെറ സമീപത്തിൽനിന്നു കുഴിച്ചെടുക്കുകയുണ്ടായി. സ്തൂപത്തിൻെറ വ്യാസം 68 അടിയും പ്രദക്ഷിണമാഗ്ഗം 213 അടിയും ഉള്ളതായിട്ടാണ് കണ്ടതു്. പ്രാകാരത്തിൻെറ നാലുഭാഗത്തും നിലക്കൊണ്ട പ്രവേശനദ്വാരങ്ങളിൽ ആകെ 80 സ്തംഭങ്ങളുടെ അവശിഷ്ടങ്ങറം ഉണ്ടായിരുന്നുപോൽ.

ഈ ഗവേഷണഫലമായി കിട്ടിയ വിഗ്രഹങ്ങളും ചിത്രവേലകളുമെല്ലാം കൽക്കത്തയിലെ പ്രദശ്നശാലയിൽ സ്ഥിതിചെയ്യുന്നുണ്ടു്. ആ ശിലാലേഖകറം പരിശോധിച്ചതിൽ ബി.സി. 240ൽ ആയിരിക്കണം ഈ സ്തൂപത്തിൻെറ നിമ്മാണമെന്നു ജനറൽ കണ്ണിംഗാം അഭിപ്രായപ്പെടുന്നു. അതുകൊണ്ടു് ഈ സ്തൂപം അശോകനാൽ തന്നെ ഉണ്ടാക്കപ്പെട്ടതായിരിക്കണം.

.ഭൂപാലദേശത്തിൽ ഭിൽസാഗ്രാമത്തിന്നടുത്തു് ഒരു സ്തൂപസമൂഹം കാണകയുണ്ടായി. സാംചിയിലെ സുപ്രസിദ്ധസ്തൂപവും ഈ സമൂഹത്തിൽ പെടും. 54 അടി ഉയരമുള്ള സാംചീസ്തൂപത്തിൻെറ കീഴ്ഭാഗത്തിൽ അതിന്നു് 106 അടി വ്യാസം കാണും. ചുററുമുള്ള മതിലിന്നു കിഴക്കു പടിഞ്ഞാറായി 144 അടിയും വടക്കുതെക്കായി 151അടിയും ദൈർഘ്യമുണ്ടു്. ഈ മതിലിന്മേൽ അടുത്തടുത്തായി എട്ടടി പൊക്കമുള്ള അനവധി സ്തംഭങ്ങളും ഉണ്ടായിരിക്കുന്നു. പുഷ്പലതാദികളുടെ മനോഹരമായ ചിത്രപ്പണികൾ മതിലിന്മേലും സ്തംഭങ്ങളിന്മേലും കാണാം. മദ്ധ്യേ സ്ഥിതിചെയ്യുന്ന സാംചീസ്തംഭം അശോകനിർമ്മിതമാണെന്നു നിശ്ചയിച്ചുകഴിഞ്ഞിരിക്കുന്നു. എന്നാൽ പുറമതിലിന്മേലും മററും കാണുന്ന ചിത്രവേല പിൽക്കാലത്തു് ഉണ്ടാക്കപ്പെട്ടതാവണമെന്നാണു് പലരുടേയുംഅഭിപ്രായം.

കൃഷ്ണാനദിയുടെ തീരത്തിൽ കിടക്കുന്ന അമരാവതിയിലായിരുന്നു വളരേക്കാലത്തോളം ആന്ധ്റരാജാക്കന്മാരുടെ രാജധാനി സ്ഥിതിചെയ്തതു്. ഹ്യുയെൻസാംഗ് അമരാവതി സന്ദർശിച്ച കാലത്തു അശോകനിർമ്മിതമായ ഒരു അത്ഭുതസ്തൂപം അവിടേക്കണ്ടതായി അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു. ആ സ്തൂപത്തിന്നു ചുററും, എ. ഡി. രണ്ടാം ശതകത്തിൽ, ഒരു പ്രാകാരവും ഉണ്ടാക്കപ്പെട്ടു. ഉത്തമരീതിയിലുള്ളതും ദ്രാവിഡസംസ്കാരം കലന്നതുമായ ഒരു വിചിത്രമായ ചിത്രവേല ആ മതിലിന്നു മുഴുവൻ അഴക കൂട്ടി. ഇവയെല്ലാം ഇന്നു നാമാവശേഷമായിരിക്കയാണു്.

ബുദ്ധഗയയിലും പ്രാചീനരാജഗൃഹത്തിലും മററു പലേടങ്ങളിലും ശില്പകലയ്ക്കു മാതൃകയായിട്ടുള്ള സ്തംഭങ്ങ

ളും ചൈത്യങ്ങളും വിഹാരങ്ങളും കാണാം. ഇവയിൽ ഒട്ടു മുക്കാലും അശോകൻെറ കാലത്തിൽ നിൎമ്മിക്കപ്പെട്ടവയാണ്. വലിയ സ്തൂപങ്ങൾ ഉള്ളേടങ്ങളിലെല്ലാം ഭിക്ഷുക്കളുടെ വിശ്രമാൎത്ഥം വിഹാരങ്ങളുമുണ്ടായിരിക്കും. പ്രാചീന ഹൈന്ദവഭവനങ്ങളുടെ രീതിയിൽ മദ്ധ്യേ ഒരു അങ്കണവും നാലുഭാഗത്തും നിവസിക്കുന്നതിന്നുള്ള മുറികളുമായിട്ടാണ് സാധാരണമായി വിഹാരനിൎമ്മിതി ചെയ്തത്. അശോകൻെറ കാലത്തിലും അതിൻെറ ശേഷവും നിരവധി വിഹാരങ്ങൾ പ്രാചീനഭാരതത്തിൽ ഉണ്ടായിട്ടുണ്ട്. ചൈത്യങ്ങൾ മിക്കവാറും പൎവ്വതങ്ങളിലോ വലിയ പാറകളിലോ കൊത്തിയുണ്ടാക്കപ്പെട്ടവയാണ്. നിരവധി ഗ്രഹകളും ഭിക്ഷുക്കളുടേയും മററു സന്ന്യാസികളുടേയും താമസസൌകൎയ്യത്തിന്നായി പാറകളിൽ ഉണ്ടാക്കപ്പെട്ടിട്ടുണ്ട്.

പ്രാചീനകാലത്തിലെ ശില്പകലയുടെ മാതൃകകളിൽ ഭാരതീയർ അക്കാലത്തിൽ സുഖസമൃദ്ധിയോടെ ജീവിതം നയിച്ചിരുന്നുവെന്നു മനസ്സിലാക്കാം. ജനങ്ങൾ അന്ന് സ്വതന്ത്രരും സംതൃപ്തരുമായിരുന്നു. ആ വിഗ്രഹങ്ങളിലും ചിത്രങ്ങളിലും അന്നത്തെ ജീവിതചിത്രം പ്രകാശിക്കുന്നു. ബൌദ്ധഭാരതത്തിൽ, വിശേഷിച്ചും അശോകൻെറ കാലത്തിൽ, വിശുദ്ധധൎമ്മപ്രചാരം ഹേതുവായി സമുദായത്തിലെ ഭിന്നഭിന്നവ്യക്തികൾ ഐകമത്യത്തോടെ വസിച്ചിരുന്നു. ഈ സംഗതി ഭാൎഹുത്തിലേയും സാംചിയിലേയും സ്തൂപങ്ങളുടെ ചുററുമുള്ള പരിവേഷ്ടനങ്ങളിലും ചിത്രവേലകളിലും തെളിഞ്ഞുകാണാം. ആ ചിത്രങ്ങളിൽ സജീവതയും സരളതയും സൌമ്യതയും സമ്മോഹനമാംവണ്ണം സമ്മേളിച്ചു.

എന്നാൽ ഒരു പ്രത്യേകസംഗതി ഇവിടെ എടുത്തു പറയേണ്ടതായുണ്ട്. അശോകൻെറ കാലത്തിൽ നിർമ്മിക്കപ്പെട്ടതായ യാതൊരു ബുദ്ധപ്രതിമയും ഇന്നേവരെ ലഭിച്ചതായി അറിയുന്നില്ല. ഗൌതമബുദ്ധൻെറ നിർവ്വാണത്തെ അതിൻെറ യഥാർത്ഥരൂപത്തിൽ ധരിച്ച പ്രാചീന ബൌദ്ധപണ്ഡിതന്മാർ ആ മഹാപുരുഷൻെറ ജഡവിഗ്രഹനിർമ്മാണത്തിൽ ഉത്സുകരായില്ല എന്നതായിരിക്കാം അതിന്നു കാരണം. ബുദ്ധദേവൻെറ അസ്തിത്വത്തെ ചില ചിഹ്നങ്ങളെക്കൊണ്ടായിരുന്നു അന്ന് അവർ സൂചിപ്പിച്ചിരുന്നത്. ബോധിദ്രുമം, ധർമ്മചക്രം, സ്തൂപം എന്നിവയായിരുന്നു ആ ചിഹ്നങ്ങൾ. ബോധിവൃക്ഷം സിദ്ധാർത്ഥൻെറ ബുദ്ധപദപ്രാപ്തിയേയും ധർമ്മചക്രം ആ മഹാത്മാവിൻെറ ധർമ്മപ്രചാരത്തിൻെറ ആരംഭത്തേയും സ്തൂപം ആ പരമഹംസൻെറ പരിനിർവ്വാണത്തേയും സൂചിപ്പിച്ചു. കനിഷ്കൻെറ കാലത്തിൽ (ഏ. ഡി. 78—120) മഹായാനപ്രസ്ഥാനം ആവിർഭവിച്ചതോടുകൂടിയാണ് ബുദ്ധപ്രതിമകൾ ആദ്യമായി നിർമ്മിക്കപ്പെട്ടത്. ആ കാലത്തിലെ സംഭവവികാസങ്ങൾ ഈ പരിണാമത്തിന്നു സഹായകമായിത്തീർന്നിരിക്കണം.

അറംഗസീബിൻെറ നിര്യാണത്തോടുകൂടി മുഗിള സാമ്രാജ്യം ഛിന്നഭിന്നമായിത്തീർന്നതുപോലെ അശോകൻെറശേഷം മൌര്യസാമ്രാജ്യവും താറുമാറായിപ്പോയി. ആ മഹിമ പൂണ്ട മഹാസാമ്രാജ്യത്തിലെ വിദൂരസ്ഥിതങ്ങളായ രാജ്യങ്ങൾ സ്വതന്ത്രങ്ങളായി, പ്രത്യേകം രാജാക്കന്മാരുടെ കീഴിൽ ഭിന്നിച്ചുനിന്നു. സാമ്രാജ്യഘടന ഈ വിധത്തിൽ ശിഥിലമായിപ്പരിണമിച്ചപ്പോൾ യവനരാജാക്കന്മാർ പഞ്ചാബിനെ ആക്രമിച്ച്, അവരുടെ നഷ്ടമായ അധികാരത്തെ പുനഃസ്ഥാപിച്ചു.

ഇങ്ങനെ പശ്ചിമോത്തരസീമാപ്രാന്തങ്ങളും പഞ്ചാബും യവനന്മാരുടെ ആധിപത്യത്തിൽ രണ്ടരനൂററാണ്ടോളം കഴിഞ്ഞുകൂടി. അനന്തരം അവരുടെ ശക്തിയും ക്ഷയിച്ചു. അപ്പോഠം കുശാനരാജാക്കന്മാർ യവനന്മരെ കീഴടക്കി, രണ്ടു ശതാബ്ദത്തോളം ഭാരതത്തിൽ വാഴ്ചനടത്തി. വിദേശീയരായ യവനരുടേയും കുശാനരുടേയും ഭരണകാലത്തിൽ ഭാരതത്തിലെ പ്രാചീനശില്പകലയിൽ ഒരു നവീനപരിവത്തനമുണ്ടായി. ഇക്കാലത്തിലെ പ്രതിമകളിൽ യവനന്മാരുടെ പ്രഭാവം പ്രകടമായിക്കണ്ടു. അവരുടെ സൂയ്യദേവതയായ അപ്പോളോവിൻെറ ഏകദേശച്ഛായയിൽ അസംഖ്യം ബുദ്ധവിഗ്രഹങ്ങഠം പ്രത്യക്ഷപ്പെട്ടുതുടങ്ങി. ബൌദ്ധസംഘടന മഹായാന, ഹീനയാനം എന്നീ രണ്ടുപക്ഷങ്ങളായിപ്പിരിയുകയും ആകഷ്കമായ ബുദ്ധപ്രതിമയെ മഹായാനബൌദ്ധന്മാർ ആരാധിച്ചുതുടങ്ങുകയും ചെയ്തു.

അശോകൻെറ അനന്തരകാലത്തിലുള്ള ശില്പകലയെ ഗാന്ധാരശില്പകലയെന്നും കുശാനശില്പകലയെന്നും രണ്ടായി വിഭജിക്കാം. പശ്ചിമോത്തരഭാരതത്തിൻെറ അതിർത്തിയിൽ സ്ഥിതിചെയ്ത പ്രാചീനഗാന്ധാരദേശം പ്രശസ്തിപൂണ്ട ഒരു ദേശമായിരുന്നു. കൌരവന്മാരുടെ വന്ദ്യമാതാവായ ഗാന്ധാരി ഈ ദേശത്തിലെ രാജപുത്രിയാണല്ലൊ. ആധുനികപെഷവാർജില്ലയും കാബൂഠം, സ്വാത്ത്, ബുനേര, സിന്ധു, ഝലം എന്നീ നദികളുടെ ഇടയിൽ കിടക്കുന്ന പ്രദേശവും തക്ഷശിലാവിഭാഗവും അടങ്ങിയതായിരുന്നു ആ വിഖ്യാതദേശം. ഇവിടെക്കാണുന്ന വിഗ്രഹങ്ങഠം എല്ലാംതന്നെ ബുദ്ധധമ്മത്തെ സ്പശിക്കുന്നവയാകുന്നു. ജൈനരുടേയോ ഹൈന്ദവരുടേയോ യാതൊരു

പ്രാചീനവിഗ്രഹവും ഈ ദേശത്തിൽ ഉണ്ടായിരുന്നില്ലെന്നാണ് അറിയുന്നതു്.

ഗാന്ധാരശില്പകലയെ 'ഗ്രീക്കോബുദ്ധിസ്റ്റ് ശില്പകല' യെന്നും പറയാറുണ്ട്. കാരണം, ബൌദ്ധധർമ്മത്തെ സംബന്ധിച്ച വിഷയങ്ങളെ ആശ്രയിച്ചാണ് യവനന്മാരുടെ ശില്പകല ഇവിടെ വികസിച്ചതു്. ഈ കലയുടെ ഉത്തമമാതൃകകൾ കനിഷ്കൻെറയും ഹുവിഷ്കൻെറയും കാലത്തിലാണ് കാണുക. ഐതിഹാസികപരമായും ഈ ശില്പകലയ്ക്കു വലിയ മഹത്വം കല്പിക്കുന്നുണ്ട്. ഗാന്ധാരകലയിൽ എ. ഡി. ഒന്നും രണ്ടും മൂന്നും, നൂററാണ്ടുകളിലെ ചരിത്രം കളിയാടുന്നു. ആ വിഗ്രഹങ്ങളിലും ചിത്രവേലകളിലും അന്നത്തെ സാമുദായികവും ധാർമ്മികവുമായ നാഗരികത നമ്മുടെ മുമ്പാകെ നൃത്തംവെക്കുന്നതായി ത്തോന്നും. ലാഹോർ, പെഷവാർ, കൽക്കത്ത എന്നീ വൻനഗരങ്ങളിലെ അപൂർവ്വവസ്തുപ്രദർശനശാലകളിൽ ആ ശില്പകലയുടെ മാതൃകകൾ സംരക്ഷിതമായ നിലയിൽ ഇന്നും നമുക്കു കാണാം. ലണ്ടൻ, ബർളിൻ, വിയന്ന മുതലായ പാശ്ചാത്യകേന്ദ്രങ്ങളിലും ഈ പ്രാചീനശില്പകല പ്രദർശിപ്പിക്കപ്പെടുന്നുണ്ട്.

ഗാന്ധാരകലയിൽ ശ്രീബുദ്ധനെ യുവാവസ്ഥയിലാണ് സാധാരണമായി കാണുന്നതു്. ശിരസ്സിൽ ഉഷ്ണീഷമെന്ന ജടാജൂടവും പുരികങ്ങളുടെ മദ്ധ്യത്തിൽ 'ഊർണ്ണം' എന്ന ചുഴിയും ബുദ്ധപ്രതിമയിൽ ഉണ്ടായിരിക്കും. ഇരിക്കുന്നതും നില്ക്കുന്നതുമായ പ്രതിമകൾ കാണാം. ധ്യാനമുദ്രയിലും ഭൂമിസ്പർശമുദ്രയിലും ധർമ്മചക്രമുദ്രയിലുമാണ് ഇരിക്കുക. ധ്യാനമുദ്രയിൽ സമാധിസ്ഥനായി മടിയിൽ കൈകൾ രണ്ടും വെച്ചിരിക്കും. ദക്ഷിണകരംകൊണ്ടു ഭൂമിയെ



ബുദ്ധൻ (ഗാന്ധാരകല)

സ്പർശിച്ച് സാക്ഷിയേപ്പോലെ ഇരിക്കുന്നതാണ് ഭൂമിസ്പർശ് മുദ്ര. കൈകരം വക്ഷസ്സുവരെ ഉയൎത്തി ഉപദേശം ചെയ്തുകൊണ്ടിരിക്കുന്ന നിലയിലാണ് ധൎമ്മചക്രമുദ്രയിൽ ഇരിക്കുക. നില്ക്കുന്നതു മിക്കവാറും അഭയമുദ്രയിലായിരിക്കും. അതിൽ ദക്ഷിണകരം വക്ഷസ്സുവരെ ഉയൎത്തി ഈ വിശ്വത്തിന്ന് അഭയദാനംചെയ്യുന്നതുപോലെയാണ് നില്പ്.

ബുദ്ധപ്രതിമയുടെ ഇടവും വലവും അഥവാ ഒരു വശത്തു ബോധിസത്വന്മാരുടെ വിഗ്രഹങ്ങളും ഉണ്ടാകാറുണ്ട്. ബോധിസത്വന്മാർ മഹായാനബൌദ്ധരുടെ സങ്കല്പസൃഷ്ടിയാണ്. ബുദ്ധപദപ്രാപ്തിക്ക് അടുത്തു മുമ്പുള്ള ജന്മമത്രേ ബോധിസത്വൻേറതു്. ബുദ്ധനെ സന്യാസിവേഷത്തിലും ബോധിസത്വനെ സുന്ദരവസ്ത്രങ്ങളാലും മുകടാദ്യലങ്കാരങ്ങളാലും വിഭൂഷിതനായി ഒരു രാജാവിനേപ്പോലെയുമാണ് കാണുന്നതു്. സ്കന്ധങ്ങൾ മൂടിക്കൊണ്ടു് ഒരു മേലങ്കി പാദങ്ങൾവരെ എത്തുന്നതു ബുദ്ധവിഗ്രഹത്തിൻേറയും ഒരു സ്കന്ധം തുറന്നനിലയിൽ ദേഹം മറച്ചിരിക്കുന്നതു ബോധിസത്വവിഗ്രഹത്തിൻേറയും വിശേഷതയാണ്.

ബോധിസത്വന്മാർ അനവധിയുണ്ടെങ്കിലും അവലോകിതേശ്വരൻ, മംജുശ്രീ, മാരീചി, വജ്രപാണി, മൈത്രേയൻ എന്നീ അഞ്ചു പേരാണ് അവരിൽ പ്രധാനികൾ. വലത്തെ കൈ വരദമുദ്രയിൽ ഉയൎത്തിപ്പിടിച്ചും ഇടംകൈയിൽ കമലപുഷ്പം ധരിച്ചുമാണ് അവലോകിതേശ്വരൻേറ നില്പ്. ദക്ഷിണഹസ്തത്തിൽ ഖഡ്ഗമേന്തി ഭയാനകമാംവണ്ണം മംജുശ്രീ സ്ഥിതിചെയ്യുന്നു. സപ്തവരാഹങ്ങളുടെ പുറത്തു സവാരിചെയ്യുന്ന നിലയിൽ മാരി

ചിയേയും വലംകൈയിൽ വജ്രവുമായി വജ്രപാണിയേയും അഭയദാനമുദ്രയിൽ മൈത്രേയനേയും കാണാം.

പ്രാചീനവൈദികദേവതളെ പുതിയ വേഷത്തിലും മോടിയിലും ബോധിസത്വന്മാരായി രംഗപ്രവേശം ചെയ്യിക്കുകയാണ് മഹായാനബൌദ്ധന്മാർ ചെയ്തിട്ടുള്ളതെന്നു പറയാം. വിഷ്ണുവിനെ അവലോകിതേശ്വരനായും ബ്രഹ്മാവിനെ മഞ്ജുശ്രീയായും സൂര്യ്യനെ മാരീചിയായും ശക്രനെ വജ്രപാണിയായും അദ്ദേഹത്തിൻെറ സ്വൎഗ്ഗത്തെ ത്രയസ്ത്രിംശദ്ധാമമായും അവർ കല്പിച്ചു. ഇനി അവതരിക്കാൻപോകുന്ന ബുദ്ധനാണത്രെ മൈത്രേയൻ. ശക്രൻ, വിഷ്ണു, ബ്രഹ്മാവ്, നാരായണൻ എന്നീ ദേവതകളുടെ സങ്കല്പം ഹീനയാനബൌദ്ധരുടെ ഇടയിലും കാണാം.

ഗാന്ധാരദേശത്തിലെ പ്രതിമകളിൽ ബുദ്ധഭഗവാൻെറ ജീവിതത്തിലെ പ്രധാനഘടനകൾ മനോമോഹനമാംവണ്ണം ചിത്രണംചെയ്തിട്ടുണ്ട്. പവിത്രചരിതയായ മായാദേവി ശയിക്കുന്നതും ഷാഡ്ദന്തിയായ ഒരു ശ്വേതഹസ്തി സ്വൎഗ്ഗത്തിൽനിന്നിറങ്ങിവന്നു് ആ ദേവിയുടെ നികടത്തിൽ ചെല്ലുന്നതും, സിദ്ധാൎത്ഥൻെറ ജന്മത്തെ സൂചിപ്പിക്കുന്നതും ഒരു ഘടനയാണ്. ലുംബിനിയെന്ന ഉപവനത്തിൽ ഒരു സാലദ്രുമത്തിൻെറ ശാഖയെ പിടിച്ചുകൊണ്ടു് മായാദേവി ബുദ്ധദേവനെ ഭൂജാതനാക്കുന്നതു മറെറാരു രംഗമാകുന്നു. സിദ്ധാൎത്ഥകുമാരൻ ഗുരുസന്നിധിയിൽ വിദ്യയഭ്യസിക്കുന്നതു് ഒരേടത്തു കാണാം. യുവാവായ ശാക്യസിംഹൻ രമണീയമായ മഞ്ചത്തിന്മേൽ ശയിച്ചുകൊണ്ടു വിശ്വമോഹിനികളായ തരുണീമണികളുടെ വാദ്യഗാനാദികൾ ശ്രവിക്കുന്നതു മറെറാരേടത്തു് ആരേയും ആകൎഷിച്ചുകൊണ്ടു നിലകൊള്ളുന്നു. സിദ്ധാൎത്ഥൻ അരമനയെ പരി

ത്യജിച്ച് വനത്തിലേക്കു പോകുന്ന ദൃശ്യം കണ്ടാൽ കരഞ്ഞുപോകും. ഉഗ്രതാപസനായി, ആഹാരനിദ്രാദികൾ വെടിയുകയാൽ ദേഹം വെറും അസ്ഥിപഞ്ജരമായിബ്ഭവിച്ച ആ രാജപുത്രനെ കണ്ണുനീർ വാർക്കാതെ കാണുക സാദ്ധ്യമല്ല. മാരനും അപ്സരസ്ത്രീകളും ആ മഹാപുരുഷനെ പരാജയപ്പെടുത്തുവാൻ വിഫലപരിശ്രമം ചെയ്യുന്നത് രസകരമായ ഒരു രംഗമാകുന്നു. ബോധിവൃക്ഷത്തിൻെറ ചുവട്ടിൽ സ്ഥിതിചെയ്തുകൊണ്ട് ആ മഹാത്മാവ് പരമപദത്തെ പ്രാപിക്കുന്നതു വിസ്മയജനകമാംവണ്ണം കൊത്തിവെച്ചിരിക്കുന്നു. ബുദ്ധദേവൻ തൻെറ ആദ്യത്തെ അഞ്ചു ശിഷ്യന്മാക്കു ധമ്മോപദേശംചെയ്യുന്നതുംബുദ്ധദശ്നാത്ഥം ഇന്ദ്രൻ വരുന്നതും മററും ഹൃദയം കവരുമാറു ചിത്രണം ചെയ്തിട്ടുണ്ട്.

കുശാനരാജാക്കന്മാരുടെ കാലത്തിൽ മദ്ധ്യഭാരതത്തിൽ വളൎന്നുവന്ന ശില്പകലയാണ് കുശാനശില്പകലയെന്നു പ്രസിദ്ധമായത്. (ഉത്തര) മഥുര, സാരനാഥം, അമരാവതി എന്നീ നഗരങ്ങൾ ഈ കലയുടെ കേന്ദ്രങ്ങളായി സ്ഥിതിചെയ്തു. ഗാന്ധാരശൈലിയിൽനിന്നു ഭിന്നമായും ഭാരതീയഭാവങ്ങളുമായി കൂടുതൽ ഇണങ്ങിയും വികസിച്ചുവന്ന ഈ ശില്പകലയിലും ഗാന്ധാരകലയുടെ ചില അനുകരണങ്ങൾ കാണാം. ഗാന്ധാരദേശവും കുശാനരാജാക്കന്മാരുടെ അധീനതയിൽ ആയിരുന്നതുകൊണ്ട് അവിടെയുള്ള വിദഗ്ദ്ധരായ കലാകാരന്മാർ ഇവിടങ്ങളിലും എത്തിയിരിക്കാമല്ലൊ. യവനകലയുടെ പ്രഭാവമില്ലാതെയും സ്വദേശീയഭാവങ്ങൾ പ്രകടമായുംകണ്ട ഈ ശില്പകലയെ സ്വദേശികുശാനകലയെന്നും പറയാറുണ്ട്.

അന്ന് മഥുര വിശ്വവിശ്രുതമായ ഒരു നഗരമായിരുന്നു. കുശാനരാജാക്കന്മാരുടെ അനേകം ശിലാലേഖകൾ ഇവിടെ കാണാം. അവയിൽനിന്ന് മഥുരയുടെ മാഹാത്മ്യം സ്പഷ്ടമാകുന്നു. കുശാനവംശപ്രദീപമായ കനിഷ്കമഹാരാജാവിന്റെ ഒരു പ്രതിമ ഇവിടെനിന്നു കിട്ടുകയുണ്ടായി. ദേവത്വം കല്പിക്കാത്ത, ആദ്യത്തെ മാനുഷവിഗ്രഹം അതായിരുന്നുപോൽ. ശുദ്ധസംസ്കൃതത്തിലുള്ള ഒന്നാമത്തെ ശിലാലേഖ കണ്ടെത്തിയതും ഇവിടെയാണ്. കുശാനരാജാവായ വാസിഷ്കന്റെ കാലത്തിലാണ് അതു നിർമ്മിക്കപ്പെട്ടതു്. ജൈനബൌദ്ധഹൈന്ദവമതസ്ഥരുടെ ഒരു വമ്പിച്ച കേന്ദ്രവും തീർത്ഥസ്ഥാനവുമായിരുന്നു പ്രാചീന മഥുര. മേത്തരം ലോഹിതശില ഇവിടെ ധാരാളമായി കിട്ടിയിരുന്നതുകൊണ്ടു് വളരെ പുരാതനമായ കാലം മുതല്ക്കേ വിഗ്രഹനിർമ്മിതിയിൽ മഥുര വിശ്രുതി നേടി. ഇവിടെ പണിചെയ്യപ്പെട്ട ദേവപ്രതിമകളാണ് അന്ന് ഉത്തരഭാരതത്തിൽ സർവ്വത്ര പ്രചരിച്ചതെന്നു പറയാം.

കുശാനകാലത്തിൽ സാരനാഥം ബൌദ്ധരുടേയും ജൈനരുടേയും സങ്കേതമായിരുന്നു. ഇവരുടെ വകയായി അനവധി ക്ഷേത്രങ്ങളും മഠങ്ങളും അന്നിവിടെ ഉണ്ടായിരുന്നു. പീതശിലകൊണ്ടുള്ള വിഗ്രഹനിർമ്മാണം സാരനാഥത്തിലെ വിശേഷതയാണ്. ഇതേ ശിലകൊണ്ടാണ് ഇവിടത്തെ സുപ്രസിദ്ധമായ സിംഹസ്തംഭവും പണിചെയ്യപ്പെട്ടതു്. എന്നാൽ മഥുരയിൽ നിർമ്മിക്കപ്പെട്ട അനവധി ദേവവിഗ്രഹങ്ങൾ ഇവിടെയും കാണാം.

കൃഷ്ണാനദിയുടെ തീരത്തിൽ സ്ഥിതിചെയ്യുന്ന അമരാവതിയും അന്നൊരു ശില്പകലാകേന്ദ്രമായിരുന്നു. ഇവിടെ വീണുകിടന്ന ഒരു സ്തൂപത്തിന്റെ നികടത്തിൽ

ശ്വേതശിലകൊണ്ടുള്ള പല വിഗ്രഹങ്ങാം കാണുകയു ണ്ടായി. ഭാരതീയപ്രതിമാശില്പത്തിൻെറ പരമകാഷ്ടയെ സൂചിപ്പിക്കുന്ന വിഗ്രഹങ്ങളാണവയെന്നാണ് മർമ്മജ്ഞ രായ കലാവേദികളുടെ അഭിമതം. ഗാന്ധാരത്തിലേയും മഥുരയിലേയും ശൈലിയോട് ആ പ്രതിമകാംക്കു സാദൃ ശ്യമുണ്ട്. എങ്കിലും ഭാരതീയഭാവപ്രകടനമാണ് അവ യിൽ പ്രധാനമായി കാണുക.

---

# ഒമ്പതാം അദ്ധ്യായം

## അശോകൻെറ ധമ്മലേഖകാം

ഗൌതമബുദ്ധൻ ഏതു ഭാഷയിലാണ് ധമ്മപ്ര ചാരം ചെയ്തിട്ടുണ്ടായിരിക്കുകയെന്ന് അശോകൻെറ ധമ്മ ലേഖകളിൽനിന്ന് അനുമാനിക്കാം. ബുദ്ധൻെറ കാലംതു ടങ്ങി അശോകൻെറ കാലംവരെ ജനങ്ങാം പൊതുവായി സംസാരിച്ചിരുന്ന ഭാഷ ഏതായിരുന്നുവെന്നും ഈ ലേഖ കളിൽനിന്നു വ്യക്തമാകും. അന്ന് ഭാരതത്തിൽ മുഴവൻ പ്രചരിച്ചിരുന്ന പ്രാകൃതഭാഷയിലാണ് അശോകൻ ത ൻെറ ശാസനങ്ങാം വിളംബരപ്പെടുത്തിയത്. ഈ സംഗ തിയിൽ ആക്കും സന്ദേഹവുമില്ല. നമ്മുടെ പാണിനിയും പതഞ്ജലിയും അതേ ഭാഷയെ ആസ്പദമാക്കിയാകുന്നു വ്യാകരണനിമ്മിതി ചെയ്തതും ഭാഷയെ സംസ്കരിച്ചതും. പ്രാചീനബൌദ്ധകാലത്തിൽ സംസ്കൃതം ഒരു പൊതു ഭാഷയായിരുന്നില്ല. അതു ബ്രാഹ്മണരുടേയും പണ്ഡിത ന്മാരുടേയും ഭാഷയായിരുന്നു അതെന്നു പറയാം.

അക്കാലത്തിൽ ഹിമാലയം തുടങ്ങി വിന്ധ്യപവ്വ തംവരെയും സിന്ധുനദി തുടങ്ങി ഗംഗാനദിവരെയും നീ

ണ്ടുകിടന്ന ഉത്തരഭാരതത്തിലെ പൊതുഭാഷ ഒന്നായിരുന്നു. എന്നാൽ ദേശഭേദമനുസരിച്ച് മാത്രം മദ്ധ്യഭാരതത്തിലേയും പൂർവ്വഭാരതത്തിലേയും ഭാഷയിൽ ചില വ്യത്യാസങ്ങൾ കണാം. വെറുംദേശീയമായ മാററം എന്നേ അതിനെ പറഞ്ഞുകൂട. ഉദാഹരണമായി രാജശബ്ദം മദ്ധ്യഭാരതത്തിൽ 'രാജാ' എന്നും പൂർവ്വഭാരതത്തിൽ 'ലാജാ' എന്നുമാണ് പറയപ്പെടുന്നത്. പൂർവ്വഭാരതത്തിലെ ഭാഷയിൽ 'ര' ശബ്ദത്തിന്നുപകരം 'ല' ഉപയോഗിച്ചതാണ് ഇതിന്നു കാരണം. ഇത്തരത്തിലുള്ള ചില വ്യത്യാസങ്ങൾഹേതുവായി പൂർവ്വഭാരതത്തിലെ ഭാഷയെ 'മാഗധി' എന്നും. മദ്ധ്യഭാരതത്തിലേതു് 'ഉജ്ജയിനി' എന്നും തരംതിരിക്കപ്പെട്ടു. പഞ്ചാബിലേയും പശ്ചിമോത്തരപ്രദേശങ്ങളിലേയും ഭാഷയിൽ കൂടുതൽ സംസ്കൃതശബ്ദങ്ങൾ കലന്നിരുന്നു. കൂടാതെ ചില പദങ്ങളുടെ ഘടനയിലും ചില മാററങ്ങളുണ്ടായിരുന്നു. ഉദാഹരണമായി, 'ധമ്മലിപി' എന്ന പദത്തെ മദ്ധ്യഭാരതത്തിലും പൂർവ്വഭാരതത്തിലും 'ധമ്മലിപി' എന്നും പഞ്ചാബിലും പശ്ചിമോത്തരപ്രദേശങ്ങളിലും 'ധ്രമദിപി' എന്നുമായിരുന്നു പറഞ്ഞുവന്നത്. ഇങ്ങിനെയുള്ള ദേശീയവ്യത്യാസങ്ങളെ അനുസരിച്ച് തന്നെയാണ് അശോകൻെറ ധമ്മലേഖകളും എഴുതപ്പെട്ടതു്.

അന്നത്തെ അക്ഷരങ്ങളെക്കുറിച്ചും ഒരു സംഗതി പറയേണ്ടതായുണ്ട്. ഭാരതവഷത്തിൽ ഇന്നേവരേ അറിയപ്പെട്ടിട്ടുള്ള ഏററവും പ്രാചീനമായ അക്ഷരങ്ങൾ അശോകൻെറ ധമ്മലേഖകളിൽ ഉപയോഗിച്ചവയാകുന്നു. ആ രേഖകളിൽ രണ്ടു വ്യത്യസ്തങ്ങളായ അക്ഷരങ്ങളാണ് കാണുന്നതു്. ഒന്നു് അറബി അക്ഷരത്തേപ്പോലെ വലത്തുനിന്നു് ഇടത്തോട്ട് എഴുതുന്ന ഖരോഷ്ഠി

ലിപിയും മറേറത് ആധുനികദേവനാഗരിലിപിയെ പ്പോലെ ഇടത്തുനിന്നു വലത്തോട്ട് എഴുതുന്ന ബ്രാഹ്മി ലിപിയും ആയിരുന്നു. ബി സി ആറും അഞ്ചും ശതകങ്ങളിൽ പഞ്ചാബും പശ്ചിമോത്തരപ്രദേശങ്ങളും പാരസികരാജാക്കന്മാരുടെ ആധിപത്യത്തിൽ ആയിരുന്നതുകൊണ്ട് ഖരോഷ്ഠിലിപി ഈ പ്രദേശങ്ങളിൽ പ്രചരിക്കയാൽ ഇവിടെയുള്ളവർക്ക് ആ ലിപി സുപരിചിതമായിത്തീർന്നു. തന്നിമിത്തം ഈ ഭാഗങ്ങളിൽ കാണുന്ന അശോകൻെറ ധമ്മലേഖകൾ ഖരോഷ്ഠിലിപിയിലാണ് എഴുതപ്പെട്ടതു്. ശാഹബാജഗാറ, മാനസേഹര മുതലായ സ്ഥലങ്ങളിൽനിന്നാണ് ഇത്തരം ലേഖകൾ കണ്ടുകിട്ടിയതു്. ഭാരതത്തിൻെറ ഇതരഭാഗങ്ങളിലെല്ലാം ബ്രാഹ്മീലിപിയിലാണ് അശോകശാസനങ്ങൾ കാണുന്നതു്.

അശോകൻെറ ധമ്മലേഖകളെ മൂന്നുതരത്തിൽ പെടുത്താം. (1) ശിലാലേഖകൾ (2) സ്തംഭലേഖകൾ (3) ഗുഹാലേഖകൾ. ശിലാലേഖകളിൽ രണ്ടു വിഭാഗങ്ങളുണ്ടു്; ലഘുശിലാലേഖകളും ചതുർദശശിലാലേഖകളും. ഇങ്ങിനെതന്നെ സ്തംഭലേഖകളിലും ലഘുസ്തംഭലേഖകളും സപ്തസ്തംഭലേഖകളുമുണ്ടു്.

<u>ലഘുശിലാലേഖകൾ</u>:—ലഘുശിലാലേഖകളിൽ മൂന്നെണ്ണമാണ് ആദ്യമായി അറിവായതു്. അവയിലൊന്ന് ബീഹാർസംസ്ഥാനത്തിൽ ശാഹബാദജില്ലയിലെ ചന്ദാലീർ കുന്നിന്മേൽ സ്ഥിതിചെയ്യു. ഈ സ്ഥലം ഇന്ന് മാഹമ്മദരുടെ ഒരു പുണ്യസ്ഥാനമായി മാറിയിരിക്കയാണ്. അശോകൻെറ കാലത്തിൽ ഇതു് ഹൈന്ദവരുടെ ഒരു പുണ്യതീർത്ഥമായിരുന്നുപോൽ. മററൊന്ന് മദ്ധ്യസംസ്ഥാനത്തിൽ ജബൽപൂർജില്ലയിലെ കൈമൂർ

കുന്നുകളുടെ അടിവാരത്തിൽ രൂപനാഥമെന്ന സ്ഥലത്തിലാണ് കാണപ്പെട്ടത്. ഇവിടെ ഹിന്ദുക്കളുടെ ഒരു പുരാതനമായ പുണ്യക്ഷേത്രം സ്ഥിതിചെയ്യുന്നു. രാമലക്ഷ്മണന്മാരുടേയും സീതയുടേയും പേരിൽ മൂന്നു പുണ്യതീർത്ഥങ്ങളും ക്ഷേത്രസന്നിധിയിൽ കാണാം. രാജപുത്താനയിൽ പ്രാചീനപ്രശസ്തിയാർന്ന ബൈരട്ട് എന്നൊരു സ്ഥലമുണ്ട്. അതിന്റെ സമീപത്തിലുള്ള ഒരു കുന്നിൻചുവട്ടിലാണ് മൂന്നാമത്തെ ലഘുശിലാലേഖ കണ്ടുകിട്ടിയത്. പാണ്ഡവന്മാർ അവരുടെ വനവാസത്തിന്റെ അന്തിമദശയിൽ ഈ കുന്നിൽ അജ്ഞാതവാസം ചെയ്തിരുന്നുപോൽ. മൈസൂരിലെ ചിത്തൽദുർഗ്ഗ്ജില്ലയിൽ എ. ഡി 1892ൽ കണ്ടുകിട്ടിയ ലഘുശിലാലേഖകൾ സിദ്ധാപുരം, ജതിംഗരാമേശ്വരം, ബ്രഹ്മഗിരി എന്നീ സ്ഥലങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. ധർമ്മത്തിന്റെ ഒരു സംക്ഷിപ്തവിവരണമാകുന്നു ഈ ലേഖകളുടെ ഉള്ളടക്കം. മൈസൂർ അശോകസാമ്രാജ്യത്തിൽ പെട്ടിരുന്നുവെന്ന് ഇവ സൂചിപ്പിക്കുന്നു. നൈസാമിന്റെ രാജ്യത്തിൽച്ചേർന്ന റെയിച്ചൂർ ജില്ലയിലെ മാസ്കി എന്ന സ്ഥലത്ത് എ. ഡി 1915ൽ കണ്ടെത്തിയ ലഘുശിലാലേഖയാണ് മറ്റൊന്നു. ഈ ലേഖയിൽ പ്രിയദർശിയുടെ സ്ഥാനത്ത് അശോകൻ എന്നുതന്നെ എഴുതിയതായിക്കാണുന്നു.

<u>ചതുർദശശിലാലേഖകൾ</u>:— അനുക്രമസംഖ്യയുള്ള ഈ ലേഖകൾ മുഴുവനും ഏഴു പ്രത്യേകസ്ഥലങ്ങളിൽ കാണപ്പെടുകയുണ്ടായി. ഭാഷയെസ്സംബന്ധിച്ചേടത്തോളം ഇവയിൽ ചില ദേശീയഭേദങ്ങൾ ഉണ്ടെന്നിരിക്കിലും ഉള്ളടക്കത്തിൽ വ്യത്യാസമൊന്നുമില്ല. വടക്കുപടിഞ്ഞാറൻഅതിർത്തിപ്രദേശത്തിൽനിന്നു തുടങ്ങുകയാണെങ്കിൽ

ഒന്നാമത്തെ ലേഖാസമൂഹം പെഷവാർജില്ലയിലെ ഷാഹബാജഗാറ എന്ന സ്ഥലത്തിലാണ് കാണുക. ഈ സ്ഥലം പെഷവാറിൽനിന്നു 40 നാഴിക വടക്കുകിഴക്കാണ്. ൧൩ശിലാലേഖയൊഴിച്ചുള്ള എല്ലാ ലേഖകളും 24 അടി നീളവും 10 അടി വീതിയും 10 അടി കനവുമുള്ള ഒരുതരം വെങ്കൽപ്പാറയുടെ കിഴക്കും പടിഞ്ഞാറും വശങ്ങളിലായി എഴുതിയിരിക്കയാണ്. അതേ കുന്നിൻ ചെരുവിൽ ൮0 അടി ഉയരത്തിലായി പശ്ചിമവശം താഴോട്ടു കാണുന്ന നിലയിൽ ൧൩ശിലാലേഖയും പിന്നീടു കണ്ടുപിടിക്കപ്പെട്ടു. മററു ലേഖകളിൽനിന്നു ഇതു 150 അടി അകലേയാണ്. പണ്ടു പോലുഷാ എന്നറിയപ്പെട്ട ഷാഹബാജഗാറ ബൌദ്ധരുടെ ഒരു പ്രധാനതീൎത്ഥസ്ഥാനമായിരുന്നു. അശോകസാമ്രാജ്യത്തിൽപ്പെട്ട യവന സംസ്ഥാനത്തിൻെറ കേന്ദ്രനഗരമായിരുന്നു ഇതെന്നു ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നുണ്ട്.

രണ്ടാമത്തെ ലേഖാസമൂഹം കാണുന്നതു പശ്ചിമോത്തരപ്രാന്തത്തിൽ ഹസാറജില്ലയിലെ മാനസേഹര എന്ന സ്ഥലത്താകുന്നു. അബ്ബട്ടബാദിൽനിന്നു 15 നാഴിക അകലേയാണ് ഈസ്ഥലം. ഇവിടെയുള്ള രണ്ടുപാറകളിന്മേൽ ആദ്യത്തെ 12 ലേഖകളാണ് കൊത്തിവെച്ചിരിക്കുന്നതു്. 13ഉം 14ഉം ലേഖകൾ പ്രത്യക്ഷപ്പെടാതെ ഭൂഗർഭത്തിൽപ്പെട്ടുകിടക്കുകയാണ്. ജനങ്ങൾ വാസംചെയ്തിരുന്ന വല്ലനഗരമൊ ഗ്രാമമോ പണ്ടിവിടെ ഉണ്ടായിരുന്നതായി അറിയുന്നില്ല. എന്നാൽ കാശ്മീരദേശത്തിലെ ഒരു പ്രധാനപുണ്യസ്ഥാനമായ ബ്രേരിയിലേക്കു നയിക്കുന്ന ഒരു പ്രാചീനപാതയെ നോക്കിക്കൊണ്ടാണ് ഈ ലേഖകൾ നില്ക്കുന്നതു്. ഷാഹബാജഗാറിയിൽ കാണുന്നതുപോലെ ൧൩ശിലാലേഖ ഇവിടെ പ്രത്യേക

പാറമേൽ എഴുതീട്ടില്ല; മററു ലേഖകളോടൊപ്പംതന്നെ യാണ് അതും സ്ഥിതിചെയ്യുന്നതു്. പക്ഷെ രണ്ടു സ്ഥലങ്ങളിലും ഈ ലേഖമാത്രം വലിയ അക്ഷരത്തിൽ വ്യക്തമായി എഴുതിയതായിക്കാണാം. വിവിധമതങ്ങളുടെയും ഭിന്നവർഗ്ഗങ്ങളുടെയും പ്രവാഹവും സങ്കലനവും സദാ സംഭവിച്ചുകൊണ്ടിരിക്കുന്ന ഭാരതത്തിൻെറ ഈ അതിർത്തിപ്രദേശത്തിൽ മതമൈത്രിയെ ലക്ഷ്യമാക്കിയെഴുതിയ ഈ ലേഖയ്ക്കു് അശോകമഹാരാജാവ് പ്രാധാന്യം നൽകിയതാവണം.

യമുനാനദി തോൺസ്നദിയുമായി സംഗമിക്കുന്ന സ്ഥലത്തിന്നടുത്തായി, മുസ്സോറിയിൽനിന്നു 15നാഴിക പടിഞ്ഞാറു സ്ഥിതിചെയ്യുന്ന ഒരു വലിയ വെങ്കൽപ്പാറമേലാണ് ചതുർദ്ദശശിലാലേഖകൾ പിന്നെ നാം കാണുന്നതു്. ഈ സ്ഥലം ഐക്യസംസ്ഥാനത്തിൽ ഡേറാഡൂൺ ജില്ലയിലെ കാൽസിയെന്ന ഗ്രാമത്തിൽനിന്നു കേവലം $1\frac{1}{2}$ നാഴിക അകലെയാകയാൽ ഇതിനെ കാൽസി ശിലാശാസനമെന്നും പറയാറുണ്ടു്. പത്തടി നിളവും അത്രതന്നെ ഉയരവുമുള്ള ഈ പാറയുടെ അടിവണ്ണം ഉദ്ദേശം എട്ടടി കാണും. പാറയുടെ തെക്കുകിഴക്കേഭാഗം മിനുസപ്പെടുത്തിട്ടാണ് ശാസനങ്ങൾ കൊത്തിവെച്ചിട്ടുള്ളതു്. കാലപ്പഴക്കത്താലൊ അതു കൊത്തിയുണ്ടാക്കിയ ശില്പിയുടെ അശ്രദ്ധനിമിത്തമോ ഈ ലേഖയുടെ ചില ഭാഗങ്ങൾ അവ്യക്തമായിട്ടാണ് ഇന്നു കാണുന്നതു്. പാറയുടെ വലത്തുവശത്തു് മനോഹരമായി നിർമ്മിച്ച ഒരു ഗജോത്തമവിഗ്രഹം ശ്രീബുദ്ധനെ അനുസ്മരിപ്പിക്കുന്നു. കൊത്തുപണിയുടെ ചില അവശിഷ്ടങ്ങൾ ഇവിടങ്ങളിൽ അങ്ങിങ്ങായിക്കാണാം. പുരാതനമായ ശ്രുഘ്നനഗരത്തിൻെറ സ്ഥാനം ഇ

തിന്നടുത്താണെന്നു ചില ഗവേഷകന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു.

ഏ. ഡി. 1822-ൽ കണ്ണൽടോഡ് കണ്ടെത്തിയ ഗിർനാറിലെ ലേഖകളാണ് അനന്തരം നമ്മുടെ ശ്രദ്ധയെ അർഹിക്കുന്നത്. കത്തിയവാർജില്ലയിൽ ജൂനാഗഡ് നഗരിയുടെ ഒരു നാഴിക കിഴക്കായി ഗിർനാകുന്നിലെക്കുള്ള ഒരു പാതക്കടുത്തുകിടക്കുന്ന ഒരു ഭീമമായ പാറയുടെ വടക്കുകിഴക്കേഭാഗത്താണ് ഈ ലേഖകൾ കൊത്തിയിരിക്കുന്നത്. വളരെക്കാലം സൌരാഷ്ട്രദേശത്തിൻെറ തലസ്ഥാനനഗരമായിരുന്ന ഗിരിനഗരമാകുന്നു ഗിർനാർ. അക്കാലത്തിൽ ശൈവന്മാരുടെ ഒരു തീർത്ഥസ്ഥാനമായി ഈ നഗരം ശോഭിച്ചു. ഇതു് ജൈനരുടേയും ഒരു പുണ്യഭൂമി ആയിരുന്നു. ഇവിടെ പിൽക്കാലത്തുണ്ടായ ഒരു നിബിഡമായ കാനനത്തിൽ ഈ ലേഖാസമൂഹം മറഞ്ഞുകിടക്കുകയായിരുന്നു. ആ വനത്തിൽക്കൂടി ഒരു വഴിവെട്ടുന്ന അവസരത്തിലാണ് ലേഖകൾ പ്രത്യക്ഷമായതു്. മുകളിൽനിന്നു് താഴോട്ടു വരച്ച ഒരു രേഖകൊണ്ടു് പാറയെ രണ്ടായി ഭാഗിച്ചിട്ടാണ് ശാസനങ്ങൾ എഴുതിയിരിക്കുന്നതു്. ഇടത്തുവശം 1-മുതൽ 5-വരെ ലേഖകളും അതിന്നടിയിൽ 13-ാം ലേഖയും വലത്തു് 6 മുതൽ 12 വരെ ലേഖകളും അതിൻെറ ചുവട്ടിൽ 14-ാംലേഖയും കാണാം. മേല്പറഞ്ഞ വഴിയുണ്ടാക്കുന്ന അവസരത്തിൽ പഞ്ചമശിലാലേഖയ്ക്കും ത്രയോദശലേഖയ്ക്കും ചില്ലറ പരുക്കുകൾ പററുകകാരണം അവയുടെ ചില വശങ്ങൾ അടന്നുപോയിരിക്കുന്നു. പതിമൂന്നാം ലേഖയുടെ ചുവട്ടിൽ സർവ്വലോകത്തിന്നും സുഖത്തെ നൽകുന്ന ശ്വേതഹസ്തി എന്നു കൊത്തിവെച്ചിരിക്കുന്നതിൽനിന്നു്, ധൌളിയിലും കാൽസിയിലും കണ്ടതുപോലുള്ള ഒരു ഗജോത്ത

വിഗ്രഹം ഇവിടെയും ഉണ്ടായിരുന്നിരിക്കാമെന്ന് അനുമാനിക്കാം.

ബോമ്പായി സംസ്ഥാനത്തിൽ താണാജില്ലയിലെ സോപ്പാറ എന്ന സ്ഥലത്തു അഷ്ടമശിലാലേഖയുടെ ചില ശകലങ്ങൾ കണ്ടുകിട്ടുകയുണ്ടായി. അതുകൊണ്ടു് ഇവിടെയും ചതുർദ്ദശിലാലേഖകൾ സ്ഥിതിചെയ്തിരിക്കണം. പണ്ടു് ശൂപ്പാരക എന്നറിയപ്പെട്ട ഈ സ്ഥലം ഒരു തുറമുഖവും കച്ചവടകേന്ദ്രവും മാത്രമല്ല, ഹൈന്ദവരുടെ ഒരു പുണ്യസ്ഥാനംകൂടി ആയിരുന്നു.

കലിംഗസംസ്ഥാനത്തിൽ രണ്ടു സ്ഥലങ്ങളിലാണ് ഈ ലേഖകൾ കണ്ടിരിക്കുന്നതു്. അവയിലൊന്നു തോശാലി (ധൌളി) ക്കു സമീപം അശ്വത്ഥാമ എന്ന പാറയിന്മേൽ കൊത്തിവെച്ചിരിക്കയാണ്. ഭുവനേശ്വരത്തിൽനിന്ന് 7 നാഴിക തെക്കായി പുരിജില്ലയിലാണ് ഈ സ്ഥലം. ഇവിടെ ദ്വാദശലേഖയ്ക്കും ത്രയോദശലേഖയ്ക്കും പകരം രണ്ടു് പ്രാന്തീയലേഖകളാണ് സ്ഥലം പിടിച്ചിരിക്കുന്നതു്. ലേഖകളുടെ പിൻഭാഗത്തുകാണുന്ന മേടയിൽ ഒരു ഗജരാജചിത്രം കമനീയമായി കൊത്തിവെച്ചിരിക്കുന്നു. അതിനെ സംരക്ഷിച്ചുകൊണ്ടു് മരംകൊണ്ടുള്ള ഒരു വിതാനവും സ്ഥിതിചെയ്യു.

ഗഞ്ചാംപട്ടണത്തിൽനിന്നു 18 നാഴികയകലെ ഋഷികുല്യ എന്ന പുഴയുടെ കരയിൽ ജൌഗഡ എന്നൊരു സ്ഥലമുണ്ടു്. കലിംഗദേശത്തിലെ രണ്ടാം ലേഖാസമൂഹം അവിടേയാണുള്ളതു്. മൂന്നു ശിലാഖണ്ഡങ്ങളിന്മേലാണ് ഇവിടെയുള്ള ലേഖകൾ എഴുതിയിരിക്കുന്നതു്. പന്ത്രണ്ടാമത്തേയും പതിമൂന്നാമത്തേയും ലേഖകൾക്കു

പകരം ഇവിടെയും പ്രാന്തീയലേഖകളാണ് സ്ഥലം പിടിച്ചിരിക്കുന്നത്.

സപ്തസ്തംഭലേഖകൾ:—സാമ്രാജ്യത്തിൻെറ ഹൃദയത്തിൽത്തന്നെ അശോകസ്തംഭങ്ങൾ സ്ഥിതിചെയ്യുന്നതുകൊണ്ട് വളരേക്കാലം മുമ്പുതന്നെ പാശ്ചാത്യർ സ്തംഭലേഖകളെപ്പററി അറിഞ്ഞിരുന്നു. ഏ. ഡി. 1356ൽ സുൽത്താൻ ഫിറോസ്ഷാ തോപ്രയിൽനിന്ന് കൊണ്ടുവന്നു ഫിറോഷാബാദിൽ സ്ഥാപിച്ച സ്തംഭമാണ് ഇവയിൽ പ്രാധാന്യമർഹിക്കുന്നത്. പ്രാചീനശില്പകലാവിഭാഗത്തിൽ ഈ സ്തംഭത്തേപ്പററി പറഞ്ഞിട്ടുണ്ടല്ലോ. ഇതിന്മേൽ സപ്തസ്തംഭലേഖകൾ മുഴുവനും കാണാം.

ഫിറോസ്ഷാ മീറത്തിൽനിന്നു കൊണ്ടുപോയ അശോകസ്തംഭം ദൽഹിയിലെ വേട്ടക്കൊട്ടാരത്തിൻെറ സമീപത്തിലാണ് സ്ഥാപിതമായത്. ഫിറോക്ക്സീർഷായുടെ വാഴ്ചക്കാലത്തിൽ (ഏ.ഡി. 1713_19) ഇവിടെ സംഭവിച്ച വെടിമരുന്നുശാലയിലെ ഭയങ്കരമായ പൊട്ടിത്തെറികാരണം ഈ സ്തംഭം നിലംപതിച്ചുപോയി. അപ്പോൾ ഇതിൽനിന്നു വേർപെട്ടുപോയ ചില ലേഖകൾ കൽക്കത്തയിലെ കാഴ്ചബങ്ക്ളാവിൽ സംരക്ഷിക്കപ്പെടുകയുണ്ടായി. ഏ. ഡി. 1867ൽ, ഈ ലേഖകൾ ദൽഹിയിലേക്കു തിരികെ അയക്കപ്പെടുകയും ആ ലേഖകളോടുകൂടി സ്തംഭം മുൻസ്ഥാനത്തിൽ സ്ഥാപിക്കപ്പെടുകയും ചെയ്തു.

ഫിറോസ്ഷാ അല്ലഹബാദിൽനിന്നു നീക്കംചെയ്ത അശോകസ്തംഭം ദൽഹിയിൽ ചെങ്കോട്ടയുടെ അടുത്താണ് സ്ഥിതിചെയ്യുന്നത്. ഇതിന്മേൽ സപ്തസ്തംഭലേഖക

ാക്ക പുറമെ രണ്ടു ലഘുസ്തംഭലേഖകാംകൂടി എഴുതപ്പെട്ടിരിക്കുന്നു. സമുദ്രഗുപ്തചക്രവത്തിയുടെ 'പ്രശസ്തി' ലേഖയും ഈ സ്തംഭത്തിന്മേൽ കാണാം.

വടക്കൻബീഹാറിലെ ചമ്പാരൻ ജില്ലയിൽ സപ്തസ്തംഭലേഖകളുള്ള മൂന്നു സ്തംഭങ്ങളുണ്ട്. അവയിലൊന്നു ലോറിയ എന്ന ഗ്രാമത്തിൽ സ്ഥിതിചെയ്യുന്നു. ഇതിൽനിന്ന് ഒരു നാഴികയകലെയായി ഒരു വിഖ്യാതമായ മഹാദേവക്ഷേത്രമുണ്ട്. ദേവദശനാത്ഥം അനവധി ഭക്തന്മാർ ഇവിടെ സദാ പോയിക്കൊണ്ടിരിക്കും. ഇവിടെനിന്നു നേപ്പാളിലേക്കു പോകുംവഴി നന്ദനഗാറയിലെ കീത്തിയേറിയ അശോകസ്തംഭം കാണാം.

ലഘുസ്തംഭലേഖകാം:— അല്ലഹബാദിലെ സ്തംഭത്തിന്മേലുള്ള ലഘുസ്തംഭലേഖകളിലൊന്നു ഭിക്ഷുക്കളെ ശിക്ഷിക്കുന്നതിന്നുള്ള നിർദ്ദേശമടങ്ങിയ ലേഖയും മറേറതു ദ്വിതീയരാജ്ഞിയുടെ ദാനത്തെ കുറിക്കുന്ന ലേഖയുമാണ്. സാംചിയിലും സാരനാഥത്തിലും ഈ ലഘുലേഖകാം കാണാം. സിദ്ധാത്ഥകുമാരൻെറ ജന്മസ്ഥാനത്തിൽ ഉണ്ടാക്കപ്പെട്ട റുമ്മിൻദേയി (ലുംബിനിസ്തംഭവും നിഗ്ലീവ) സാഗരത്തിൻെറ പശ്ചിമതീരത്തിൽ കനകമുനിയുടെ സ്തൂപത്തിന്നരികെ പണിചെയ്ത നിഗ്ലീവസ്തംഭവും സ്മരണീയമാണ്.

ഗുഹാലേഖകാം:— പ്രശസ്തിപൂണ്ട ബാർബറാ ഗുഹകളും നാഗാജ്ജുന ഗുഹയും ഗയയിൽനിന്നു 16നാഴിക വടക്കു കിടക്കുന്ന രണ്ടു കുന്നിന്മേലാണ് നിമ്മിക്കപ്പെട്ടതു്. ഈ കുന്നുകളെ സ്പശിച്ചുകൊണ്ടു ഫൽഗുനദി പ്രയാണംചെയ്യുന്നു. ബാർബറാകുന്നിൽ ഉണ്ടാക്കപ്പെട്ട നാലു ഗുഹകളിൽ മൂന്നെണ്ണവും ആജീവകസന്ന്യാസികാം

ക്കായി അശോകൻ ദാനംചെയ്തതായി അവയിന്മേൽ കാ ണുന്ന ലേഖകൾ തെളിവു നൽകുന്നു.

ഇനി ഓരോ ഇനത്തിലുംപെട്ട ലേഖകളെസ്സംബ ന്ധിച്ച പ്രധാനസംഗതികൾ എടുത്തുപറയാം.

1. ലഘുശിലാലേഖകൾ:- ഇവ രൂപനാഥം ബ്രഹ്മ ഗിരി, മാസ്കി, ബൈരാട്ട് എന്നിവിടങ്ങളിലെ ലഘുശി ലാലേഖകളെന്നു പ്രസിദ്ധമാണ്. ഇവയെല്ലാം പ്രയത്ന ഫലം, ധമ്മപ്രതിപത്തി, സദാചാരതൽപരത മുതലാ യവയെസ്സംബന്ധിച്ചവയും മൂന്നാം അദ്ധ്യായത്തിൽ സൂ ചിപ്പിച്ചവയുമാകയാൽ ഇവിടെ ഉദ്ധരിക്കുന്നില്ല.

2. ചതുർദശശിലാലേഖകൾ:— ഇവയിൽ പ്രഥമ, തൃതീയ, പഞ്ചമ, അഷ്ടമ, ഷോഡശ ശിലാലേഖകളെപ്പ റ്റി മൂന്നാം അദ്ധ്യായത്തിലും ത്രയോദശശിലാലേഖയെ പ്പററി രണ്ടാംഅദ്ധ്യായത്തിലും വിശദമായൊ സംക്ഷിപ്ത മായൊ പറഞ്ഞിരിക്കുന്നതു കാണാമല്ലൊ. ശേഷമുള്ളവ യുടെ സാരം താഴെ കൊടുക്കാം. ദേവാനാം പ്രിയഃപ്രിയ ദശിരാജാ എന്നൊ രാജാ പ്രിയദശി എന്നൊ ആണു് ഈ ലേഖകളിൽ അശോകചക്രവത്തി തന്നെപ്പററി പറയു ന്നതു്.

ദ്വിതീയശിലാലേഖ:— ദേവാനാം പ്രിയഃപ്രിയദശി രാജാ തൻെറ എല്ലാ രാജ്യങ്ങളിലും ചോള, പാണ്ഡ്യ, സ ത്യപുത്ര, കേരളപുത്ര, താമ്രപർണ്ണി (സിംഹളദേശം) എന്നീ സമീപസ്ഥദേശങ്ങളിലും അന്തിയോക്കസ്സ്.എന്ന യവന രാജാവിൻെറയും അദ്ദേഹത്തിൻെറ അധീനതയിലുള്ള സാമന്തരാജാക്കന്മാരുടെയും രാജ്യങ്ങളിലും, എന്നുവേണ്ട സർവ്വത്ര മനുഷ്യർക്കും മൃഗങ്ങൾക്കുംവേണ്ടി ദ്വിവിധമായ

ചികിത്സാവ്യവസ്ഥകൾ ഏർപ്പെടുത്തി മനുഷ്യർക്കും മൃഗങ്ങൾക്കും ആവശ്യമായ ഔഷധങ്ങൾ വേണ്ടുന്ന സ്ഥലങ്ങളിലെല്ലാം നട്ടുപിടിപ്പിച്ചു. പശുക്കളുടേയും മനുഷ്യരുടെയും വിശ്രമ സൌകര്യാത്ഥം നിരത്തുകളിന്മേൽ പിപ്പലവൃക്ഷങ്ങൾ വളത്തുകയും കിണറുകൾ കുഴിപ്പിക്കയും ചെയ്തിരിക്കുന്നു.

<u>ചതുത്ഥശിലാലേഖ:—</u> വളരെക്കാലമായി- വളരെ നൂററാണ്ടുകളായി- പ്രാണിവധം, ജീവിഹിംസ, ജ്ഞാനികളോടും ശ്രമണരോടും ബ്രാഹ്മണരോടും അനാദരവ് ഇവ വദ്ധിച്ചുകൊണ്ടേ ഇരുന്നു. എന്നാൽ ഇന്നു ദേവാനാം പ്രിയ:പ്രിയദശിരാജാവിന്റെ ധമ്മാചരണം ഹേതുവായി രണഭേരിയുടെ ഭയങ്കരശബ്ദത്തിന്റെ സ്ഥാനത്തിൽ ധമ്മഭേരിയുടെ മംഗളധ്വനി മുഴങ്ങിക്കൊണ്ടിരിക്കുന്നു. പലശതം വഷങ്ങളായി (യജ്ഞത്തിൽ) നടന്നുവന്ന ജന്തുനിഗ്രഹവും ജന്തുഹിംസയും ജ്ഞാനികളോടും ശ്രമണരോടും ബ്രാഹ്മണരോടും കണ്ടുവന്ന ശ്രദ്ധയില്ലായ്മയും മാതാപിതാക്കളോടും ഗുരുജനങ്ങളോടും ഉണ്ടായ ഭക്തിക്കുറവും മററുദോഷങ്ങളും പ്രിയദശിയുടെ ധമ്മാചരണത്താൽ ഇല്ലാതായി. ഇങ്ങിനെയും മററു പലവിധേനയും വദ്ധിച്ചുവരുന്ന ധമ്മാചരണം ശ്രേയസ്കരമാകുന്നു. ധമ്മവൃദ്ധിക്കും അധമ്മക്ഷയത്തിന്നുമായി പ്രിയദശി ഇനിയും പരിശ്രമിച്ചുകൊണ്ടിരിക്കും. പ്രിയദശിയുടെ പുത്രപൌത്രപ്രപൌത്രന്മാർ കല്പാന്തംവരെ ധമ്മപ്രചരണവിഷയത്തിൽ ശ്രദ്ധിച്ചുകൊണ്ടിരിക്കട്ടെ! അവർ ധമ്മപരായണരായി ധമ്മാദശങ്ങളെ പ്രചരിപ്പിക്കട്ടെ! എന്തുകൊണ്ടെന്നാൽ ധമ്മാനുശാസനമാണ് സർവ്വോൽകൃഷ്ടേന വത്തിക്കുന്നത്. ആചാരഹീനന്നു ധമ്മാനുഷ്ഠാനം സാദ്ധ്യമല്ല. ധമ്മവൃദ്ധി നാൾക്കുനാൾ വദ്ധിക്കട്ടെ! ഈ ഉദ്ദേശത്തെ മുൻ

നിവൃത്തിയാണ് ഈ ശാസനം എഴുതിയിരിക്കുന്നത്. ഇത് എല്ലാ മനുഷ്യനേയും ധർമ്മവിഷയത്തിൽ നയിക്കുമാറാകട്ടെ! രാജ്യാഭിഷേകം കഴിഞ്ഞ 12വർഷം ചെന്നപ്പോഴാണ പ്രിയദർശി ഈ ലേഖ എഴുതിയതു്. (പ്രജകളെല്ലാം എന്റെ പുത്രരാണ് എന്നു മഹാരാജാവ് പലപ്പോഴും പറയാറുണ്ട്. അതുകൊണ്ടു് ഈ ലേഖയിലെ പുത്രശബ്ദത്തിന്നു പ്രജയെന്നു് അർത്ഥമാകുന്നതിൽ തെറ്റുണ്ടാകയില്ല.)

ഷഷ്ഠശിലാലേഖ:— പ്രിയദർശി പറയുന്നു:— രാജകാര്യങ്ങൾ യഥാക്രമം എല്ലാസമയത്തും നടന്നുകാണാഞ്ഞതു വളരെ നാളായി. പ്രതിവേദകന്മാരിൽനിന്ന് എല്ലാസമയത്തും വൃത്താന്തങ്ങൾ ലഭിക്കുന്നില്ല. അതുകൊണ്ടു്, സ്ഥലകാലവ്യത്യാസമെന്നിയെ എല്ലാപ്പോഴും അതായതു, ഞാൻ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോഴാകട്ടെ, അന്തഃപുരങ്ങളിൽ വിശ്രമിക്കുമ്പോഴാകട്ടെ, ശയനഗൃഹത്തിലൊ, വണ്ടിയിലോ, ഉദ്യാനത്തിലോ. മറപ്പുരയിലൊ ആയിരുന്നാലും വേണ്ടതില്ല, എന്റെ സമീപം പ്രതിവേദകന്മാർക്കു പ്രവേശിക്കാം; പ്രജകളുടെ സ്ഥിതിഗതികളെ സ്സംബന്ധിച്ച സംഗതികൾ ധരിപ്പിക്കാം. പ്രജാക്ഷേമകരങ്ങളായ കാര്യങ്ങൾ എല്ലാപ്പോഴും എവിടെവെച്ചും ചെയ്യുന്നതിൽ തൽപരനാണ് ഞാൻ. ഒരു വ്യക്തിക്കോ നകാര്യത്തിലോ പ്രത്യേകകാര്യനിർവ്വഹണത്തിലോ സ്വയം ആജ്ഞാപിച്ചതിന്റെ ശേഷമോ, അല്ല, മഹാമാത്രന്മാർക്കു ആവശ്യകമായ നിർദ്ദേശം നൽകിയതിന്റെ ശേഷമോ ആ വിഷയത്തെസ്സംബന്ധിച്ച് വിവാദങ്ങൾ ഉൽഭവിക്കുകയൊ മന്ത്രിപരിഷത്തിൽ അതിന്നു സ്വീകൃതി ലഭിക്കാതിരിക്കുകയോ ചെയ്താൽ ഉടൻ ഏതു നിമിഷത്തിലും ഏതുസ്ഥലത്തും എനിക്ക് അതിന്റെ സൂചന നൽ

കേണമെന്ന് ഞാൻ ആജ്ഞാപിക്കുന്നു. എന്തുകൊണ്ടെന്നാൽ, ഞാൻ എത്രതന്നെ പ്രയത്നിച്ചാലും എത്രതന്നെ രാജ്യകാര്യങ്ങൾ ചെയ്താലും എനിക്ക് തൃപ്തിവരുന്നില്ല. എല്ലാ ജനങ്ങളുടേയും ഹിതത്തെ ചെയ്യുന്നത് എന്റെ കർത്തവ്യമായി ഞാൻ കരുതുന്നു. പൊതുജനക്ഷേമം പരിശ്രമംകൂടാതെ സാദ്ധ്യമല്ല സർവ്വജനങ്ങളുടേയും ഹിതത്തെ ചെയ്യുന്ന കാര്യത്തേക്കാൾ ശ്രേഷ്ഠമായി മറെറാരു കാര്യവുമില്ല. ഈ വിശ്വത്തിലെ സകലജീവികളോടും ഉള്ള എന്റെ ഋണത്തിൽ നിന്നു മോചനം ലഭിപ്പാനും അവക്ക് ഐഹികമായും പാരത്രികമായുമുള്ള പരമസൌഖ്യം നൽകുന്നതിന്നുമാണ് ഞാൻ ഇത്രയും പരിശ്രമിക്കുന്നത്. ഈ ധർമ്മലേഖ ചിരസ്ഥിതമാവട്ടെ. എന്റെ പുത്രപൌത്രപ്രപൌത്രന്മാർ എല്ലാ ജനങ്ങളുടേയും സുഖത്തിന്നുവേണ്ടി സർവ്വാത്മനാ പരിശ്രമിക്കട്ടെ! ഈ പരമമായ ഉദ്ദേശത്തോടുകൂടിയാണ് ഈ ലേഖ എഴുതിയതും.

<u>സപ്തമശിലാലേഖ</u>:— എല്ലാ സ്ഥലത്തും എല്ലാ സമ്പ്രദായക്കാരായ മനുഷ്യരും ഒന്നായി വസിക്കട്ടെ! എന്തുകൊണ്ടെന്നാൽ വ്യത്യസ്തരീതികളെ അവലംബിച്ചുപോരുന്ന മനുഷ്യരെല്ലാം സംയമത്തെയും ചിത്തശുദ്ധിയേയും ഇഷ്ടപ്പെടുന്നവരാകുന്നു. പക്ഷെ, ഭിന്നരുചികളായ മനുഷ്യരുടെ ഇച്ഛയും അനുരാഗവും തമ്മിൽ ഐകരൂപ്യമില്ലെന്നു വരാം. അവർ സംപൂർണ്ണമായൊ ആംശികരൂപത്തിലൊ ധർമ്മത്തെ പാലിക്കുന്നുണ്ടാവാം. ദാനം ചെയ്വാൻ കഴിയാത്തവരിലും സംയമം, ചിത്തശുദ്ധി, കൃതജ്ഞത, ദൃഢഭക്തി എന്നിവ ഉണ്ടാകേണ്ടതു് ഏററവും ആവശ്യകമാണെന്നു പ്രിയദർശിരാജാ വിശ്വസിക്കുന്നു.

നവമശിലാലേഖ:—രാജാ പ്രിയദർശി പറയുന്നു:—

ആപത്തു വരുമ്പോഴും പുത്രൻെറയും പുത്രിയുടെയും വിവാഹാവസരത്തിലും പുത്രജന്മകാലത്തും പരദേശത്തിലേക്കുള്ള യാത്രാരംഭത്തിലും ഇതുപോലുള്ള മററവസരങ്ങളിലും ജനങ്ങൾ അനേകപ്രകാരത്തിലുള്ള മംഗളാചരണങ്ങൾ ചെയ്യുന്നു. ഇത്തരം അവസരങ്ങളിൽ സ്ത്രീജനങ്ങൾ കൂടി പല പ്രകാരത്തിലുള്ള ക്ഷുദ്രങ്ങളും നിരർത്ഥകങ്ങളുമായ മംഗളകർമ്മങ്ങൾ ചെയ്യാറുണ്ട്. മംഗളാചരണങ്ങൾ ആവശ്യകങ്ങൾതന്നെ. എന്നാൽ നിഷ്ഫലങ്ങളായ അനുഷ്ഠാനങ്ങളെക്കൊണ്ട് എന്താണ് പ്രയോജനം! ധർമ്മപരമായ മംഗളാചരണങ്ങൾ മഹാഫലപ്രദങ്ങളാണ്. ദാസന്മാരോടും സേവകന്മാരോടും ദയാപൂർവ്വം പെരുമാറുന്നതും ഗുരുജനങ്ങളോട് ആദരവു കാണിക്കുന്നതും പ്രാണിഹിംസ ചെയ്യാതിരിക്കുന്നതും ശ്രമണരെയും ബ്രാഹ്മണരെയും പൂജിക്കുന്നതും ധർമ്മപരമായ മംഗളാചരണവിധികളാകുന്നു. അതുകൊണ്ട് ഓരോ പിതാവും പുത്രനും സഹോദരനും യജമാനനും സ്നേഹിതനും സമീപസ്ഥരും എല്ലാം "ഈ ധർമ്മാചരണം ഉന്നകരമാണ്; ഉദ്ദിഷ്ടഫലപ്രാപ്തിവരെ ചെയ്യേണ്ടതാണ്" എന്നു പറയുന്നവരായിരിക്കണം. ലൌകികകർമ്മങ്ങളുടെ ഫലം സന്ദിഗ്ദ്ധവും ഇഹലോകത്തെസ്സംബന്ധിച്ചതുമത്രെ. എന്നാൽ ധർമ്മാചരണങ്ങൾ ഇഹപരലോകങ്ങളിൽ അളവററ ഗുണങ്ങൾക്കു നിദാനമായിരിക്കും. ധർമ്മാചരണവിധികളെ സശ്രദ്ധം ശ്രവിക്കുകയും അനുഷ്ഠിക്കുകയും ചെയ്യാത്തപക്ഷം മാഹാത്മ്യം കൊണ്ടും യശസ്സുകൊണ്ടും പ്രയോജനമില്ല. അതുകൊണ്ട് സദാ ധർമ്മനിരതരായി മംഗളകർമ്മങ്ങൾ അനുഷ്ഠിക്കുക; അതത്രെ ശ്രേയസ്കരമായിട്ടുള്ളത്.

ദശമശിലാലേഖ:— യശസ്സിനെ പരലോകസുഖത്തെ അപേക്ഷിച്ച് വലിയ ഒരു കാര്യമായി പ്രിയദർശി കരുതുന്നില്ല. വർത്തമാനദശയിലും ഭവിഷ്യത്കാലത്തിലും എന്റെ പ്രജകൾ ധർമ്മത്തെ സേവിക്കുകയും ധർമ്മത്തെ പാലിക്കുകയും ചെയ്യട്ടെ! എന്നാണ് പ്രിയദർശി അഭിലഷിച്ചുകൊണ്ടിരിക്കുന്നത്. പരലോകസുഖത്തിനുവേണ്ടിയാണ് പ്രിയദർശി പരിശ്രമിക്കുന്നതു. എല്ലാ ജനങ്ങളും ആപത്തിൽനിന്നു രക്ഷ പ്രാപിക്കട്ടെ! പാപമാകുന്നു ആപത്തിന്നു കാരണം. ധനിച്ച പരിശ്രമം കൂടാതെ ആർക്കും തന്നെ പുണ്യപ്രാപ്തി സാദ്ധ്യമല്ല. പുണ്യംചെയ്യുന്നതു മഹാന്മാർക്കുകൂടി എളുപ്പമായ കാര്യവുമല്ല.

ഏകാദശശിലാലേഖ:— ധർമ്മദാനത്തേക്കാൾ ശ്രേഷ്ഠമായി മറ്റൊരു ദാനമില്ല; ധർമ്മമൈത്രിയെപ്പോലെ പവിത്രമായ മറ്റൊരു മൈത്രിയില്ല; ധർമ്മോദാരതയെപ്പോലെ മഹത്തായ മറ്റൊരു ഉദാരതയില്ല; ധർമ്മസംബന്ധംപോലെ ഉന്നതമായ മറ്റൊരു സംബന്ധവുമില്ല; എന്നിങ്ങിനെ പ്രിയദർശി ഈ ശിലാലേഖയിൽ വിളംബരംചെയ്തുകൊണ്ടു ധർമ്മവ്യാഖ്യാനം ചെയ്യുന്നു.

ചതുർദശശിലാലേഖ:— ഈ ധർമ്മലേഖകൾ പ്രിയദർശിയുടെ ആജ്ഞാനുസാരം എഴുതപ്പെട്ടവയാകുന്നു. ഇവ ചിലേടങ്ങളിൽ സംക്ഷിപ്തമായും ചില സ്ഥലങ്ങളിൽ മിക്കവാറും വിസ്തൃതമായും മററിടങ്ങളിൽ സവിസ്തരമായും രേഖപ്പെടുത്തിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ എല്ലാ സംഗതിയും എല്ലാസ്ഥലത്തും യോജിക്കുന്നവയായിരിക്കയില്ല. എന്റെ രാജ്യം വളരെ വിസ്തൃതവുമാണല്ലൊ അതുകൊണ്ടു അനേകംലേഖകൾ എഴുതപ്പെട്ടിട്ടുണ്ട്. വീണ്ടും

വീണ്ടും അനവധി ലേഖകൾ എഴുതപ്പെടുന്നതുമായിരിക്കും. വിഷയത്തിൻെറ മാധുര്യം ഹേതുവായി പലതും ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്. ജനങ്ങൾക്ക് അവയിൽ അഭിരുചി ജനിച്ച് അവയെ അനുവർത്തിച്ചുകൊള്ളട്ടെ എന്നുദ്ദേശിച്ചാണ് അങ്ങിനെ ചെയ്തിട്ടുള്ളത്. ചില ലേഖകൾ അപൂർണ്ണങ്ങളായിരിക്കാം. സ്ഥലച്ചുരുക്കമോ കൊത്തുപണിക്കാരൻെറ അശ്രദ്ധയോ മററു വല്ല സംഗതിയോ ആയിരിക്കാം അതിനു കാരണം.

3 പ്രാന്തീയശിലാലേഖകൾ:- ഇവ രണ്ടെണ്ണമാണ്. കലിംഗശിലാലേഖയെന്നും ഇവ അറിയപ്പെടുന്നുണ്ട്. കലിംഗദേശനിവാസികളോടു സർക്കാരുദ്യോഗസ്ഥന്മാർക്കുള്ള കർത്തവ്യത്തെ കുറിക്കുന്ന പ്രഥമശിലാലേഖയിൽ പ്രിയദർശിരാജാ തോശാലിനഗരത്തിലെ മഹാമാത്രന്മാരോട് ആജ്ഞാപിക്കുന്നതു നോക്കുക:- "എൻെറ മതാനുസാരം പല തന്ത്രങ്ങളെക്കൊണ്ടും കർമ്മം ആരംഭിക്കപ്പെടേണ്ടതാണ്. ഫലസിദ്ധിക്കായുള്ള മുഖ്യോപായം ഞാൻ നിങ്ങളോടു പറയാം. നജ്ജനങ്ങളുടെ സ്നേഹപാത്രമായിത്തീരുന്നതിനുവേണ്ടിയാണ് അനേകസഹസ്രം ജനങ്ങളുടെ രക്ഷാഭാരം നിങ്ങളിൽ അർപ്പിച്ചിരിക്കുന്നത്. മനുഷ്യരെല്ലാം എൻെറ പുത്രരാണ്. പുത്രഗണം എല്ലാവിധഹിതത്തോടും സുഖത്തോടുംകൂടി വർത്തിക്കണമെന്നാണ് എൻെറ അഭിലാഷം. ഐഹികവും പാരത്രികവുമായ എല്ലാവിധഹിതവും സുഖവും എൻെറ പുത്രന്മാർക്ക് സിദ്ധിക്കേണമെന്നു ഞാൻ ആശിക്കുന്നു. എന്നാൽ ഈ തത്വത്തെ നിങ്ങൾ പൂർണ്ണരൂപത്തിൽ അറിയുന്നില്ല. ഒരു പക്ഷെ നിങ്ങളിൽ ചിലർ ഈ തത്വം ഗ്രഹിച്ചെന്നുവരാം. എങ്കിലും ആംശികമായല്ലാതെ പൂർണ്ണരൂപത്തിൽ ധ

രിച്ചവർ സുദുർല്ലഭരാണ്. നിങ്ങൾ ഈ കാര്യത്തിൽ ശ്രദ്ധിക്കുക; ഇതു് ഉത്തമമായ നീതിയാകുന്നു. നിരപരാധികൾ കാരാഗാരത്തിൽനിന്നു മോചിതരാകട്ടെ! ന്യായമായ കാരണംകൂടാതെ തടവിൽ ക്ലേശമനുഭവിക്കുന്നവരുണ്ടാവാം. തന്നിമിത്തം അവരെസ്സംബന്ധിച്ച മററു പലക്കും ദുഃഖം നേരിടുന്നു. ഇത്തരം സംഗതികളിൽ സത്യമായ മാർഗ്ഗത്തെ അവലംബിച്ചു നിങ്ങൾ ജാഗ്രതയായി പ്രവർത്തിക്കണം. ഈർഷ്യ, അസൂയ, നിഷ്ഠുരത, പൌരുഷരാഹിത്യം, ആലസ്യം മുതലായ ദോഷങ്ങൾ ഹേതുവായി നിങ്ങൾ പരാജയപ്പെട്ടെന്നുംവരാം. നീതിയുക്തമായ കാര്യത്തിന്റെ വിജയം അക്ഷീണപരിശ്രമത്തിലും ധീരതയിലുമാകുന്നു സ്ഥിതിചെയ്യുന്നതു. ധീരധീരം പ്രവർത്തിച്ചു നിങ്ങൾ മുന്നോട്ടുപോകുവിൻ! എല്ലാമനുഷ്യരും ഇങ്ങിനെ പരിശ്രമിക്കേണ്ടതും ഉന്നതിയെ പ്രാപിക്കേണ്ടതുമാകുന്നു. നീതിയുക്തമായ നിങ്ങളുടെ കർത്തവ്യത്തെ അറിഞ്ഞുകൊണ്ടു പ്രിയദർശിയുടെ ആജ്ഞയെ പരിപാലിക്കുക! — —

പ്രത്യേകപുഷ്യനക്ഷത്രദിനത്തിൽ ഈ ലേഖ ജനങ്ങളെ വായിച്ചുകേൾപ്പിക്കേണം. യുക്തമായ അവസരങ്ങളിലെല്ലാം ഇതു വായിക്കപ്പെടേണ്ടതാണ്. നഗരഭരണത്തിൽ ഏർപ്പെട്ട ഉദ്യോഗസ്ഥന്മാർ നഗരവാസികളെ അകാരണമായി ബന്ധനത്തിൽ വെക്കുകയോ ശിക്ഷിക്കുകയൊ ചെയ്യാതെ ധർമ്മയുക്തമായി ഭരണം നടത്തേണമെന്ന ഉദ്ദേശത്തോടുകൂടിയാകുന്നു ഈ ലേഖ എഴുതപ്പെട്ടതു്.

അഞ്ചിട്ടുവർഷം കൂടുമ്പോൾ ഭരണകർത്താക്കന്മാർ ഈ ധർമ്മനീതിയുടെ നിരീക്ഷണത്തിന്നായി രാജ്യത്തിൽ സർവ്വത്ര സഞ്ചരിക്കണം. സൌമ്യരും ക്രോധരഹിതരും ഒ

യാശീലരുമായ ആ ഉദ്യോഗസ്ഥന്മാർ എൻെറ ആജ്ഞാനുസാരം യുക്തമായി പ്രവർത്തിക്കണം. ഉജ്ജനിയിലെ ഭരണാധിപനായ (രാജ) കുമാരൻ മൂന്നുവർഷം കൂടുമ്പോഴാണ് ഇപ്രകാരം രാജ്യപര്യടനാർത്ഥം ഉദ്യോഗസ്ഥന്മാരെ അയക്കേണ്ടത്. തക്ഷശിലയിലും ഇപ്രകാരംതന്നെ അനുവർത്തിക്കപ്പെടേണ്ടതാകുന്നു

ഈ ശിലാലേഖ കലിംഗരാജ്യത്തിൽ മാത്രമല്ല, തക്ഷശില, ഉജ്ജയിനി, സുവർണ്ണഗിരി എന്നീ പ്രാന്തീയഖണ്ഡങ്ങളിലും എഴുതപ്പെട്ടിരിക്കുന്നതായി അറിയുന്നുണ്ട്.

ദ്വിതീയപ്രാന്തീയശിലാലേഖ:— പ്രഥമലേഖയിലെ കാര്യങ്ങൾ തന്നെയാകുന്നു ഇതിലും എടുത്തുപറയുന്നത്. വിശേഷിച്ച് "സീമാന്തപ്രദേശങ്ങളിലെ ജനങ്ങൾ എന്നെ ഭയപ്പെടാതെ, എന്നിൽ വിശ്വാസമർപ്പിക്കണം. എന്നിൽനിന്നു സുഖമല്ലാതെ ഒരിക്കലും ദുഃഖത്തെ അവർ പ്രാപിക്കയില്ല. ക്ഷമിക്കാൻ കഴിവുള്ളേടത്തോളം അവരുടെ അപരാധങ്ങളെ ഞാൻ പൊറുക്കുമെന്നും അവക്ക് വിശ്വസിക്കാം. എനിക്കുവേണ്ടി അവർ ധർമ്മവിധികളെ അനുസരിക്കുന്നതായാൽ ഇഹലോകത്തിലും പരലോകത്തിലും അവക്ക് സുഖം ലഭിക്കുന്നതായിരിക്കും" എന്നും ഈ ലേഖയിൽ ചക്രവർത്തി അരുളിച്ചെയ്യുന്നു." അതിർത്തിപ്രദേശങ്ങളിലെ ജനങ്ങളുടെ വിശ്വാസം നേടുന്നതിന്നും അവരെ ധർമ്മമാർഗ്ഗത്തിലേക്കു നയിക്കുന്നതിന്നുംവേണ്ടി പ്രിയദർശിരാജാ ഈ ലേഖയിൽ മഹാമാത്രന്മാരോട് ഉപദേശിക്കയും ചെയ്യുന്നു.

4. സംക്ഷിപ്തസ്തംഭലേഖകൾ:— ഇവയെ വിവരിക്കാതെ ഇവയുടെ സംക്ഷിപ്തസാരം മാത്രമാണ് ഈ ഖണ്ഡികയിൽ കൊടുക്കുന്നത്.

സുദൃഢമായ ധർമ്മാനുരാഗം, വിശേഷമായ ആത്മപരിക്ഷ, മഹത്തായ ശുശ്രൂഷ, അവിശ്രമമായ പരിശ്രമം ഇവകൂടാതെ ഐഹികവും പാരത്രികവുമായ ഉദ്ദേശ്യസിദ്ധി സാദ്ധ്യമല്ലെന്നും ഈ കാര്യം ധരിച്ചുകൊണ്ടു ധർമ്മത്തെ അനുസരിച്ചും ധർമ്മത്തെ ലക്ഷ്യമാക്കിയും ഏവരും പ്രവർത്തിക്കേണമെന്നും പ്രഥമസ്തംഭലേഖയിൽ പ്രിയദർശി ശാസിക്കുന്നു.

പാപകർമ്മങ്ങളിൽനിന്നു വിരമിച്ച് സത്യം, ദയ, ദാനം, പവിത്രത മുതലായ വിശിഷ്ടഗുണങ്ങളോടിണങ്ങി സത്കർമ്മം ചെയ്യേണമെന്ന് ദ്വിതീയലേഖയിൽ ചക്രവർത്തി ജനങ്ങളോടാജ്ഞാപിക്കുന്നു.

മനുഷ്യൻ തന്റെ സൽക്കർമ്മത്തെ മാത്രം വീക്ഷിക്കുകയും അതിനെപ്പററി പുകഴ്ത്തുകയും ചെയ്യുന്നു; എന്നാൽ താൻ ചെയ്യുന്ന പാപകർമ്മത്തെപ്പററി അവൻ തിരെ ഓർക്കുന്നില്ല എന്നും മററും തൃതീയസ്തംഭലേഖയിൽ പറയുന്നു.

രജ്ജുകന്മാരുടെ വിപുലമായ അധികാരത്തെ വിവരിക്കുന്നതോടൊപ്പം അവർ ജനങ്ങളുടെ ഹിതത്തേയും സുഖത്തേയും ലക്ഷ്യമാക്കി ധർമ്മാനുസൃതം നിർഭയരായി പ്രവർത്തിക്കേണ്ടുന്നത് അവരുടെ ഒഴിച്ചുകൂടാത്ത കർത്തവ്യമാണെന്നു ചതുർത്ഥസ്തംഭലേഖയിൽ അശോകൻ അനുസ്മരിപ്പിക്കുന്നു.

മൃഗങ്ങളുടേയും പക്ഷികളുടേയും വധനിരോധവും അതിനെസ്സംബന്ധിച്ചു ചില നിബന്ധനകളുമാകുന്നു പഞ്ചമസ്തംഭലേഖയിൽ അടങ്ങിയിരിക്കുന്നത്.

ഷഷ്ഠസ്തംഭലേഖയിൽ, താൻ ധർമ്മലേഖകൾ പരസ്യപ്പെടുത്തിയതു് അവയെ അനുസരിച്ചു ജനങ്ങൾ പാ

പാചരണത്തിൽനിന്നു നിവൃത്തരായി, സ്വസ്വധർമ്മങ്ങളുടെ അഭിവൃദ്ധിക്കായി ഏതെങ്കിലും പ്രകാരത്തിൽ പ്രവർത്തിക്കുമെന്ന ഉദ്ദേശത്തോടുകൂടിയാണെന്നും സ്വന്തം ജനങ്ങളോ സമീപസ്ഥിതരോ വിദൂരദേശവാസികളോ ഏതേതുവിധത്തിലാണ് സുഖജീവിതം നയിക്കുന്നതെന്ന് താൻ വീക്ഷിച്ചുകൊണ്ടിരിക്കുന്നുവെന്നും എല്ലാ സമുദായക്കാരുടേയും യോഗക്ഷേമമാണ് താൻ സദാ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നതെങ്കിലും സ്വധർമ്മത്തെസ്സംബന്ധിച്ച തന്റെ അനുരാഗത്തിനു താൻ മുഖ്യമായ സ്ഥാനം നൽകിയിരുന്നുവെന്നും അശോകൻ രേഖപ്പെടുത്തുന്നു.

സപ്തമസ്തംഭലേഖയിൽ ധർമ്മപ്രചരണാർത്ഥം അശോകൻ ചെയ്ത വ്യവസ്ഥകളുടെ ഒരു സംക്ഷിപ്തവിവരണം കാണാം. നിരന്തരമായ ധർമ്മശ്രവണവും ധർമ്മോപദേശവും ജനങ്ങളെ ധർമ്മമാർഗ്ഗത്തിലേക്കു നയിക്കുന്നതിനു പ്രേരകമായിത്തീരുമെന്നും ധർമ്മസ്തംഭനിർമ്മാണവും ധർമ്മമഹാമാത്രനിയമനവും ധർമ്മപരമായ വ്യവസ്ഥകളും ഈ ഉദ്ദേശത്തെ മുൻനിറുത്തിയാണ് താൻ ചെയ്തിട്ടുള്ളതെന്നും ഈ ലേഖയിൽ മഹാരാജാവ് സൂചിപ്പിക്കുന്നു. മനുഷ്യരുടെയും മൃഗങ്ങളുടേയും സുഖത്തിനുവേണ്ടി നിരത്തുകളിന്മേൽ ഛായാവൃക്ഷനിരകളെ നട്ടുപിടിപ്പിച്ചതും പാന്ഥന്മാരുടെ വിശ്രമാർത്ഥം ആമ്രവാടി, കിണർ, സത്രം, തണ്ണീർപ്പന്തൽ മുതലായവ ഏർപ്പെടുത്തിയതും മററും ഈ ലേഖയിൽ പറയുന്നുണ്ട്.

5. ലഘുസ്തംഭലേഖകൾ:- ഇവ സാരനാഥം, കോശാംബി, സാംചി മുതലായ സ്ഥലങ്ങളിലാകുന്നു എഴുതപ്പെട്ടത്. ബൌദ്ധസംഘടനയിൽ ഭിന്നിപ്പുണ്ടാക്കുന്ന ഭിക്ഷുക്കളെയും ഭിക്ഷുകികളേയും ശിക്ഷിക്കുന്നതിനുള്ള വ്യ

വസ്ഥകളാണ് ഇവയിൽ കാണുക. തീവരകുമാരൻെറ മാതാവായ കാരുവകിരാജ്ഞിയുടെ ദാനത്തെസ്സംബന്ധിച്ച ഒരു ലഘുസ്തംഭലേഖയും പ്രയാഗയിൽ പ്രകാശിതമായിരുന്നു.

6. ഗുഹാലേഖകൾ:—കണ്ടുകിട്ടിയേടത്തോളം ഇവ മൂന്നെണ്ണമാകുന്നു. ഇവയെല്ലാംതന്നെ ആജീവകസന്ന്യാസികൾക്ക് ചക്രവത്തി ദാനംചെയ്ത ഗുഹകളെസ്സംബന്ധിച്ചവയാകുന്നു.

ഇവകൂടാതെ, വേറെയും ചില ധമ്മലേഖകൾ ഉണ്ടെന്നിരിക്കിലും ഗ്രന്ഥവിസ്തരഭയത്താൽ അവയൊന്നും ഇവിടെ ഉദ്ധരിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

---

# പത്താം അദ്ധ്യായം

## ഉപസംഹാരം

അശോകൻെറ ശിലാലേഖകളെ പരിശോധിക്കുന്നതിലും അവയുടെ ശരിയായ അത്ഥം നിണ്ണയിക്കുന്നതിലും പാശ്ചാത്യപണ്ഡിതന്മാർ വമ്പിച്ച പരിശ്രമങ്ങൾ ചെയ്തിട്ടുണ്ട്. എന്നിട്ടും അനേകവശങ്ങൾ ഇന്നും സന്ദേഹാസ്പദമായിട്ടാണ് കിടക്കുന്നത്. പവിത്രചരിതനായ ആ മഹാപുരുഷൻെറ ജീവിതത്തെ അറിയുന്നതിന്ന് ആ ലേഖകൾ ഏററവും സഹായകമാണ്. സമ്രാട്ടിൻെറ സ്വഭാവത്തിൻെറയും പ്രവത്തനങ്ങളുടേയും പ്രതിബിംബപ്രദശകമായ ഒരു ദപ്പണമെന്നപോലെയാണ് അവ സ്ഥിതിചെയ്യുന്നതെന്നു പറയാം. അവയിൽ സവ്വത്ര ധമ്മം കുടികൊള്ളുന്നതുകൊണ്ടാണ് ആ ശിലാശാസനങ്ങൾ ധമ്മലേഖകളെന്നു പ്രകീത്തിതമായത്.

ഇന്നു ധർമ്മമെന്നതു മതമായി പരിണമിച്ചിട്ടുണ്ടെങ്കിലും പ്രാചീനഭാരതത്തിൽ ധർമ്മത്തിന്നു മതമെന്ന കല്പന ചെയ്യപ്പെട്ടിരുന്നില്ല. ഒരു പ്രത്യേകസമ്പ്രദായത്തെയോ നിയമാവലിയേയോ അന്നു ധർമ്മമായി പരിഗണിച്ചിരുന്നുമില്ല. എല്ലാം മതങ്ങളുടേയും ആസ്പദമായ ഈശ്വരനേയോ അവന്റെ സൃഷ്ടിവൈചിത്ര്യത്തെയോ പ്രളയാദികളെയോപററി യാതൊന്നും പറയാതെ, മാതാപിതാക്കന്മാരെ വന്ദിക്കണം, ആചാര്യന്മാരെ പൂജിക്കണം, സംബന്ധികളോടും മിത്രങ്ങളോടും സൗഹാർദ്ദപൂർവ്വം പെരുമാറണം, ഭിന്നഭിന്നസമ്പ്രദായക്കാരോടു നീതിപൂർവ്വം വർത്തിക്കണം, സർവ്വസമുദായമൈത്രിയെ പുലർത്തണം, സത്യം പറയണം, അഹിംസയെ പാലിക്കണം എന്നിങ്ങിനെയുള്ള ധർമ്മതത്വങ്ങളുടെ പ്രകാശനമാണ് അശോകൻ തന്റെ ശിലാലേഖകളിൽ ചെയ്തിട്ടുള്ളതു്.

സത്യഭാഷണവും സൽകർമ്മവും മർത്ത്യലോകത്തിൽ മനുഷ്യനെ ആത്മീയതയിലേക്കു സ്വയം നയിക്കുന്നു എന്ന പരമാർത്ഥം അശോകൻ തികച്ചും അറിഞ്ഞിരിക്കണം. സത്യം ഏററവും ശ്രേഷ്ഠവും ശാശ്വതവുമായ പവിത്രധർമ്മമാകുന്നു. സത്യപാലനവും സൽക്കർമ്മപരായണതയും ഭാരതത്തിലെ ജനങ്ങളിൽ നിലനിന്ന കാലത്തോളം അവർ ശ്രേയസ്സോടെ ജീവിതം നയിച്ചുവന്നു. അന്നു ധനധാന്യപരിപൂർണ്ണമായിരുന്ന ഈ ദേശം ആത്മീയതയിൽ സമന്യദേശങ്ങളുടെയും അഗ്രിമസ്ഥാനത്തിൽ വിജയിച്ചു. അനന്തരകാലത്തിൽ ബഹുമുഖങ്ങളായ വൈദേശികപ്രവാഹത്താലും ആക്രമണങ്ങൾ ഹേതുവായും ഭാരതീയർ സത്യത്തെയും സൽകർമ്മത്തെയും പരിത്യജിച്ചു് ഓരോവിധ ഈശ്വരസിദ്ധാന്തങ്ങളെ അനുബന്ധിച്ചു പരസ്പരം സ്പർദ്ധിച്ചതിന്റെ ഫലമായിട്ടാണ് നമ്മുടെ രാജ്യം അധോഗ

തിയെ പ്രാപിച്ചതും നാം അന്യദേശക്കാരുടെ ദാസന്മാരായിപ്പരിണമിച്ചതും.

പ്രവിശാലമായ ഈ വിശ്വാസത്തിലെ മഹാപുരുഷന്മാരുടെ മുന്നണിയിൽ അശോകൻ ഇന്നും പരിലസിക്കുന്നത് അദ്ദേഹത്തിൻെറ മഹത്ത്വം ഹേതുവായിട്ടാകുന്നു. ആ മാഹാത്മാവ് ഹിന്തുക്കൾക്കു ഹൈന്ദവചക്രവത്തിയും ബൌദ്ധന്മാക്കു ബുദ്ധമതസാവ്വഭൌമനും ആയിരുന്നു. ബൌദ്ധധമ്മത്തെ അവലംബിച്ച ആ മഹാരാജാവു ബുദ്ധമതപ്രചരണം മാത്രമല്ല നിവ്വഹിച്ചത്! എന്നാൽ പ്രാചീനഭാരതീയരുടെ മാതൃമാൻ പിതൃമാൻ ആചാര്യവാൻ പുരുഷോവേദ ഇത്യാദി സത്യസനാതനമന്ത്രങ്ങളുടെ പ്രകാശനത്തെയും നിവ്വിഘ്നം നിറവേററി. ദാസന്മാരെയും സേവകന്മാരെയും വിസ്മരിച്ചില്ല എന്നൊരു സവിശേഷതയും അദ്ദേഹത്തിനുണ്ട്. അവരോടു നീതിപൂർവ്വം പെരുമാറുന്നത് ധമ്മവിധിയിൽ പെടുത്തിയ മററൊരു ചക്രവത്തിയെ ലോകചരിത്രത്തിൽ കാണുന്നതല്ല. ഇത്രയും ഉദാരചിത്തനായ അശോകൻെറ പവിത്രാദശങ്ങൾ ആധുനികനായ ഓരോ ഭാരതീയൻെറയും ഹൃദയദർപ്പണത്തിൽ തങ്കലിപികൊണ്ടു് അങ്കിതപ്പെടുത്തേണ്ടതായുണ്ട്.

പരിശ്രമഫലം വലിയവനെന്നൊ ചെറിയവനെന്നൊ ഭേദമില്ലാതെ എല്ലാവരും ഒരുപോലെ അനുഭവപ്പെടുന്നതാണെന്നും നിരന്തരം പരിശ്രമിക്കേണ്ടതു് ഓരോരുത്തൻെറയും ഒഴിച്ചുകൂടാത്ത കടമയാണെന്നും അശോകൻ ശിലാലേഖകൾമൂഖേന പരസ്യംചെയ്യുന്നു. ധമ്മം എന്താണെന്നു വ്യാഖ്യാനിച്ചുകൊണ്ടു ധമ്മനിഷ്ഠയോടുകൂടി ജീവിതം നയിക്കുവാൻ അദ്ദേഹം ഓരോ മനുഷ്യനോടും ഉപദേശിക്കുന്നു. നിത്യസത്യപ്രകാശനത്തിന്നാണ് ത

ൻെറ സൎവ്വവിധനൈതികശക്തികളെയും ആ മഹാപുരുഷൻ വ്യയംചെയ്തിട്ടുള്ളതു്.

ലോകചരിത്രത്തിൽ അദ്ദേഹത്തിന്നു് എത്രത്തോളം സ്ഥാനമുണ്ടെന്നു നിൎണ്ണയിക്കുവാൻ ആ മഹാൻെറ പ്രവൎത്തനങ്ങളെപ്പററി അല്പമായി ചിന്തിച്ചുനോക്കാം. ഏതൊരു ആദൎശമാകുന്നു അദ്ദേഹത്തിൻെറ കൎമ്മപരിപാടികൾ നിദാനമായി സ്ഥിതിചെയ്തതെന്നും എന്തൊരു ഉദ്ദേശത്തോടുകൂടിയാണു് ആ മഹാരാജാവു് പ്രവൎത്തിച്ചതെന്നും അറിയാതെ, നമുക്കു് അദ്ദേഹത്തെ മനസ്സിലാക്കുക സാദ്ധ്യമല്ല. തൻെറ ഏദയാന്തരാളത്തിൽ കുടികൊള്ളുന്ന വികാരവിചാരങ്ങളെപ്പററി ചക്രവൎത്തി പലപ്പോഴും തുറന്നുപറഞ്ഞിട്ടുണ്ടു്. ഷഷ്ഠശിലാലേഖയിൽ 'സൎവ്വജനങ്ങളുടെയും ഹിതത്തെ ചെയ്യുന്ന കൎമ്മത്തെക്കാൾ ശ്രേഷ്ഠമായി മറെറാരുകാൎയ്യമില്ല. ഈ വിശ്വത്തിലെ സകലജീവികളോടും ഉള്ള എൻെറ ഋണത്തിൽനിന്നു മോചനം ലഭിപ്പാനും അവൎക്കു് ഐഹികമായും പാരത്രികമായുമുള്ള പരമസൌകൎയ്യം നൽകുന്നതിന്നുമാണു് ഞാൻ ഇത്രയും പരിശ്രമിക്കുന്നതു്'' എന്നു പ്രിയദൎശി പറയുന്നതു നോക്കുക. മനുഷ്യഹിതം മാത്രമല്ല, സൎവ്വജീവരാശികളുടേയും ഹിതമാണു് അശോകൻെറ ലക്ഷ്യം. അദ്ദേഹത്തിൻെറ പ്രേമസാമ്രാജ്യത്തിൽ തൻെറ രാജ്യത്തിലുള്ള ജീവജാലങ്ങൾക്കു പുറമെ, സമസ്തവിശ്വത്തിൽ സ്ഥിതിചെയ്യുന്ന അനന്തകോടി പ്രാണികളുമുൾപ്പെടും. തൻെറ രാജ്യത്തിലെ പ്രജകളോടു് എന്നവണ്ണം ലോകത്തിലെ സകല മനുഷ്യരോടും തനിക്കു കടമയുണ്ടെന്നു് അദ്ദേഹം വിശ്വസിക്കുന്നു. പ്രാന്തീയശിലാലേഖകളിലും ഈ ആശയത്തെ പ്രകാശിപ്പിച്ചുകൊണ്ടു് ''മനുഷ്യരെല്ലാം എൻെറ പുത്രരാകുന്നു. പുത്രഗണം എല്ലാംവിധ ഹിതത്തോടും സുഖത്തോടുംകൂടി

വത്തിക്കേണമെന്നാണ് എന്റെ അഭിലാഷം. ഐഹികവും പാരത്രികവുമായ എല്ലാവിധഹിതവും സുഖവും എന്റെ പുത്രന്മാക്ക് സിദ്ധിക്കേണമെന്ന് ഞാൻ ആശിക്കുന്നു." എന്നിങ്ങിനെ അശോകൻ അരുളിച്ചെയ്യുന്നു.

ഇതു വെറും കഥനം മാത്രമല്ല, പരിശുദ്ധസത്യമാണെന്ന് അദ്ദേഹത്തിന്റെ പ്രവത്തനങ്ങൾ നമ്മോടു വിളിച്ചുപറയുന്നു. മനുഷ്യരുടെയും പശുപക്ഷികളുടേയും പൊതുവായുള്ള ശാരീരികസൌഖ്യത്തെ പുരസ്കരിച്ച് എന്തെല്ലാം നവീനവ്യവസ്ഥകൾ അദ്ദേഹം ഏപ്പെടുത്തീട്ടുണ്ടെന്ന് ഇതിനകം നാം അറിഞ്ഞുകഴിഞ്ഞിട്ടുണ്ട്. അപൂവ്വങ്ങളായ ഔഷധികൾ വിദൂരദേശങ്ങളിൽനിന്നും കൊണ്ടുവന്ന് ചികിത്സാലയങ്ങളുടെ ചുററുപാടും വെച്ചുപിടിപ്പിച്ച് ഏവക്കും അവ ക്ഷിപ്രലഭ്യമാക്കിത്തീത്തു എന്ന സംഗതി ആരോഗ്യവിഷയത്തിൽ ഒട്ടും അപ്രധാനമല്ല. മനുഷ്യക്കും മൃഗങ്ങൾക്കുമായുള്ള പ്രത്യേകധമ്മചികിത്സാവ്യവസ്ഥകളും, ധമ്മശാല, വഴിയമ്പലം, കുളം, കിണർ, തോട് മുതലായവയുടെ നിമ്മാണങ്ങളും രാജപഥങ്ങളിൽ പുതുതായി ഉണ്ടാക്കുന്ന ഛായാവൃക്ഷനിരകളും ആരാമങ്ങളും തണ്ണീർപ്പന്തൽ, അത്താണി മുതലായ ഏപ്പാടുകളും എത്രയും സ്തുത്യഹവും പരിഷ്കൃതവുമായ കായ്യങ്ങളാണെന്ന് ആരും സമ്മതിക്കും. ഇത്തരം വ്യവസ്ഥകൾ സ്വസാമ്രാജ്യത്തിലും സമീപസ്ഥരാജ്യങ്ങളിലും വിദൂരസ്ഥിതങ്ങളായ യവനദേശങ്ങളിൽപ്പോലും ഏപ്പെടുത്തുന്നതിന് അശോകൻ പരിശ്രമിച്ചു എന്നറിയുമ്പോൾ വിശ്വപ്രേമത്തെ മുൻനിറുത്തിയുള്ള അദ്ദേഹത്തിന്റെ ആദശങ്ങളിൽ അണുവോളം അസത്യമില്ലെന്നു വ്യക്തമാകുന്നതാണല്ലൊ. തന്റെ ജന്തുഹിംസാനിരോധവിളംബരവും പ്രാണിദ്രോഹനിവാരണവ്യവസ്ഥയും

അശോകന്നു പശുപക്ഷികളോടുള്ള അകളങ്കമായ അനുകമ്പയുടെ പ്രദർശനമാകുന്നു. മാനവസമുദായത്തിൻെറയും മൃഗലോകത്തിൻെറയും ഭൌതികസൌഖ്യപ്രാപ്തിയിൽ അശോകനുണ്ടായിരുന്ന അപ്രതിഹതമായ അഭിനിവേശം ഈദൃശസംഗതികളിൽ സ്പഷ്ടമായികാണാം.

ഇനി ലോകത്തിൻെറ ആത്മീയമായ ഉന്നതിക്കായി പ്രിയദശി എന്തു പ്രവത്തിച്ചുഎന്നു നമുക്കു പരിശോധിക്കാം. അദ്ദേഹത്തിൻെറ പരമലക്ഷ്യം ധമ്മപ്രചരണമാണെന്നും അതിന്നുവേണ്ടി അദ്ദേഹം നിരന്തരം പരിശ്രമിച്ചുകൊണ്ടിരുന്നുവെന്നും നാമറിയുന്നു. ആ ധമ്മം സ്വസാമ്രാജ്യത്തിലെ മനുഷ്യരോടു മാത്രമുള്ളതല്ല, വിശ്വത്തിൽ മുഴവൻ വ്യാപിച്ചുകിടക്കുന്ന മാനവസമുദായത്തിൻെറ സമുന്നതിയെ സംബന്ധിച്ചുള്ളതാകുന്നു. ഈ സംഗതി ആ മഹാൻെറ ധമ്മലേഖകളിൽ തെളിഞ്ഞുകാണുന്നു. ബുദ്ധധമ്മം വിശ്വവ്യാപകമായ ഒരു മതമായി പരിണമിച്ചതു് അശോകൻെറ നാനാപ്രകാരേണയുള്ള പരിശ്രമങ്ങളുടെ പരിണതഫലമായിട്ടാകുന്നു. അദ്ദേഹത്താൽ നിയമിതരായ ധമ്മപ്രബോധകന്മാർ ഏഷ്യാഭൂഖണ്ഡത്തിലെ പ്രധാനരാജ്യങ്ങളിലെല്ലാടവും യൂറോപ്പ്, ആഫ്രിക്ക മുതലായ ഇതരഖണ്ഡങ്ങളിൽ പലേടത്തും എത്തി മാനവലോകത്തിൻെറ നന്മയെ ഉദ്ദേശിച്ചു സദാചാരപരങ്ങളായ ധമ്മതത്വങ്ങളെ പ്രകാശനംചെയ്കയാൽ ലോകത്തിൽമുഴവൻ അഭിനവമായ ഒരു ധമ്മബോധമുളവായി. പടിഞ്ഞാറൻ ഏഷ്യയിൽ അനന്തരകാലത്തു പ്രത്യക്ഷമായ ക്രൈസ്തവമതപ്രചരണത്തിന്നു വഴിതെളിയിച്ചുവെച്ചതു് ഈ ധമ്മപ്രബോധകന്മാരല്ലെന്നു് ആരറിഞ്ഞു!

സപ്തമശിലാലേഖയിൽ മതമൈത്രിയേയും വർഗ്ഗ സൌഹാർദ്ദത്തേയും പുരസ്കരിച്ച് അശോകൻ പരസ്യം ചെയ്യുന്നതു നോക്കുക:—"എല്ലാ സ്ഥലത്തും എല്ലാ സമ്പ്രദായക്കാരായ മനുഷ്യരും ഒത്തൊരുമിച്ചു വസിക്കട്ടെ. എന്തുകൊണ്ടെന്നാൽ, വ്യത്യസ്തരീതികളെ അവലംബിച്ചുപോരുന്ന മനുഷ്യരെല്ലാം സംയമത്തേയും ചിത്തശുദ്ധിയേയും ഇഷ്ടപ്പെടുന്നവരാകുന്നു. പക്ഷെ ഭിന്നരുചികളായ മനുഷ്യരുടെ ഇച്ഛയും അനുരാഗവും തമ്മിൽ ഐകരൂപ്യമില്ലെന്നുവരാം. അവർ സമ്പൂർണ്ണമായോ ആംശികരൂപത്തിലൊ ധർമ്മത്തെ പാലിക്കുന്നുണ്ടാവാം." എന്നിങ്ങിനെയുള്ള വിശ്വമോഹനമായ തത്വരത്നത്തേയും ശാന്തിസന്ദേശത്തേയുമാണല്ലൊ അശോകൻ വിളംബരം ചെയ്യുന്നത്. ഇത്രയും മഹത്തരമായ കറകളഞ്ഞ ആദർശത്തെ പ്രഖ്യാപിച്ച ഒരു ചക്രവർത്തിയെ മറെറാരേടത്തും കാണുക സാദ്ധ്യമല്ല.

ഭാരതചരിത്രത്തിൽ ബൌദ്ധകാലം സർവ്വവിധേനയും ഐതിഹാസികപ്രാധാന്യമർഹിക്കുന്നുണ്ട്. നിരന്തരമായ പല ഗവേഷണങ്ങളുടേയും ഫലമായി ചന്ദ്രഗുപ്തൻെറയും അശോകൻെറയും ചരിത്രം അന്ധകാരാവൃതമായ മറ നീങ്ങി പ്രകാശിച്ചുവരികയാകുന്നു. ഇനിയും പലവശങ്ങളിലും വെളിച്ചം വീശേണ്ടതുണ്ടെങ്കിലും അറിഞ്ഞേടത്തോളം സംഗതികൾകൊണ്ടു ലോകത്തിലെ ചക്രവർത്തിമാരിൽ അദ്വിതീയമായ സ്ഥാനത്തിലാണ് അശോകൻ സ്ഥിതിചെയ്യുന്നതെന്ന തീരുമാനത്തിൽ ചരിത്രകാരന്മാർ എത്തിയിരിക്കയാണ്. അദ്ദേഹത്തിൻെറ പിതാമഹനായ ചന്ദ്രഗുപ്തനെ ഭാരതചരിത്രത്തിലെ ഒന്നാമത്തെ രാജാധിരാജനായിട്ടാകുന്നു ചരിത്രകാരന്മാർ ഗണിച്ചുവരുന്നത്. അതുവരേയുള്ള രാജാക്കന്മാരാരുംതന്നെ

ഇത്രയും വിസ്തൃതമായ ഒരു സാമ്രാജ്യത്തിൻെറ ആധിപത്യം വഹിച്ചിരുന്നില്ല. അക്കാലംവരെ അനേകം രാജാക്കന്മാർ ഇവിടെ ഭരണം നടത്തിയിരുന്നുവെങ്കിലും അവരെല്ലാംതന്നെ ചെറിയ ചെറിയ രാജ്യങ്ങളുടെ നേതൃത്വം മാത്രമേ വഹിച്ചിരുന്നതായി കാണുന്നുള്ളു. അശോകൻെറ സാമ്രാജ്യചന്ദ്രൻ കുറെക്കൂടി വിസ്തൃതമായ ഭൂമണ്ഡലത്തിൽ പ്രകാശം നൽകി. ഇങ്ങിനെ സാമ്രാജ്യവിസ്തൃതിയുടെ ഗണനയിൽ ഭാരതീയചക്രവർത്തിമാരിൽ അദ്വിതീയനാണ് അശോകൻ എന്നതു നിർവ്വിവാദമായ സംഗതിയത്രേ. ഈ കാരണത്താലല്ല, മററു പല വിശേഷതകളേക്കൊണ്ടുമാണ് ആ സാർവ്വഭൌമൻ ലോകചരിത്രത്തിൽ സർവ്വോന്നതസ്ഥാനത്തെ അർഹിക്കുന്നത്.

പ്രാചീനലോകത്തിലെ ചില ചക്രവർത്തിമാരുമായി ചരിത്രകാരന്മാർ അശോകനെ താരതമ്യപ്പെടുത്താറുണ്ട്. റോമചക്രവർത്തിയായ കോൺസ്റ്റൻടായിൻ, ഖലിഫാ ഉമ്മർ ഫറൂക്ക്, സെയിൻറ്പാൾ എന്നിവരാണ് ഇവരിൽ ഗണനീയരായിട്ടുള്ളവർ. സെയിൻറ്പാളുമായി അശോകനെ സാദൃശ്യപ്പെടുത്തുന്നതു യുക്തമല്ല; കാരണം സെയിൻറ്പാൾ ഒരു രാജാവായിരുന്നില്ല; ഒരു മതപ്രബോധകൻ മാത്രമായിരുന്നു. സമരപരിപാടിയോടുകൂടി ക്രൂസ്തീയമതപ്രചരണം ചെയ്ത ഒരു മഹാനായിരുന്ന പാൾ. ക്രൈസ്തവമതചാനവിഷയത്തിലും ആ മതപ്രചാരണസംരംഭത്തിലും പാൾ അദ്വിതീയൻതന്നെ. ക്രൈസ്തവലോകം ആ മഹാനിൽ എന്നും അഭിമാനം കൊള്ളുന്നതുമാണ്. എന്നാൽ സമ്രാട്ട് അശോകൻ മാനവസമുദായസമുന്നതിക്കുവേണ്ടി യാതൊരു സമരവും ചെയ്യാതെ പരിപാവനമായ ശാന്തിസന്ദേശത്തെ അവലംബിച്ചുകൊണ്ടാണ് സർവ്വാംഗസുന്ദരമായ തൻെറ ധർമ്മപ്രചാരണം നിർവ്വഹിച്ചതു്.

മഹാനായ മുഹമ്മദുനബിയുടെ ശേഷം ഇസ്ലാം മതപ്രചരണത്തിനായി ഖലീഫാ ഉമ്മർ ഫറൂക്ക് ചെയ്തിട്ടുള്ള സേവനം അതുല്യമാകുന്നു. ഖലീഫാ ഉമ്മർ ഇസ്ലാം മതത്തിനുവേണ്ടി നിരവധി സമരങ്ങൾ ചെയ്തതായി നാം കാണുന്നു. സ്വമതസ്ഥാപനവിഷയത്തിൽ അദ്ദേഹത്തിന്റെ യോഗ്യതയും അഭിമാനവും ദൃഢതയും മതപ്രേമവും ഏററവും പ്രശംസാർഹമാകുന്നു. മതപ്രചരണാർത്ഥം ആയുധമെടുക്കുന്നതോ യുദ്ധം ചെയ്യുന്നതോ രക്തം ചൊരിയുന്നതോ അദ്ദേഹത്തിന്റെ മതപ്രകാരം നിഷിദ്ധമല്ല; സ്വകർത്തവ്യം മാത്രമായിരുന്നു. ഇസ്ലാമിക ചരിത്രത്തിൽ ഖലീഫാ ഉമ്മർ ഏററവും ശ്രേഷ്ഠനും യോഗ്യനുമായ ഒരു മതഭക്തനാകുന്നു. എന്നാൽ അശോകന്റെ വിശ്വപ്രേമത്തിൽ എല്ലാമതങ്ങൾക്കും സ്ഥാനമുണ്ട്; സർവ്വമതമൈത്രിയോടെയാണ് അദ്ദേഹം തന്റെ ശാശ്വതധർമ്മതത്വങ്ങളെ വിശ്വം മുഴുവൻ പ്രകാശനം ചെയ്തത്.

ഒരു സംഗതികൂടി വ്യക്തമാക്കേണ്ടതായുണ്ട്. റോമചക്രവർത്തിയും ഖലീഫാ ഉമ്മറും മതത്തിന്റെ പേരിലാണ് അവരുടെ സാമ്രാജ്യസൌധത്തെ കെട്ടിപ്പടുക്കുകയും വിപുലപ്പെടുത്തുകയും ചെയ്തത്. എന്നാൽ ബൌദ്ധധർമ്മഗ്രഹണത്തിനുശേഷം ഒരടി ഭൂമിയോ ഒററക്കാശിന്റെ അധികവരവോ അശോകനുണ്ടായിട്ടില്ല. ഭൂലാഭമോ ധനസമ്പത്തോ ആയിരുന്നില്ല അദ്ദേഹത്തിന്റെ ധർമ്മപ്രചരണോദ്ദേശം. അതിലും ഉപരിയായ ആത്മീയധനലാഭത്തെ ലക്ഷ്യമാക്കിയത്രേ അശോകൻ നിരന്തരം പരിശ്രമിച്ചത്. തന്റെ സകലവിധവിഭവങ്ങളും അധികാരശക്തിയും മാത്രമല്ല, തന്റെ ഭ്രാതാക്കളേയും ഭഗിനികളേയും പുത്രികളേയുംകൂടി ധർമ്മപ്രചരണാർത്ഥം അദ്ദേഹം അർപ്പിച്ചു

എന്നു പറയുന്നതിൽ അയുക്തി ലേശമില്ല. എന്നാൽ ഖലീഫാ ഉമ്മറിനുണ്ടായ ഭൌതികവിഭവങ്ങളും ഉന്നതിയുമെല്ലാം ഇസ്ലാംമതത്തിന്റെ പ്രഭാവംകൊണ്ടു ലബ്ധമായതാണു്. ചക്രവത്തിയും ഖലീഫയും ആകുന്നതിനുമുമ്പു് അദ്ദേഹം ഒരു സാധാരണമനുഷ്യൻ മാത്രമായിരുന്നു.

മതമൈത്രീവിഷയത്തിൽ അശോകനെ മുകിലചക്രവത്തിയായ അക്ബറുമായി താരതമ്യപ്പെടുത്തുവാൻ ചില ചരിത്രകാരന്മാർ ശ്രമിച്ചുനോക്കീട്ടുണ്ടു്. അക്ബരുടെ പരമതസഹിഷ്ണുതയും ഓരോ മതത്തിലേയും തത്വം ഗ്രഹിക്കുന്നതിനുള്ള ഉത്സുകതയും പ്രശംസാർഹമാകുന്നു. മുസ്ലിംസമുദായത്തിലെ സൂഫി, സുന്നി, ഷിയാ മുതലായ ഭിന്നവിഭാഗങ്ങളിലെ പണ്ഡിതന്മാരുമായും ഹൈന്ദവജൈനബൌദ്ധ ക്രൈസ്തവ പാരസീകമതങ്ങളിലെ പണ്ഡിതന്മാരുമായും മതതത്വങ്ങളെ പരാമർശിച്ചു വാദപ്രതിവാദം നടത്തുന്നതിലും മഹാനായ ആ ചക്രവത്തി സ്വീകരിച്ച അനുരഞ്ജനനയം എത്രയും ആദരണീയമാകുന്നു. മതസൌഹാർദ്ദത്തെ ഉദ്ദേശിച്ചു് അദ്ദേഹത്താൽ സ്ഥാപിതമായ ദൈവികവിശ്വാസസഭ ഈ ആദർശത്തെ പുലത്തുവാൻ പരിശ്രമിച്ചുവെങ്കിലും ചക്രവത്തിയുടെ കൊട്ടാരത്തിനു ചുറ്റുമുള്ള ഒരു ഇടുങ്ങിയ വൃത്തത്തിൽ മാത്രമേ അതിന്റെ പ്രവത്തനം സഫലപ്പെട്ടുള്ളു എന്നതു പരിതാപകരമാകുന്നു. എന്നാൽ മനുഷ്യലോകത്തിന്റെ ഭൌതികവും ആത്മീയവുമായ നന്മക്കുവേണ്ടി അശോകൻ ചെയ്തിട്ടുള്ള സ്തുത്യർഹമായ സേവനമാണു് അദ്ദേഹത്തെ വിശ്വവ്യാപകവും ശാശ്വതവുമായ സൽകീത്തിക്കു് അർഹനാക്കിത്തീർത്തതു് എന്ന പരമാർത്ഥം ഈ താരതമ്യപഠനത്തിൽ പ്രത്യേകിച്ചും ശ്രദ്ധേയമാകുന്നു.

ചില പാശ്ചാത്യചരിത്രകാരന്മാരുടെ ദൃഷ്ടിയിൽ വിശ്വവിജയിയായ അലക്സാണ്ടരും വിശ്രുതനായ സീസരും അത്ഭുതപരാക്രമിയായ നെപ്പോളിയനും ലോകത്തിൽ എണ്ണപ്പെട്ട ചക്രവൎത്തിമാരാണ്. യുദ്ധതന്ത്രത്തിൽ അവർ അശോകനെ അതിശയിച്ചെന്നുവരാം. പക്ഷെ രണനിപുണതകൊണ്ടല്ല ഒരാൾ മഹാനായിത്തിരുന്നതു്; അവന്റെ ജീവിതംകൊണ്ടു് ലോകത്തിന്നു വല്ല വിശേഷനന്മയും ഉണ്ടായോ എന്നതാണ് ഇവിടെ കൂടുതൽ ചിന്തനീയമായിട്ടുള്ളതു്. ഈ വിശ്വചക്രവൎത്തിമാരുടെ ചരിത്രത്തെ പരിശോധിച്ചാലറിയാം, ലോകനന്മ അവരുടെ ആദൎശമായിരുന്നില്ല എന്നു്. എന്നാൽ സമസ്തലോകത്തിന്റെയും ഭൌതികവും ആത്മീയവുമായ ശാശ്വതക്ഷേമത്തെ മുൻനിറുത്തിയുംകൊണ്ടാണ് അശോകൻ രാജ്യഭാരം ചെയ്തതും ധൎമ്മപ്രചരണമഹോത്സവം കൊണ്ടാടിയതും. ലോകചരിത്രത്തിൽ അനേകംഭാഗങ്ങളെ കരസ്ഥമാക്കീട്ടുള്ള ആയിരമായിരം ചക്രവൎത്തിമാരുടെയും രാജാക്കന്മാരുടെയും മദ്ധ്യത്തിൽ ആൎക്കുമാൎക്കും അപ്രാപ്യമായ ഒരു സമുന്നതസ്ഥാനത്തിൽ അശോകൻ മാത്രം അതുലമായ ഒരു അത്ഭുതതാരമായി പ്രകാശിച്ചുകൊണ്ടിരിക്കുന്നു. അത്രയും പവിത്രചരിതനായ സമ്രാട്ട് അശോകന്റെ ആ തിരുനാമം ആചന്ദ്രാൎക്കം വിജയിക്കുമാറാകട്ടെ! സ്വസ്തി.

# ചില രസികൻ ഗ്രന്ഥങ്ങൾ

| | | | |
|---|---|---|---|
| മായാമോഹിനി—എം. ആർ. നാരായണപ്പിള്ള | 2 | 12 | 0 |
| സൌദാമിനി— ടി ടി ടി | 1 | 0 | 0 |
| ആനറാഞ്ചൻ—എം. കുഞ്ഞിരാമപിഷാരോടി | 3 | 0 | 0 |
| ദേവയാനി—പി. അപ്പുക്കുട്ടമേനോൻ ബി. എ; ബി. ഒ. എൽ. എൽ. ടി. | 1 | 4 | 0 |
| കഥാമാധുരി—പി. വി. രാമവാരിയർ | 0 | 10 | 0 |
| സപ്തസാഗരം—ടി ടി ടി | 1 | 4 | 0 |
| ഇന്ത്യാഭരണം—പി. എം. കുട്ടൻകുട്ടിനായർ | 1 | 4 | 0 |
| തപ്തമേഖല—സ്വാമിബ്രഹ്മവ്രതൻ | 0 | 12 | 0 |
| തൊപ്പിയിലെ നിധി—കെ. എ. ദാമോദരമേനോൻ ബി എ; ബി. എൽ, ഡി. ടി | 1 | 8 | 0 |
| കമലം—ഡോക്ടർ വി. ഐ മന്നാടിയാർ | 3 | 0 | 0 |
| പത്മാവതി—വി. ടി. ശങ്കുണ്ണിമേനോൻ | 3 | 0 | 0 |
| മുല്ലമാല—കെ. കൃഷ്ണവാരിയർ | 1 | 8 | 0 |
| മേഘമാല—എസ്സ്. കെ പൊറ്റെക്കാട്ട് | 1 | 8 | 0 |
| നിശാഗന്ധി—ടി ടി ടി | 1 | 8 | 0 |
| പത്മരാഗം—ടി ടി ടി | 1 | 8 | 0 |
| ജലതരംഗം—ടി ടി ടി | 1 | 8 | 0. |
| സഞ്ചാരിയുടെ ഗീതങ്ങൾ പുതിയപതിപ്പ്—ടി | 1 | 0 | 0 |
| യവനികയ്ക്കുപിന്നിൽ-ടി ടി | 1 | 4 | 0. |

**പി. കെ. ബ്രദേർസ്, കോഴിക്കോട്.**